# BETHANY SABDHAM

No. 100 2014 JANUARY

*Editorial Board*

Fr. Martin Premanand OIC

Fr. James Illithara OIC

Fr. Mathew C. Augustin OIC

*Circulation Manager*

Kurian Kavilayil OIC

*Printed at*

Bethany Offset Printers, Kottayam - 686010

Ph: 0481 - 2571355

e-mail: bethanyktm@gmail.com

*Published by*

Bethany Ashram Generalate

Kottayam 686010

B E T H A N Y S A B D H A M

*For Private Circulation Only*

- എഡിറ്റോറിയൽ
- പൗരോഹിത്യം – മലകയറ്റത്തിന്റെ സങ്കീർത്തനം. മലയിറക്കത്തിന്റേതും.
- ആശംസ
- ആശംസ
- ''യേശുക്രിസ്തു എന്നെ സ്വന്തമാക്കിയിരിക്കുന്നു''
- കവിത പോലൊരു ജീവിതം: ഫാദർ സൈജു കുര്യൻ ഒ.ഐ.സി.
- തീയാകുന്ന മദ്ബഹായിലേക്ക്....
- ''നന്ദിയല്ലാതെന്തുചൊല്ലും ദൈവമേ ഞാൻ....''
- ദൈവത്തിന്റെ സ്വന്തമാകുവാൻ......
- യേശുവിന്റെ ശുശ്രൂഷാപൗരോഹിത്യത്തിലേക്ക്....
- Alone with the ALONE
- നിർമ്മല സ്തോത്രയാഗമായിത്തീരാൻ.........
- വർഗ്ഗീസ് മനോജ് ഒ.ഐ.സി. അച്ചൻ
- എല്ലാം നന്മയ്ക്കായി....
- പൗരോഹിത്യം ദൈവദാനം
- ദൈവകൃപയാൽ....
- നിറമനസ്സോടെ ബലിവേദിയിൽ
- എല്ലാ നന്മയ്ക്കായി പരിണമിപ്പിക്കുന്നു....
- 'Metanioa'; A Bethanian Need of the Time
- പ്രണയമാധുര്യം
- ഇതാ ഞാൻ; എന്നെ അയച്ചാലും
- സ്നേഹസമ്പന്നനായ അരുൺ അച്ചൻ
- പുതുജീവിതപാതയിലേക്ക്
- ക്രിസ്തുവിന്റെ പുരോഹിതൻ
- അപരിചിതം
- പുതിയ നിയമനം
- ഒരില



# എഡിറ്റോറിയൽ

കൗമാരപ്രായത്തിൽ ആശ്രമപ്രവേശം നടത്തി ദീർഘവർഷത്തെ പരിശീലനം കഴിഞ്ഞ് വേണ്ട പര്യാലോചനകൾക്കും പ്രാർത്ഥനാപൂർവ്വമായ വിചിന്തനത്തിനുശേഷം നമ്മുടെ 5 യുവസന്ന്യാസികൾ വൈദിക പദവിയിലേക്ക് ഉയർത്തപ്പെടുമ്പോൾ സഭ വളരെ സന്തോഷിക്കുന്നു. ബഥനി സന്ന്യാസി സമൂഹം ഈ സഹോദരരുടെ ദൈവനിയോഗത്തിൽ അനല്പമായ ആഹ്ലാദത്തിലാണ്. അഞ്ചു സഹോദരങ്ങൾക്കും ബഥാന്യരുടെ എല്ലാ നന്മകളും ആശംസകളും ബഥനിശബ്ദം സ്നേഹപൂർവ്വം നേരുന്നു.

യൗവ്വനം ചാപല്യങ്ങളുടെയും ചാഞ്ചല്യത്തിന്റെയും സമയമാണ്. ലോകത്തിന്റെ പ്രലോഭനങ്ങൾക്കുമുമ്പിൽ പലരും ഇടറി വീഴുന്ന കാലമാണത്. എന്നാൽ, തങ്ങളുടെ യൗവ്വനത്തിന്റെ തീഷ്ണവികാരങ്ങളെ ദൈവത്തിനു കാഴ്ചയായി സമർപ്പിക്കാൻ ഈ അഞ്ചു യുവാക്കൾ സന്നദ്ധരായി. സ്വമനസ്സാലെ, സസന്തോഷം ദൈവത്തിനു തങ്ങൾ നൽകിയ സമർപ്പണം സത്യസന്ധമായിരുന്നു എന്ന് ജീവിതം കൊണ്ട് തെളിയിക്കാനുള്ള വെല്ലുവിളിയാണ് നിങ്ങളുടെ മുമ്പിലുള്ളത്. വാസ്തവത്തിൽ, ഇനിയാണ് ശരിയ്ക്കുള്ള പരീക്ഷണം. നിയതമായ ചട്ടക്കൂട്ടുകളുടെയും ദിചര്യകളുടെയും നിരീക്ഷണങ്ങളുടെയും വേലിക്കുള്ളിൽ നിന്നു പുറത്തു കടക്കുമ്പൊഴാണല്ലൊ ഒരു വ്യക്തിയുടെ മാറ്റ് മനസ്സിലാക്കാൻ കഴിയുക.

ലോകം എപ്പോഴും മാതൃകകൾ തേടുന്നു. സുകൃതങ്ങളുടെ അഭ്യസനത്തിനും മാനുഷികഗുണങ്ങളുടെ പരിപാലനത്തിനും ആത്മീയവും ഭൗതികവുമായ പ്രശ്നപരിഹാരത്തിനുമൊക്കെ, മാർഗദർശികളായി ലോകം ഉറ്റുനോക്കുന്നത് മുഖ്യമായി അഭിഷിക്തരെയാണ്; വിശേഷിച്ച് സന്യാസികളെ. പൂജയർപ്പിക്കുന്ന പുരോഹിതനു മേലെ ആയിരുന്നു ഭാരതത്തിൽ സന്യാസിയുടെ സ്ഥാനം എന്നോർക്കുക. പുരോഹിതനും സന്യാസിയുമായ ഒരുവന്റെ ഉത്തരവാദിത്തങ്ങൾ അതിനാൽ തന്നെ വളരെ വലുതാണ്.

ക്രിസ്തുവിന്റെ ശുശ്രൂഷാപൗരോഹിത്യത്തിൽ പങ്കുചേർന്ന്, ക്രിസ്തുവിന്റെ സഭയിലും ക്രിസ്തുവിന്റെ സഭയ്ക്കുവേണ്ടിയും പ്രവർത്തിച്ച്, ഓരോ വ്യക്തിയിലും ക്രിസ്തുവിനെ ജനിപ്പിക്കേണ്ട ആളാണ് പുരോഹിതൻ. ക്രിസ്തുവിന്റെ മുഖമില്ലാത്ത വൈദികന്റെ ശുശ്രൂഷകൾ ഫലദായകമാവുകയില്ല.

പഴയനിയമത്തിലെ പുരോഹിത സങ്കല്പങ്ങൾ പൊളിച്ചെഴുതിയവനാണ് യേശു. അവന്റെ പൗരോഹിത്യം അടയാളപ്പെടുത്തിയിരുന്നത് ദൈവത്തോടും മനുഷ്യരോടുമുള്ള പൂർണ്ണമായ തന്മയീഭാവത്തിലും, (Solidarity with God and man) സ്വയത്യാഗത്തിലും, ദൈവികകാര്യങ്ങളിൽ കരുണയുള്ളവനും വിശ്വസ്തനുമായി (ഹെബ്ര. 2:17) ജീവിച്ചുമാണ്. എല്ലാ അർത്ഥത്തിലും യേശുവിന്റെ പുരോഹിതരാകുവാൻ കൊച്ചച്ചന്മാർക്കു കഴിയട്ടെ.

നവവൈദികരിലൂടെ യേശുവിന്റെ സ്നേഹവും കരുണയും അനേകർ അനുഭവിക്കുവാൻ ഇടയാകട്ടെ. അവരുടെ പൗരോഹിത്യ നൽവരത്തിന്റെ ശുശ്രൂഷയിലൂടെ ഈ ലോകത്തെ കൂടുതൽ പ്രഭാപൂരിതമാക്കാൻ ദൈവം അവരെ സഹായിക്കാൻ നമുക്ക് ആത്മാർത്ഥമായി പ്രാർത്ഥിക്കാം.

ഒരിക്കൽ കൂടി നവവൈദികർക്ക് പ്രാർത്ഥനാമംഗളങ്ങൾ!

●◆●

# പൗരോഹിത്യം
## മലകയറ്റത്തിന്റെ സങ്കീർത്തനം. മലയിറക്കത്തിന്റേതും........

**ഫാ. ജോസ് മരിയദാസ് ഒ.ഐ.സി**
**സുപ്പീരിയർ ജനറൽ**

"പിന്നെ അവൻ മലമുകളിലേക്ക് പോവുകയും തനിക്ക് ഇഷ്ടപ്പെട്ടവരെ അടുത്തേക്ക് വിളിക്കയും ചെയ്തു. അവർ അവന്റെ സമീപത്തേക്ക് ചെന്നു" (മർക്കോ. 3:13).

"ആറു ദിവസം കഴിഞ്ഞ് പത്രോസ്, യാക്കോബ്, യോഹന്നാൻ എന്നിവരെ മാത്രം കൂട്ടിക്കൊണ്ട് യേശു ഒരു ഉയർന്ന മലയിലേക്ക് പോയി. അവൻ അവരുടെ മുമ്പിൽ വച്ച് രൂപാന്തരപ്പെട്ടു" (മർക്കോ. 9:2).

"ഒരു സ്തോത്രഗീതമാലപിച്ചതിനുശേഷം അവർ ഒലിവുമലയിലേക്ക് പോയി" (മർക്കോ. 14:26)

"തലയോടിന്റെ സ്ഥലം എന്നർത്ഥമുള്ള ഗോഗുൽത്താമലയിൽ അവർ അവനെ കൊണ്ടുവന്നു" (മർക്കോ. 15:22).

വി. മർക്കോസിന്റെ സുവിശേഷം സവിശേഷമായ രീതിയിൽ അവതരിപ്പിക്കുന്ന ഒരു കാര്യം, യേശു ശിഷ്യന്മാർക്ക് നല്കുന്ന മഹാപ്രബോധനങ്ങളെല്ലാം അവരെ ഒരു മലയിലേക്ക് കൂട്ടിക്കൊണ്ടുപോയ ശേഷമാണ് എന്ന വസ്തുതയാണ്. നാല് ശീർഷകങ്ങളിലായി മുകളിൽ ഉദ്ധരിച്ചിരിക്കുന്ന സുവിശേഷഭാഗങ്ങളെ സമാഹരിക്കാം— വിളി, വെളിപാട്, ബലി, ബലിയാട്. മർക്കോസിന്റെ സുവിശേഷം പങ്കുവയ്ക്കുന്ന പൗരോഹിത്യ സങ്കല്പത്തിന്റെ നാല് തൂണുകൾ കണക്ക് ഈ നാല് ശീർഷകങ്ങൾ നിലകൊള്ളുന്നു.

**വിളി (മർക്കോ. 3:13)**

ഇതിൽ ഒന്നാമത്തേത് വിളിയുടെ പശ്ചാത്തലമാണ്. ക്രിസ്തുശിഷ്യത്വത്തിലേക്ക്, പൗരോഹിത്യത്തിലേക്ക് ഉള്ള വിളി ഉന്നതങ്ങളിലേക്കുള്ള ആരോഹണമാണ്. വിളിയുടെ ശ്രേഷ്ഠത ഇവിടെ വെളിപ്പെടുന്നു. എന്നാൽ ആ ശ്രേഷ്ഠത സാധാരണ സാമൂഹികക്രമത്തിന് അനുസരിച്ചുള്ളതല്ല. ആത്മീയമായ ഉദാത്തതയിലേക്കുള്ള ഒരു മലകയറ്റം, ആരോഹണം മാത്രമാണത്. ആനുകൂല്യങ്ങളുടെ ഔന്നത്യത്തിലേക്കോ, അധികാരത്തിന്റെ ഉത്തുംഗതയിലേക്കോ ഉള്ള കയറിപ്പോകലല്ല അത്. പുരോഹിതർ തങ്ങളുടെ മലകയറ്റത്തെ ഇപ്രകാരം തെറ്റിദ്ധരിക്കാനിടയായപ്പോഴാണ് സഭ ഫ്യൂഡൽ സംസ്ക്കാരത്തിന്റെയും, ജന്മിത്വവ്യവസ്ഥിതിയുടെയും മേലാടകൾ അണിയുവാൻ ഇടയായത്. ഇത് ആത്മീയതയുടെ ഉന്നതങ്ങളിലേക്കുള്ള "പൊൻമലകയറ്റമായി" കാണാൻ കഴിയാതെ പോയതിന്റെ പരാജയം ആണ്. മലമുകളിലേക്ക് വിളിക്കപ്പെട്ട ആ ശിഷ്യന്മാരൊക്കെ പിന്നീട് താഴ്‌വരകളിലേക്ക്, താണനിലങ്ങളിലേക്ക് അയക്കപ്പെടുകയാണ്. വിളിക്കപ്പെടുന്നത് അയക്കപ്പെടാനാണ്. മലമുകളിലെ സുരക്ഷിതത്വത്തിൽ അഭിരമിക്കാനല്ല.

**വെളിപാട് (മർക്കോ. 9:2)**

വിളിക്കപ്പെടുന്നവർക്ക്, വെളിപ്പെടുത്തലുകൾ ദാനമായി ലഭിക്കും. അതാണ് താബോർ മലയിൽ സംഭവിക്കുന്നത്. താബോർ മലയുടെ ഉന്നതങ്ങളിൽ വച്ച് യേശു തന്റെ മഹത്വം ശിഷ്യന്മാർക്ക് വെളിപ്പെടുത്തുന്നു. ക്രിസ്തുശിഷ്യന്മാർക്ക്, പുരോഹിതർക്ക് ലഭിക്കുന്ന ഒരു ഭാഗ്യം ഇതാണ്. ആത്മീയരഹസ്യങ്ങൾ, ഉന്നതങ്ങളിലുള്ളവയുടെ വെളിപാട് ലഭിക്കുന്നവരാണവർ. എന്നാൽ അതിന്റെ ആനുകൂല്യം അനുഭവിച്ച്, സിദ്ധന്മാരായി വാഴുന്നതിന് ഉള്ള പ്രലോഭനവും സഹജമാണ്. അതുകൊണ്ട് അവിടെ കൂടാരം അടിച്ച് രാപ്പാർത്തുകളയാം എന്ന് പത്രോസ് വ്യാമോഹിച്ചു പോകുന്നു. എന്നാൽ യേശു വീണ്ടും താണയിടങ്ങളിലേക്ക്, മലയിൽ നിന്ന് ശിഷ്യന്മാരെ ഇറക്കിക്കൊണ്ടുവരികയും, മല

യിൽ വച്ച് ലഭിച്ച വെളിപാടിന്റെ കഥ ഉയിർപ്പുദിവസം വരെ പ്രസിദ്ധപ്പെടുത്താതെയിരിക്കാൻ നിർദ്ദേശിക്കുകയും ചെയ്യുന്നു. ഇന്നിന്റെ പുരോഹിതനും ഉള്ള അനുശാസനം തന്നെയാണത്. ദാനമായി ലഭിക്കുന്ന വരങ്ങളുടേയും, വെളിപാടുകളുടെയും ഔന്നത്യത്തിൽ ഭ്രമിച്ച് സിദ്ധന്മാരാകാനും, ആത്മീയതയുടെ കുത്തക അവകാശപ്പെട്ടുകൊണ്ട് താണനിലങ്ങളിലെ അതിസാധാരണ ജനജീവിതത്തിന്റെ താഴ്വാരങ്ങളിൽ നിന്ന് അകന്ന് ഉന്നതങ്ങളിൽ കൂടാരമടിച്ച് വ്യാപരിക്കുവാനുള്ള പ്രലോഭനങ്ങളെ ചെറുത്ത് തോൽപ്പിക്കണം.

**ബലി (മർക്കോ. 14:26)**

അന്ത്യത്താഴവേളയിലെ വി. ബലിയുടെ-കുർബ്ബാനയുടെ സ്ഥാപനത്തിനുശേഷം യേശു ശിഷ്യന്മാരെ കൂട്ടിക്കൊണ്ട് പോവുന്നത് ഒലിവുമലയിലേക്കാണ്. ഇവിടെയാണ് ഗത്സമേനിയുടെ ഭൂമിക. അവിടെ വച്ച് മനുഷ്യപുത്രൻ പീഡാസഹനത്തിനും ക്രൂശുമരണത്തിനുമായി സ്വയം ഏല്പിച്ച് കൊടുക്കുന്നു. ബലിയർപ്പകൻ എന്ന നിലയിൽ ക്രിസ്തുശിഷ്യൻ-പുരോഹിതൻ എത്തിച്ചേരുന്ന മലമുകളാണിത്. മൂന്നാമത്തെ മലകയറ്റം ക്രിസ്തുശിഷ്യന്റെ ബലിയർപ്പകൻ എന്ന സ്വത്വത്തിലേക്കുള്ള ആരോഹണം ആണ്. പ്രിയശിഷ്യരുടെ ഒറ്റുകൊടുക്കൽ, തള്ളിപ്പറയൽ, പീഡാസഹനം ഇവയുടെ തമോഗർത്തങ്ങളിലേക്കുള്ള മലയിറക്കം ആരംഭിക്കുന്നത് ഇവിടെ നിന്നാണ്. ക്രിസ്തുശിഷ്യന്റെ പൗരോഹിത്യം കാർമ്മികപ്രധാന്യമുള്ള (cultic priesthood) മറ്റ് പൗരോഹിത്യ സങ്കല്പങ്ങളിൽ നിന്ന് ഇവിടെ വ്യത്യസ്ഥമായ ഒരു സ്വത്വബോധത്തിലേക്ക് വളരുന്നു. ഇന്നിന്റെ പുരോഹിതൻ പലപ്പോഴും ചഞ്ചലചിത്തനായിപ്പോവുന്നത് ഇവിടെയാണ്. സേവനത്തിന്റെ, ശുശ്രൂഷയുടെ, എളിമയുടെ ഈ സ്വത്വബോധം ആർജ്ജിക്കുവാൻ ഭയപ്പെട്ടു പോകുന്ന ഇയാൾ നിലനില്പിനായി, യേശു തന്നെ പുച്ഛിച്ചു തള്ളിയ പുഴുക്കുത്തു വീണ കാർമ്മികന്റെ, അനുഷ്ഠാനബന്ധിതമായ പൗരോഹിത്യത്തിന്റെ സ്ഥാനമാനങ്ങളുടെ മുദ്രകളും അധികാരത്തിന്റെ മേലാടകളും അണിഞ്ഞ്, ഉള്ളുപൊള്ളയായ ഒരു പൗരോഹിത്യത്തിന്റെ വേഷമണിഞ്ഞ് ആട്ടം തുട

ങ്ങുന്നു. എന്നാൽ യേശു ഇന്നിന്റെ പുരോഹിതരെ ക്ഷണിക്കുന്നത് തന്റെ പ്രതിപുരുഷന്മാരാകുവാനാണ്. സീയോൻ മാളികയിലെ അന്ത്യത്താഴത്തിനുശേഷം യേശു, ശിഷ്യന്മാരെ ഒലിവുമലയിലേക്കും, തുടർന്ന് ഗത്സമേനിയിലേക്കും കൂട്ടിക്കൊണ്ടുപോയതുപോലെ, ഇന്നിന്റെ പുരോഹിതന്മാരും തങ്ങളുടെ ബലിയർപ്പണവേദികളിൽ നിന്ന്, എളിമയുടെ ഒലിവുമലകൾ താണ്ടുവാനും, ദൈവഹിതത്തെ ആത്മനാവരിക്കുന്ന ഗത്സമേനികളിൽ മുട്ടിന്മേൽ വീഴുവാനും സ്വയം സമർപ്പിക്കുവാനും നിയോഗിതരാകുന്നു.

**ബലിയാട് (മർക്കോ. 15/22)**

മർക്കോസിന്റെ സുവിശേഷത്തിലെ നാലാമത്തെ യേശുവിന്റെ മലകയറ്റം ശ്രദ്ധേയമാവുന്നത് ഒരു പക്ഷെ യേശു ശിഷ്യന്മാരെ കൂടാതെ യാണ് മലമുകളിൽ എത്തുന്നത് എന്നതുകൊണ്ടാവാം. ഇപ്പോൾ യേശു ഏകനാണ്. പ്രസംഗം ശ്രദ്ധിക്കാനെത്തുന്ന ആൾക്കൂട്ടത്തിന്റെ ആരവം ഇല്ല; സൗഖ്യം പ്രാപിച്ചവരുടെ സ്തുതിഗീതങ്ങളില്ല; ആനുകൂല്യം പ്രതീ ക്ഷിച്ചവരുടെ വന്ദിഗീതങ്ങളില്ല; അധികാരം പങ്കുപറ്റാനാഗ്രഹിച്ചവരുടെ ഓശാന ഗീതങ്ങളില്ല.

എല്ലാം ഒന്നിലേക്ക് ചുരുങ്ങുന്നു, കുരിശിന്റെ ഏകാന്തതയിലേക്ക്. യേശു എന്നു പറയുന്ന നിത്യപുരോഹിതന്റെ ബലിപീഠവും, ധ്യാന പീഠവും കുരിശിന്റെ ഏകാന്തതയാണ്. മനുഷ്യപുത്രൻ തലചായ്ച്ച കുരിശ്. അവന്റെ മുൾക്കിടക്ക, പങ്കുവയ്ക്കുവാൻ ഇടം ബാക്കിയില്ലാ ത്തവിധം വീതി കുറഞ്ഞതാണ്; സ്വർഗ്ഗത്തിലേക്കുള്ള വഴിപോലെ വീതി കുറഞ്ഞത്.

പൗരോഹിത്യം ചിലപ്പോൾ അങ്ങനെയാണ്. ഒറ്റപ്പെടലിന്റേയും, ഏകാന്തതയുടെയും ധ്യാനപീഠം കണക്ക്...ഇവിടെ ബലിയർപ്പകനൊപ്പം നില്ക്കുന്നത് ബലിവസ്തുവാകേണ്ട അവന്റെ ജീവനും, ജീവിതവും മാത്രമാണ്. മൂന്ന് പ്രാവശ്യം മലമുകളിലേക്ക് യേശു ശിഷ്യരെ കൂട്ടി ക്കൊണ്ടുപോയി എങ്കിലും ഈയവസരത്തിൽ അവനോടൊപ്പം മല കയറുവാൻ ആരും ഉണ്ടായില്ല. എല്ലാവരും അവനെ ഉപേക്ഷിച്ച് പോകുന്നു. എന്നാൽ ഈ ഒറ്റപ്പെടൽ അവന്റെ ജീവിതനിയോഗത്തെ തളർത്തുന്നില്ല.

സ്വയം ബലിയർപ്പിച്ചുകൊണ്ട് ജീവിതം മുഴുവൻ കാത്തുസൂക്ഷിച്ചു പിൻ ചെന്ന പിതാവിന്റെ ഹിതം പൂർത്തിയാക്കിക്കൊണ്ടവൻ പൗരോഹിത്യ ഗാഥയുടെ മംഗളപദം ചൊല്ലിയവസാനിപ്പിക്കുന്നു. "എല്ലാം പൂർത്തി യായി" (ലൂക്കാ 19:36).

പ്രിയപ്പെട്ട നവാഭിഷിക്തരെ, നിങ്ങളെ വിളിച്ചവൻ ഇത്രയും നാൾ നിങ്ങളെ കൂട്ടിക്കൊണ്ട് യാത്രചെയ്തു. ഉന്നതങ്ങളിലുള്ളവയെ കാണിച്ചും, വെളിപ്പെടുത്തിയും, ബലിയാകാനുള്ള നിയോഗമേല്പിച്ചും പൗരോഹിത്യപദവിയുടെ ഔന്നത്യത്തിലേക്ക് അവിടുന്ന് നിങ്ങളെ ക്ഷണിച്ചു.

ഉന്നതങ്ങളുടെ മഹത്വത്തിൽ വിഹരിക്കുവാനോ, മഹത്വമാസ്വദിച്ച് കൂടാരമടിച്ച് പാർക്കുവാനോ അല്ല. അയക്കപ്പെടുവാനും, എളിമപ്പെടു വാനും, ബലിയാകുവാനും. ഈ തിരിച്ചറിവ് നിങ്ങളുടെ ബോധതലങ്ങ ളിൽ എന്നും ജ്വലിച്ചുനിൽക്കട്ടെ എന്നാശംസിക്കുന്നു.

മുണ്ടൻമലയുടെ ഔന്നത്യങ്ങളെ വിട്ടിറങ്ങിപ്പോരുവാൻ തക്കവണ്ണം എളിമപ്പെട്ട ഒരു സന്ന്യാസിയാൽ-ദൈവദാസൻ മാർ ഈവാനിയോസ് പിതാവിനാൽ - സ്ഥാപിക്കപ്പെട്ട ബഥനിയിലെ വൈദികഗണത്തിലേക്ക് ഹൃദ്യമായ സ്വാഗതം...

ചരിത്രത്തിന്റെ ഈ പ്രത്യേക മുഹൂർത്തത്തിൽ ഫ്രാൻസിസ് പാപ്പായും നിങ്ങളെ ആഹ്വാനം ചെയ്യുന്നു, "താണ ഇടങ്ങളിലേക്ക് ഇറങ്ങി ച്ചെല്ലുന്ന യേശുവിന്റെ പൗരോഹിത്യത്തിന്റെ ആധികാരികതയും, വിശുദ്ധിയും" ആർജ്ജിക്കുവാൻ. ഇതിനുവേണ്ട ആത്മബലം നിങ്ങൾക്ക് ദൈവം ദാനമായി നൽകട്ടെ.

നിങ്ങളെ ഇതിനായി ഒരുക്കിയ എല്ലാ സുമനസ്സുകളുടെയും, പ്രത്യേകിച്ച് നിങ്ങളുടെ വത്സല മാതാപിതാക്കളുടെയും മുൻപിൽ ബഥനി അഞ്ജലീബദ്ധയായി ശിരസ്സ് നമിക്കുന്നു......പ്രണാമം.

●◆●

# ആശംസ

***വെരി. റവ. ഫാ. ജോസ് കുരുവിള ഒ.ഐ.സി.***

എന്നാൽ, തങ്ങൾ വിശ്വസിച്ചിട്ടില്ലാത്ത ഒരുവനെ അവർ എങ്ങനെ വിളിച്ചപേക്ഷിക്കും? ഒരിക്കലും കേട്ടിട്ടില്ലാത്തവനിൽ എങ്ങനെ വിശ്വസിക്കും? പ്രസംഗകനില്ലാതെ എങ്ങനെ കേൾക്കും? (റോമർ 10:14-15)

ഇതാ ഞങ്ങൾ, ഞങ്ങളെ അയച്ചാലും. വിശ്വസിച്ചിട്ടില്ലാത്തവരോട് വിശ്വാസം പ്രസംഗിക്കുവാൻ, ഒരിക്കലും കേട്ടിട്ടില്ലാത്തവരോട് പ്രസംഗിക്കാൻ ഞങ്ങളെ അയച്ചാലും.

കഴിഞ്ഞ പതിനാല് വർഷമായി വിശ്വാസം പ്രസംഗിക്കുന്നതിനു നിങ്ങൾ പ്രാപ്തരാണെന്ന് തെളിയിച്ച് വൈദിക പട്ടാഭിഷേകത്തിനായി തയ്യാറായി നിൽക്കുമ്പോൾ ബഥനി നിങ്ങളിൽ അഭിമാനം കൊള്ളുന്നു. നിങ്ങൾ അയയ്ക്കപ്പെടുവാൻ യോഗ്യരാണെന്ന് ബഥനി ഇപ്പോൾ പരസ്യമായി പ്രഖ്യാപിക്കുന്ന നിമിഷമാണിത്. നിങ്ങൾ ഇതിനായി ഒരുങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. നിങ്ങളുടെ മാതാപിതാക്കൾ ഇതിനായി നിങ്ങൾക്കുവേണ്ടി പ്രാർത്ഥിക്കുകയായിരുന്നു. നിങ്ങളുടെ ഈ ഒരുക്കത്തിൽ ബഥനിയിലെ ഓരോ അംഗവും അവരുടേതായ പങ്കുവഹിച്ചിട്ടുണ്ടെന്നുള്ളതും പ്രത്യേകം സ്മരിക്കപ്പെടേണ്ടതാണ്. "ലോകമെങ്ങും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രസംഗിപ്പാൻ (മർക്കോ. 16:15) അഭിഷിക്തരാകുന്ന നിങ്ങൾ സുവിശേഷം എല്ലാവരെയും അറിയിക്കുന്നതിൽ സന്തോഷം കണ്ടെത്തുന്നവരായിരിക്കുവിൻ പരിശുദ്ധാത്മശക്തിയാൽ ജീവനുള്ളതും ജീവിപ്പിക്കുന്നതുമാക്കി തീർത്ത സ്വശരീരം വഴി ക്രിസ്തു മനുഷ്യർക്കു നിത്യജീവൻ നൽകിയതുപോലെ, നിങ്ങൾക്കു ലഭിച്ച പരിശുദ്ധാത്മ അഭിഷേകം വഴി നിങ്ങളുടെ ശരീരങ്ങളെയും മനുഷ്യർക്ക് നിത്യജീവൻ നൽകുന്നതിൽ ക്രിസ്തുവിൽ പങ്കുചേർക്കണം. നിങ്ങൾക്ക് അഭിനന്ദനങ്ങൾ.

പ്രിയപ്പെട്ട കൊച്ചച്ചൻമാരെ, നിങ്ങൾക്ക് എല്ലാ വിജയങ്ങളും നിങ്ങളുടെ കർമ്മപഥത്തിൽ ഞങ്ങൾ നേരുന്നു. സുവിശേഷം പ്രസംഗിക്കുന്ന സുന്ദരമായ നിങ്ങളുടെ പാദങ്ങളുടെ സൗന്ദര്യം നഷ്ടപ്പെടാതിരിക്കുവാൻ ഞങ്ങൾ നിരന്തരം പ്രാർത്ഥിക്കുന്നതാണ്. നിങ്ങൾ അൾത്താരയിൽ ബലി അർപ്പിക്കുമ്പോൾ അപ്പത്തിൽ അവന്റെ ശക്തി നിവേശിപ്പിക്കപ്പെടുകയും വീഞ്ഞ് രൂപാന്തരം പ്രാപിച്ച് അവന്റെ രക്തമായി പരിണമിക്കുകയും ചെയ്യുന്ന ആ സമയത്ത് നിങ്ങളുടെ ജീവൻ അവനിൽ കലർത്തപ്പെടുകയും ചെയ്യുമാറാകണമെ എന്നതാണ് നിങ്ങൾക്കുവേണ്ടിയുള്ള ഞങ്ങളുടെ പ്രാർത്ഥന. ഇത് തന്നെയാണ് ഞങ്ങൾ നിങ്ങൾക്കു നേരുന്ന ആശംസയും.

# ആശംസ

*വെരി റവ.ഫാ. മത്തായി കടവിൽ ഒ.ഐ.സി.*

വി.മാമ്മോദീസായുടെ അവസരത്തിൽ മൂറോൻ അഭിഷേകം സ്വീകരിച്ചുകൊണ്ട് യേശുവിന്റെ ഛായയിലേക്കും സാദൃശത്തിലേക്കും ഉയർത്തപ്പെട്ടവരാണ് ക്രൈസ്തവവിശ്വാസികൾ എല്ലാവരും. വി. കുമ്പ സാരത്തിലൂടെയും വി.കുർബ്ബാനയിലൂടെയും ഈ രൂപാന്തരീകരണ പ്രക്രിയ തുടരുന്നു. ദൈവത്തിന്റെ ഛായയും സാദൃശവും ജീവജാല ങ്ങളിൽ പുന:സൃഷ്ടിക്കുവാനായി തിരഞ്ഞെടുക്കപ്പെട്ടവരാണ് പുരോ ഹിതർ. ഈശ്വരനിയോഗം നിർവ്വഹിക്കുവാൻ ഈശ്വരകൃപ അനി വാര്യമാണ്. ഉത്ഥിതനായ യേശുനാഥൻ 'ഉന്നതങ്ങളിൽ നിന്നു കൃപ ലഭിക്കുവാനായി' പ്രാർത്ഥനയിൽ ചിലവഴിക്കുവാൻ അപ്പസ്തോല രോടാവശ്യപ്പെട്ടു. സ്വർഗ്ഗാരോഹണത്തെ തുടർന്ന് പ്രാർത്ഥനയിലേയ്ക്ക് പ്രവേശിച്ചവർ പരിശുദ്ധാത്മാഭിഷേകത്തെ തുടർന്നാണ് കർമ്മ മണ്ഡല ത്തിലേക്കിറങ്ങിയത്. പരിശുദ്ധാത്മനിറവിൽ പ്രതിസന്ധികളെ അതി ജീവിച്ച് തിരുനാമമഹത്വത്തിനു വേണ്ടിയുള്ള ശുശ്രൂഷകളിൽ വ്യാപൃത രാവാൻ അപ്പസ്തോലർക്ക് കഴിഞ്ഞു. ഈ ശുശ്രൂഷയിലേയ്ക്കാണ് പുരോഹിതർ വിളിക്കപ്പെട്ടിരിക്കുന്നത്. പൗരോഹിത്യശുശ്രൂഷയിലേക്ക് നിയോഗിക്കപ്പെടുന്ന ഓരോരുത്തരെയും തിരുപ്പട്ടശുശ്രൂഷയിലൂടെ മേൽപ്പട്ടക്കാരൻ പരിശുദ്ധാത്മാവിൽ അഭിഷേചിക്കുകയാണ് ചെയ്യു ന്നത്.

തിരുപ്പട്ടശുശ്രൂഷയുടെ അവസരത്തിൽ പുരോഹിതാർത്ഥിക്ക് ഉപദേശം നൽകുന്ന 'ഓമോലോഗിയാ' യുടെ അവസരത്തിൽ മേല്പ്പട്ട ക്കാരൻ പറയുന്നു: "ദിവ്യരഹസ്യങ്ങളുടെ പരികർമ്മിയും കലവറക്കാ രനും എന്നുള്ള നിലയിൽ നിന്റെ എല്ലാ നടപടികളിലും ജാഗരൂകനും നിഷ്പക്ഷതയുള്ളവനുമായിരിക്കണം. നിനക്കുവേണ്ടിയും ആരുടെ മുമ്പിൽ ശുശ്രൂഷ അനുഷ്ഠിക്കുന്നുവോ ആ ജനത്തിനുവേണ്ടിയും ദൈവ ത്തോടുള്ള പ്രാർത്ഥനകളിലും അപേക്ഷകളിലും നീ ശ്രദ്ധയു ള്ളവനായിരിക്കണം."

സെദ്റായുടെ അവസരത്തിൽ മേല്പ്പട്ടക്കാരൻ പ്രാർത്ഥിക്കുന്നു: "വിശുദ്ധ നിശ്ചയത്താൽ വിളിച്ചിട്ടുള്ള ഈ ദാസനെ, നിന്റെ നന്മ

യാലും കൃപാബാഹുല്യത്താലും സ്വീകരിക്കണമെ. ഇവൻ നിന്റെ ദിവ്യ കൂദാശകളുടെ കാര്യവിചാരകനും പ്രാപ്തിയുള്ള ആചാര്യനും ഉത്തമ ഭരണകർത്താവും ആത്മപരിപാലകനും ആയിത്തീരണമെ. ഇവനെ സദാചാരനിർഭരനായ ആചാര്യനും നിന്റെ ആദ്ധ്യാത്മിക അജഗണ ത്തെ സകല പുണ്യങ്ങളും അഭ്യസിപ്പിക്കുന്ന വിദഗ്ദ്ധോപദേഷ്ടാവും നിങ്കലേക്ക് തിരിയുന്നവർക്ക് അനുതാപത്തിന്റെ വാതിൽ തുറന്നു കൊടുക്കുവാൻ തക്കവണ്ണം സ്വർഗ്ഗരാജ്യത്തിന്റെ താക്കോലുകൾ ഏറ്റു വാങ്ങിയിരിക്കുന്ന ജാഗരൂകനും ഉത്സാഹിയുമായ പുരോഹിതനും ആക്കണമെ. ഇവൻ നിന്റെ ഇഷ്ടപ്രകാരം നിക്ഷേപങ്ങളുടെ നാഥനായ ആചാര്യത്വത്തിന്റെ ദിവ്യരഹസ്യങ്ങൾ അനുഷ്ഠിച്ചും സഫലമാക്കിയും കൊണ്ട് തെറ്റുകാരെ ബന്ധിക്കുകയും മാനസാന്തരപ്പെടുന്നവരെ നിന്റെ ആജ്ഞപ്രകാരം മോചിച്ച് സത്യഅനുതാപത്തിലേക്ക് കൊണ്ടുവരി കയും ചെയ്യുന്ന ആചാര്യനായിത്തീരണമെ.''

മേല്പ്പട്ടക്കാരന്റെ കാപ്പയ്ക്കുള്ളിൽ മുട്ടിന്മേൽ നിർത്തി വി. രഹ സ്യങ്ങളിൽ കൈ ആവസിപ്പിച്ചശേഷം ശിരസ്സിൽ അഭിഷേകം ചെയ്യു ന്നതിനുമുമ്പുള്ള രഹസ്യപ്രാർത്ഥനയുടെ അവസരത്തിൽ മേല്പ്പട്ട ക്കാരൻ പ്രാർത്ഥിക്കുന്നു: ''നിന്റെ മനുഷ്യസ്നേഹം നിമിത്തം ഇവിടെ ആഗതനായി നിന്നാൽ പ്രശോഭിതനാകുവാൻ നോക്കിപ്പാർക്കുന്ന ഈ സഹോദരനെ സ്വീകരിക്കണമെ. ദിവ്യസാരൂപ്യം നല്കുന്ന പരിശുദ്ധ റൂഹായുടെ ദാനം ഇവനിൽ വർഷിക്കണമെ. നല്ലവനായ നിന്റെ ഐക്യ തയിൽ ഒന്നായിത്തീരുവാനും നീ സത്യദൈവ മാണെന്നറിയുവാനും എല്ലാറ്റിൽ നിന്നും ഒഴിഞ്ഞ് നിന്നെ കണ്ടെത്തുവാനും സ്വന്തമാക്കു വാനും ഇവന് അനുഗ്രഹം നൽകണമെ. ബോധപൂർവ്വവും നിർമ്മലത യോടെയും നിന്നെ സേവിക്കുവാനും നിനക്കു പൗരോഹിത്യശുശ്രൂഷ ചെയ്യുവാനും അതുപോലെ ഇവന്റെ മദ്ധ്യസ്ഥതയാൽ അങ്ങ് രമ്യപ്പെട്ട് സൃഷ്ടിയോടു കരുണ കാണിക്കുമെന്ന് പ്രത്യാശിക്കുന്ന അങ്ങേ ജനത്തിനുവേണ്ടി സ്തോത്രങ്ങളും വിനീതാപേക്ഷകളും അർപ്പി ക്കുവാനും ഇവനെ യോഗ്യനാക്കണമേ.''

തുടർന്ന് ദിവ്യരഹസ്യങ്ങളുടെ ആവാസപ്രാർത്ഥന നടത്തുന്ന അവസരത്തിൽ മേല്പ്പട്ടക്കാരൻ പ്രാർത്ഥിക്കുന്നു: ''നിന്റെ വിശുദ്ധ രഹസ്യങ്ങളുടെ ശുശ്രൂഷയ്ക്കായി നിനക്കിഷ്ടമുള്ളവരെ എല്ലാ തലമുറകളിലും നീ തെരഞ്ഞെടുക്കുന്നു. ആചാര്യവൃത്തിക്കായി നിന്റെ

ഈ ദാസനെയും തിരഞ്ഞെടുത്ത് കുറ്റമറ്റതും നിർമ്മലവുമായ നടപടികളോടും അചഞ്ചലമായ വിശ്വാസത്തോടും കൂടി പരിശുദ്ധാത്മാവിന്റെ ശ്രേഷ്ഠദാനം പ്രാപിക്കുവാൻ കൃപ നൽകണമേ. അങ്ങനെ നിന്റെ രാജ്യത്തിന്റെ സുവിശേഷത്തിനുവേണ്ടി ആചാര്യനാക്കപ്പെടുവാനും നിന്റെ വിശുദ്ധ ബലിപീഠത്തിന്റെ മുമ്പാകെ നില്ക്കുവാനും ആത്മീയ വഴിപാടുകളും സമ്പൂർണ്ണബലികളും അർപ്പിക്കുവാനും പുനർജന്മ സ്നാനത്താൽ നിന്റെ ജനത്തെ പുതുക്കുവാനും ഇവൻ യോഗ്യനാകണമെ. നിത്യത്വത്തിൽ നിന്നോട് സമത്വമുള്ള നിന്റെ ഏകജാതന്റെ പ്രഭയിൽ നിന്നുള്ള കൈത്തിരിയാണെന്നു മറ്റുള്ളവർക്കു കാണിച്ചുകൊടുക്കുവാനും വിശുദ്ധസഭയെ അവരുടെ മുമ്പാകെ അവതരിപ്പിച്ച് ശോഭിതയാക്കുവാനും കൈവെപ്പുമൂലം നന്മ പ്രവർത്തിക്കുവാനും ഇവനെ ശക്തിപ്പെടുത്തണമേ.”

ഉപവാസത്തോടും പ്രാർത്ഥനയോടും വ്രതനിഷ്ഠയോടും കൂടി കാർമ്മികരും പുരോഹിതാർത്ഥികളും വിശ്വാസികളും ചേർന്നു നടത്തുന്ന പൗരോഹിത്യശുശ്രൂഷയിലൂടെ പരിശുദ്ധാത്മനിറവിലേക്ക് ആനയിക്കപ്പെട്ട പുരോഹിതൻ തുടർന്ന് അർപ്പിക്കുന്ന ഓരോ വി.കുർബ്ബാനയിലൂടെയും ആത്മാവിനാൽ അഭിഷേചിക്കപ്പെടുന്നുണ്ട്. ഓരോ വി.കുർബ്ബാനയിലും അപ്പവും വീഞ്ഞും യേശുവിന്റെ ശരീരവും രക്തവുമായി രൂപാന്തരപ്പെടുന്നത് പരിശുദ്ധാത്മാവിന്റെ ആവസിപ്പോടെയാണ്. ഈയവസരത്തിൽ പുരോഹിതർ നടത്തുന്ന രഹസ്യ പ്രാർത്ഥന ശ്രദ്ധേയമാണ്. “കർത്താവേ എന്നോടു കരുണ തോന്നണമെ. സഭയിലെ സകല രഹസ്യങ്ങളെയും ആവാസത്താൽ പൂർത്തിയാക്കുന്ന പരിശുദ്ധാത്മാവിനെ **എന്നിലും** സമർപ്പിതമായ ഈ ബലിവസ്തുക്കളിലും അയച്ചു തരണമെ.” പരിശുദ്ധാത്മാവിന്റെ ആവസിപ്പിലൂടെ വി.കുർബ്ബാനയോടൊപ്പം പുരോഹിതനും പരിശുദ്ധാത്മനിറവിലേക്ക് ഇതിലൂടെ ആനയിക്കപ്പെടുന്നു.

വിശ്വാസികളെ കൂദാശകളുടെ പരികർമ്മങ്ങളിലൂടെയും, പ്രാർത്ഥനകളിലൂടെയും നിരന്തരം വിശുദ്ധികരിക്കുവാൻ നിയോഗിക്കപ്പെട്ടിരിക്കുന്ന പുരോഹിതർ പരിശുദ്ധാത്മനിറവിലാണ് ഈ ശുശ്രൂഷ നിർവ്വഹിക്കേണ്ടത്. ബഥനിയിലെ നവാഭിഷിക്തരായ സൈജു കുര്യൻ, വർഗ്ഗീസ് മനോജ്, ജോൺ വിനോദ്, യൽദോ ബേബി, അരുൺദാസ് എന്നിവർ തങ്ങൾക്ക് ലഭിക്കുന്ന പരിശുദ്ധാത്മാഭിഷേകത്താൽ അനേകർക്ക് ദൈവകൃപ പങ്കുവയ്ക്കാൻ ഇടയാകട്ടെ എന്നാശംസിക്കുന്നു.

# “യേശുക്രിസ്തു എന്നെ സ്വന്തമാക്കിയിരിക്കുന്നു”

ഫാ. സൈജു കുര്യൻ ഒ.ഐ.സി

“പിന്നെ അവൻ മലമുകളിലേക്കുകയറി തനിക്ക് ഇഷ്ടമുള്ളവരെ അടുത്തേക്കു വിളിച്ചു. അവർ അവന്റെ സമീപത്തേക്കു ചെന്നു” (മർക്കോ. 3:13).

അവകാശപ്പെടാനും അഭിമാനിക്കാനും യോഗ്യതകളൊന്നുമില്ലാത്ത ഭൂമിയിൽ വെറും നിന്ദ്യപൂഴിയായ എന്നെ വൈദിക രഹസ്യങ്ങളുടെ നിവാസസ്ഥലത്തു പ്രവേശിക്കുവാൻ അർഹനാക്കിയ തമ്പുരാന്റെ വലിയ കൃപയെ ഓർക്കുമ്പോൾ മിഴിനീരിൽ മുങ്ങി ഞാൻ ശുദ്ധനായിക്കൊണ്ടിരിക്കുന്നു. അങ്ങയുടെ തിരുശരീരരക്തങ്ങളാകുന്ന തീക്കട്ടെ കരങ്ങളിലേന്തുവാനും സർവ്വജനത്തിനും വിഭജിച്ചു നൽകുവാനും എന്നെ യോഗ്യനാക്കി അൾത്താരയുടെ പരിശുദ്ധിയിലേക്ക് അഭിഷേകാഗ്നിയാൽ എന്നെ ക്ഷണിച്ച നാഥാ ഇതാ ഞാൻ......

പരിശീലന വർഷങ്ങളുടെ ദൈർഘ്യം നോക്കിയാൽ മറ്റേതു പഠന ശാഖകളേക്കാൾ ദൈർഘ്യം കൂടുതലാണ് വൈദികസന്ന്യാസപരിശീലനത്തിന് എന്നത് നിസ്തർക്കമാണ്. ഈ പരിശീലന വഴികളിലൂടെ ഞാനും അതിവേഗം നീങ്ങുകയായിരുന്നു. പതിനാലുവർഷങ്ങൾ എത്ര വേഗമാണ് കടന്നുപോയത്! പൗരോഹിത്യത്തിന്റെ ഈ തിരു അൾത്താരയിലേക്ക് കൈപിടിച്ചു കയറുമ്പോൾ എന്റെ ജീവിതവഴികളിൽ കൂട്ടായി വന്നവർ, പരസ്പരം കരങ്ങൾ കോർത്തു പിടിച്ചവർ നിരവധിയാണ്.....നന്ദി.....

അയോഗ്യതകളെ അനുഗ്രഹങ്ങളാക്കി, നൊമ്പരങ്ങളിൽ സാന്ത്വനത്തിന്റെ കുളിർതെന്നലാകുന്ന നല്ല തമ്പുരാന്.....

സ്വർഗ്ഗത്തിലിരുന്ന് എനിക്കായി പ്രാർത്ഥിക്കുന്ന എന്റെ ജീവശ്വാസമായ എന്റെ വല്യമ്മച്ചിമാർക്കും, വെല്യപ്പച്ചനും, പ്രിയപ്പെട്ടവർക്കും....

ബലിവേദിയിലേക്കുള്ള എന്റെ യാത്രയിൽ ജന്മമേകി വളർത്തിയ എന്റെ ഡാഡിക്കും മമ്മിക്കും.....

സഹോദരസ്നേഹത്തിന്റെ മാധുര്യം പകർന്നു ജീവനുതുല്യം സ്നേഹിക്കുന്ന അളിയനും, പെങ്ങൾക്കും, അമ്മുവിനും, ഷാരോണിനും.... പ്രാർത്ഥനയും

പ്രോൽസഹാനവുമായി എന്നും എന്നോടൊപ്പം വല്യറയ്ക്കൽ, തേരാലിൽ കുടുംബാംഗങ്ങൾക്ക്.....എല്ലാവർക്കും ഒരായിരം നന്ദി.

ഒപ്പം പൗരോഹിത്യം എന്നത് രക്തബന്ധത്തിനേക്കാളും ഉപരിയായി ചില കർമ്മബന്ധങ്ങളിൽ അധിഷ്ഠിതമാണെന്ന് ഇന്ന് ഞാൻ തിരിച്ചറിയുന്നു. നന്ദിയോടെ ഞാൻ ഓർക്കേണ്ട ഒരുപാട് മുഖങ്ങളുണ്ട്.

ഒരു വീടായ ബഥനിയെ കാട്ടിത്തന്ന് എനിക്ക് ആ വീട്ടിലേക്ക് എന്നെ കൂട്ടിക്കൊണ്ടുവന്ന എന്റെ പ്രിയപ്പെട്ട മാത്യു മോടിയിൽ അച്ചനെ ഞാൻ ഒത്തിരി സ്നേഹത്തോടെ ഓർക്കുന്നു. ഈ പരിശീലനയാത്രയിൽ എന്നെ നയിച്ച ബഥനി സമൂഹത്തിന്റെ ജനറാളച്ചനായിരുന്ന ബഹു. ജോർജ്ജ് തോമസച്ചനെയും കൗൺസിലേഴ്സിനെയും സ്നേഹത്തോടെ ഓർക്കുന്നു. എന്റെ പ്രൊവിൻഷ്യൽ അച്ചൻമാരായിരുന്ന ബഹു. ചാക്കോ ഏറാത്തച്ച നെയും (അഭിവന്ദ്യ ജേക്കബ് മാർ ബർണബാസ് തിരുമേനി), വില്യമച്ചനെയും, ഇപ്പോഴത്തെ എന്റെ പ്രൊവിൻഷ്യൽ സുപ്പീരിയർ ആയിരിക്കുന്ന ബഹു. മത്തായി കടവിലച്ചനെയും കൗൺസിലേഴ്സിനെയും, നവജീവൻ പ്രൊവിൻ സിന്റെ പ്രൊവിൻഷ്യൽ ആയിരിക്കുന്ന ബഹു. ജോസ് കുരുവിള അച്ചനെയും കൗൺസിലേഴ്സിനെയും ഞാൻ നന്ദിയോടെ സ്മരിക്കുന്നു. ഉദാത്ത മായ മാതൃകയിലൂടെയും അളവറ്റ വാത്സല്യത്തോടെയും സഹോദരസ്നേഹ ത്തോടെയും എന്നെ നയിച്ച എന്റെ എല്ലാ അധികാരികളെയും നന്ദിയോടെ ഞാൻ ഓർക്കുന്നു.

ഈ ബലിപീഠത്തിലെത്തുവോളം എന്നെ ഒരുക്കിയ ഗുരുവച്ചൻമാരായ ബഹു. ജോർജ്ജ് അയ്യനേത്തച്ചൻ, നൈനാച്ചൻ, പ്രേമാന്ദച്ചൻ, പ്ലാസിഡച്ചൻ, വർഗീസ് കൈപ്പനടുക്ക അച്ചൻ, വർഗീസ് തൈക്കൂട്ടത്തിലച്ചൻ, ഷാജനച്ചൻ എന്നിവരെ ആദരവോടെ ഓർക്കുകയും അവരുടെ വിശുദ്ധ മാതൃകയ്ക്ക് നന്ദി അർപ്പിക്കുകയും ചെയ്യുന്നു. പ്രത്യേകമായി പൂന ബഥനി ആശ്രമത്തിന്റെ അദ്ധ്യക്ഷനും എന്റെ ഗുരുവുമായിരിക്കുന്ന ബഹു. ഐസക്ക് അച്ച നെയും, ബി.വി.പി. ഡയറക്ടറായിരിക്കുന്ന ബഹു. ഫിലിപ്പച്ചനെയും, ബഹു. ജോൺ ബർക്കുമൻസ് അച്ചനെയും, ബഹു. ജോബിയച്ചനെയും, എന്റെയീ യാത്രയിൽ സാന്നിധ്യംകൊണ്ടും സഹകരണംകൊണ്ടും സ്നേഹവാത്സല്യ ങ്ങൾ കൊണ്ടും എനിക്കൊപ്പമായിരുന്ന പൂന പഠനഗൃഹത്തിലെ എല്ലാ സഹോദരങ്ങളെയും ഏറ്റം സ്നേഹത്തോടെ ഓർക്കുന്നു. എന്റെ അദ്ധ്യാ ത്മിക പിതാക്കൻമാർ, കുമ്പസാരഗുരുക്കൻമാർ, ആശ്രമാദ്ധ്യക്ഷൻമാർ, അറി വിന്റെ ആദ്യാക്ഷരങ്ങൾ പഠിപ്പിച്ച ഗുരുഭൂതർ, ദൈവരാജ്യം സ്വപ്നം കാണാൻ പഠിപ്പിച്ച മതാദ്ധ്യപകർ, സമയാസമയങ്ങളിൽ ദൈവം കൊണ്ടു തന്ന വിശുദ്ധ സൗഹൃദങ്ങൾ....എല്ലാവരുടെയും സ്നേഹത്തിനും മാർഗ്ഗനിർദ്ദേശങ്ങൾക്കും ഒരായിരം നന്ദി...

എന്റെ യാത്രയിൽ എനിക്കുവേണ്ടി പ്രാർത്ഥനയുടെ കരങ്ങളുയർത്തിയ, താങ്ങായി തണലായി മാറിയ ഓരോ ബഥാന്യനും, എന്റെ വികാരി അച്ചൻമാരായിരുന്ന എല്ലാ പ്രിയപ്പെട്ട വൈദികർക്കും, ഇടവകയിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള സ്നേഹധനരായ ബഥനി സിസ്റ്റേഴ്സിനും, കണ്ട നാൾ മുതൽ ധൈര്യവും പിന്തുണയും നൽകി അഹോരാത്രം എനിക്കുവേണ്ടി പ്രാർത്ഥനയും പ്രയത്നവും സമർപ്പിക്കുന്ന ഇപ്പോഴത്തെ എന്റെ വികാരി ബഹു. മാത്യു ജോയേൽ അച്ചനും, അച്ചനോടൊപ്പം പ്രവർത്തിക്കുന്ന സിസ്റ്റർ ജോസിക്കും, കല്ലാർ ആശ്രമത്തിന്റെ സുപ്പീര്യർ ആയിരുന്നുകൊണ്ട് എനിക്കുവേണ്ട എല്ലാ സഹായങ്ങളും സ്നേഹവും നൽകുന്ന ബഹു. ചാൾസ് അച്ചനും, പോൾ വിനീതച്ചനും, സഖറിയാ ബ്രദറിനും എന്റെ ഹൃദയം നിറഞ്ഞ നന്ദി. ഈ ജീവിതയാത്രയിൽ എനിക്ക് പ്രചോദനവും ശക്തിയും നൽകുന്ന എന്റെ ജേഷ്ഠസഹോദരൻമാരായ കുര്യാക്കോസച്ചനെയും, ദേവസ്യാച്ചനെയും ഞാൻ നന്ദിയോടെ ഓർക്കുന്നു. അതോടൊപ്പം ബാല്യകാലം മുതൽ എന്റെ ആത്മസുഹൃത്തുക്കളായ ജോമോൻ താന്നിക്കലും ജോബി പതിക്കലും നൽകികൊണ്ടിരിക്കുന്ന സ്നേഹത്തിനും പ്രോൽസാഹനത്തിനും നിറമനസ്സോടെ നന്ദി.

പിന്നിട്ട പരിശീലന കാലഘട്ടങ്ങളിൽ എന്റെ കൂടെ നടന്ന അഭ്യുദയ കാംക്ഷികൾ, സ്നേഹിതർ, ഉള്ളിലെ അന്ധകാരത്തെ മാറ്റി ജ്ഞാനത്തിന്റെ തിരിതെളിച്ചുതന്ന കോട്ടയം സി.എം.എസ്. കോളേജിലേയും, പൂന ജ്ഞാന ദീപവിദ്യാപീഠത്തിലേയും, ബഥനി വേദവിജ്ഞാന പീഠത്തിലേയും എന്റെ പ്രൊഫസേഴ്സ്, കൂടെയായിരുന്ന കളത്തിപ്പടിയിലെയും, പൂന മിഷനിലെയും നല്ലവരായ വ്യക്തികൾ എല്ലാവർക്കും എന്റെ ഹൃദയത്തിൽ നിറവിൽ നിന്നുള്ള നന്ദി. അതോടൊപ്പം എന്നെ സ്നേഹിച്ചും, പ്രോത്സാഹിപ്പിച്ചും എനിക്കുവേണ്ടി തമ്പുരാന്റെ മുമ്പിൽ കരങ്ങളുയർത്തുന്ന എന്റെ പ്രിയപ്പെട്ട ബാലഗ്രാം ഇടവകയിലെ എല്ലാവർക്കും, ഒരായിരം നന്ദി....

സ്നേഹമുള്ളവരെ,

ഞാൻ ഒരു യാത്ര തുടങ്ങുന്നതേ ഉള്ളൂ....അത്ര പരിചിതമല്ലാത്ത വഴിയാണ്.....പിച്ചവച്ചു തുടങ്ങുന്ന കുഞ്ഞിന്റെ അപരിചിതത്വത്തോടും അമ്പരപ്പോടെയുമാണ് ഈ യാത്ര....ഇടയ്ക്കെങ്ങാനും അടിപതറിയാൽ നിങ്ങളെന്നെ വീഴാതെ നോക്കണം.....അഥവാ വീണുപോയാൽ പിടിച്ചെഴുന്നേൽപ്പിക്കാൻ ഉണ്ടായേക്കണം.....ഒന്നുമാത്രം ഞാനും പറയുന്നു.

"ഇതു എനിക്കു കിട്ടിക്കഴിഞ്ഞെന്നോ, ഞാൻ പരിപൂർണ്ണനായെന്നോ അർത്ഥമില്ല. ഇതു സ്വന്തമാക്കാൻ വേണ്ടി ഞാൻ തീവ്രമായി പരിശ്രമിക്കുകയാണ്; യേശുക്രിസ്തു എന്നെ സ്വന്തമാക്കിയിരിക്കുന്നു" (ഫിലി. 3/12).

# കവിത പോലൊരു ജീവിതം: ഫാദർ സൈജു കുര്യൻ ഒ.ഐ.സി.

ബ്ര. ജോർജ്ജ് അഭയാനന്ദ് ഒ.ഐ.സി.

നിഷ്ഫലമല്ലീ ജന്മം, തോഴാ
നിനക്കായ് പാടുമ്പോൾ
നിഷ്ഫലമല്ലീ ഗാനം, നീയിതു
മൂളി നടക്കുമ്പോൾ
-സുഗതകുമാരി (സമാന ഹൃദയാ നിനക്കായ് പാടുന്നേൻ)

തന്റെ സൃഷ്ടികൾ വായിച്ച് ആസ്വദിക്കുന്ന വായനക്കാരെ കണ്ടു കവയിത്രി പാടുന്നതാണിത്. വായനക്കാർ ആസ്വദിക്കുമ്പോഴും ഉൾക്കൊള്ളുമ്പോഴുമാണ് ഒരുവൻ രചിച്ച കവിതകൾക്കു അർത്ഥം കൈവരുന്നത്. ജീവിതം ഒരു കവിതയെങ്കിൽ, അതു കൂടെയുള്ളവർ വായിച്ചാസ്വദിക്കുമ്പോൾ സ്രഷ്ടാവു പറയും ഈ ജീവിതം, ഈ വ്യക്തി എന്റെ രചനയിലെ നിഷ്ഫലമായ ഒന്നല്ല എന്ന്. പൗരോഹിത്യമെന്ന മഹാദാനത്തെ സ്വീകരിക്കുന്ന ഞങ്ങളുടെ ജ്യേഷ്ഠ സഹോദരൻ ഡീക്കൻ സൈജു കുര്യന്റെ ജീവിതത്തെയും നല്ലൊരു കവിതയായി കാണുവാനാണു ഞാൻ ആഗ്രഹിക്കുന്നത്. കാരണം, നല്ല തമ്പുരാൻ രചിച്ച, രചിച്ചുകൊണ്ടിരിക്കുന്ന ആ കവിത ഞങ്ങൾക്കൊരു നല്ല പാഠപുസ്തകവും ഊർജ്ജവും പ്രചോദനവുമാണ്.

എല്ലാ ദിവസവും കിടക്കയിലേക്കു പോകുന്നതിനുമുമ്പ് കുറച്ചു നിമിഷങ്ങൾ മദ്ബഹായിൽ ത്രോണോസിന്റെ മുന്നിൽ ചിലവഴിക്കുന്ന കുര്യൻ അച്ചനാണ് പ്രചോദനത്തിന്റെ ആദ്യവരി. കുര്യനച്ചനെക്കുറിച്ചു പറയാൻ ആഗ്രഹിക്കുമ്പോൾ ആദ്യമേ തന്നെ മനസ്സിലേക്കു കടന്നുവരുന്നതു പ്രാർത്ഥനയ്ക്കുശേഷം അന്നേ ദിവസത്തെ മുഴുവൻ സമർപ്പിച്ചു ത്രോണോസിൽ ചുംബിക്കുന്ന അച്ചനെയാണ്. ഞങ്ങൾക്ക്, അനുജന്മാർക്ക് ലഭിച്ച ഏറ്റവും ഉദാത്തമായ ഒരു മാതൃകയാണത്. കുര്യനച്ചന്റെ ജീവിതത്തിലെ പല വരികൾക്കും അടിസ്ഥാനം ഈ പ്രാർത്ഥനാ ചൈതന്യമാണ്. നിഷ്ക്കർഷതയും അദ്ദേഹത്തിനുണ്ട്. അദ്ദേഹത്തിന്റെ ജീവിതത്തിലെ മറ്റു പല വരികളും വായിക്കുന്നതിനു മുമ്പ് ആ വരികൾ രൂപപ്പെട്ട വഴികൾ ഒന്നു പരിചയപ്പെടാം.

ഇടുക്കി ജില്ലയിലെ ബാലഗ്രാം എന്ന ഗ്രാമമാണു അച്ചന്റെ ജന്മസ്ഥലം. 1984 ഏപ്രിൽ 25-ാം ശ്രീ. വി. കെ. രാജുവിന്റെയും ശ്രീമതി സൂസമ്മ രാജുവിന്റെയും രണ്ടാമത്തെ മകനായി ജനിച്ച സൈജു 2000-ൽ ബഥനി ആശ്രമത്തിൽ അംഗമായി ചേർന്നു. 2004 ജൂണിൽ നവശിഷ്യ കാലം തൃപ്തി

കരമായി പൂർത്തിയാക്കി ആദ്യവ്രതവാഗ്ദാനം നടത്തി. ഇതേതുടർന്നു സി.എം.എസ്. കോളേജിൽനിന്നു ചരിത്രത്തിൽ ബിരുദം നേടി. പൂന ജെ.ഡി.വി.യിൽനിന്നും തത്വശാസ്ത്രപഠനം പൂർത്തിയാക്കിയശേഷം റീജൻസി വളരെ തൃപ്തികരമാംവണ്ണം ബഥനി ആശ്രമം ജനറലേറ്റിൽ നിർവ്വഹിച്ച ശെമ്മാശൻ 2010 മെയ് മാസം നിത്യവ്രത വാഗ്ദാനത്തിലൂടെ തന്നെത്തന്നെ പൂർണ്ണമായി ദൈവതിരുമുമ്പാകെ സമർപ്പിച്ചു. വീണ്ടും ദൈവശാസ്ത്ര പഠനത്തിനായി പൂനയിലേക്കു വരികയും വളരെ പ്രശംസ നീയമായ രീതിയിൽ ദൈവശാസ്ത്ര പഠനം പൂർത്തിയാക്കുകയും ചെയ്തു. 2013 മെയ് 27-ാം തീയതി പൂർണ്ണ ശെമ്മാശ പട്ടം സ്വീകരിച്ചു.

പൂന പഠനഗൃഹത്തിലെ അവസാന പരിശീലനഘട്ടമായപ്പോഴേക്കും തന്റെ ജീവിതത്തിന്റെ ആധികാരികത അദ്ദേഹം എല്ലാവരോടും, അധികാരി കളോടും സഹപാഠികളോടും, വ്യക്തമാക്കി എന്നു വേണം പറയാൻ. കാര ണം ജീവിതത്തെക്കുറിച്ചും വിളിയെക്കുറിച്ചുമുള്ള വ്യക്തമായ ബോധ്യ ത്തോടെ തന്റെ ധാർമ്മിക-ആത്മിക കാഴ്ചപ്പാടുകൾക്കു കോട്ടം സംഭവി ക്കാതെയാണു അദ്ദേഹത്തിന്റെ ഓരോ ചെയ്തികളും. മാത്രമല്ല, അതിനെ തിരെ എന്തെങ്കിലും കണ്ടാൽ സ്നേഹപൂർവ്വം, തന്റേടത്തോടെ അതു പ്രകടി പ്പിക്കുകയും ചെയ്തിരുന്നു.

ഏറ്റെടുക്കുന്ന ഉത്തരവാദിത്തങ്ങൾ വൃത്തിയായും പൂർണ്ണമായും ചെയ്തുതീർക്കുന്ന സ്വഭാവം അച്ചനെ മറ്റുള്ളവരിൽനിന്നു വ്യത്യസ്ഥനാ ക്കുന്നു. മാത്രമല്ല, യാതൊരു ടെൻഷനുമില്ലാതെ വളരെ ലളിതമായി, ഒപ്പം അടുക്കും ചിട്ടയോടുംകൂടി അവ ചെയ്തുതീർക്കുകുയം ചെയ്യും. അതിനാൽ ത്തന്നെ സൈജു അച്ചനോടൊപ്പം ഒരു ഓഫീസ് ചെയ്യുവാൻ എല്ലാവർക്കും താല്പര്യമാണ്. അത് മറ്റുള്ളവരെ കരുതുവാനുള്ള അദ്ദേഹത്തിന്റെ സന്മന സ്സുകൊണ്ടുകൂടിയാണ്.

ഒത്തിരിയേറെ വരികളുള്ള ആ കവിതയുടെ വളരെ കുറച്ചു വരികൾ മാത്രമേ ഇവിടെ കുറിച്ചിട്ടുള്ളൂ. ബഥനി ആശ്രമത്തിന്റെ ആത്മീയതയും സിദ്ധിയും ഉൾക്കൊള്ളുകയും ജീവിക്കുകയും ചെയ്യുന്ന ഞങ്ങളുടെ കുര്യൻ ശെമ്മാശൻ ശുശ്രൂഷാ പൗരോഹിത്യ പദവിയിലേക്കു ഉയർത്തപ്പെടുമ്പോൾ ഞങ്ങൾ അനുജന്മാർ മനസ്സുനിറഞ്ഞു സന്തോഷിക്കുകയും പ്രാർത്ഥി ക്കുകയും ചെയ്യുന്നു. പൊന്നുതമ്പുരാനോടുള്ള വിശ്വസ്ഥതയാൽ ഈ വരി കൾ ഇനിയും അർത്ഥപൂർണ്ണമായി രചിക്കപ്പെടട്ടെ. അനേകർക്കു പ്രചോദന വും ആശ്വാസവും പകരട്ടെ. നാളിതുവരെയും നടത്തിയ നല്ല നാഥൻ ഈ പ്രയാണത്തിൽ എന്നും ഒപ്പം ഉണ്ടായിരിക്കട്ടെ.

●◆●

# തീയാകുന്ന മദ്ബഹായിലേക്ക്....

## വി. കെ. രാജു & സൂസമ്മ രാജു
## വല്യറയ്ക്കൽ കുടുംബം

**(സൈജു കുര്യൻ അച്ചന്റെ മാതാപിതാക്കൾ)**

"എനിക്ക് ഇഷ്ടപ്പെട്ട ഇടയന്മാരെ ഞാൻ നിങ്ങൾക്കു തരും. അവർ ജ്ഞാനത്തോടും വിവേകത്തോടും കൂടെ നിങ്ങളെ പാലിക്കും" (ജറ. 3/15).

വാഗ്ദാനങ്ങളിൽ വിശ്വസ്തനായ ദൈവം തനിക്കുള്ള ഇടയന്മാരിലൊരുവനായി ഞങ്ങളുടെ മകൻ സൈജു കുര്യനെയും തിരഞ്ഞെടുത്തിരിക്കുന്ന ഈ ധന്യഅവസരത്തിൽ നന്ദി നിറഞ്ഞ ഹൃദയത്തോടെ ഞങ്ങളും അത്യധികം സന്തോഷിക്കുന്നു. അഹറോനിലൂടെ ഒരു കുടുംബം മുഴുവൻ ദൈവശുശ്രൂഷയിലേക്ക് ഉയർത്തപ്പെട്ടതുപോലെ ഞങ്ങളും ഞങ്ങളുടെ ഈ മകനിലൂടെ ദൈവത്തിന്റെ അടുക്കലേക്ക് ഒരു പടികൂടി ഉയർത്തപ്പെടുന്നു എന്നോർക്കുമ്പോൾ ദൈവതിരുമുമ്പാകെ ഞങ്ങളുടെ ശിരസ്സുകളും നമിക്കുന്നു.

1984 ഏപ്രിൽ 25-ാം തീയതി ഞങ്ങളുടെ രണ്ടു മക്കളിൽ രണ്ടാമനായി സൈജു ജനിച്ചു. ഇടുക്കി ജില്ലയിൽ തിരുവല്ല അതിരൂപതയിൽ ബാലഗ്രാം ദേവാലയത്തിൽ കുര്യൻ എന്ന പേരിൽ മാമോദീസാ സ്വീകരിക്കുകയും സൺഡേസ്കൂൾ പഠനം പൂർത്തിയാക്കുകയും ചെയ്തു. മുണ്ടിയെരുമ എസ്. എച്ച്. കോൺവെന്റ് സ്കൂളിലും, കല്ലാർ ഗവൺമെന്റ് സ്കൂളിലുമായി സ്കൂൾ പഠനം പൂർത്തിയാക്കി. പത്താം ക്ലാസ്സിനുശേഷം ആശ്രമത്തിൽ ചേരുവാനുള്ള ആഗ്രഹം മോൻ പറഞ്ഞപ്പോൾ ഞങ്ങൾക്ക് അത് അംഗീകരിക്കുവാൻ വളരെ ബുദ്ധിമുട്ടായിരുന്നു. ഏക മകൻ സന്ന്യാസജീവിതത്തിലേക്കുപോകുമ്പോൾ എല്ലാ മാതാപിതാക്കന്മാരുടെയും ഹൃദയം തേങ്ങും എന്നു ഞങ്ങൾക്കറിയാം. സ്വന്തം താല്പര്യത്തിലൂടെ ആശ്രമത്തിൽ പോയെങ്കിലും തിരിച്ചുവരുമെന്ന പ്രതീക്ഷ ഞങ്ങൾക്കുണ്ടായിരുന്നു. എന്നാൽ ആശ്രമജീവിതത്തെക്കുറിച്ചും സന്ന്യാസ സഹോദരങ്ങളെക്കുറിച്ചും, ഗുരു അച്ചൻമാരെക്കുറിച്ചും അളവറ്റ സ്നേഹത്തോടെ സംസാരിക്കുകയും പഠനകാര്യങ്ങളിൽ താല്പര്യം കാണിക്കുകയും ചെയ്തപ്പോൾ ഈ ഒരു വിളിയാണ് അവൻ യഥാർത്ഥത്തിൽ ആഗ്രഹിക്കുന്നതെന്ന് ഞങ്ങൾക്ക് മനസ്സിലായി. ആദ്യം വളരെ പ്രയാസം തോന്നിയെങ്കിലും ഇതെല്ലാം ഒരു ദൈവപദ്ധതിയുടെ ഭാഗമായിരുന്നു എന്ന് ഇന്ന് ഞങ്ങൾ തിരിച്ചറിയുന്നു. കാരണം സൈജുവിന്റെ മാമോദീസാ സമയത്ത് കുഞ്ഞിനെ എടുത്തുകൊണ്ട്

ബഹുമാനപ്പെട്ട ജോൺ കമുകുംപ്ലാക്കൽ അച്ചൻ പറഞ്ഞത് "ഈ മകൻ ഒരു വൈദികൻ ആകും" എന്നാണ്. ഒരു പ്രവചനം പോലെ അച്ചൻ പറഞ്ഞ ആ വാക്കുകൾ ദൈവപദ്ധതിയുടെ വെളിപ്പെടുത്തലായിരുന്നുവെന്ന് സൈജുവിന്റെ ഈ വൈദികാഭിഷേക വേളയിൽ ഞങ്ങൾ തിരിച്ചറിയുന്നു.

പൗരോഹിത്യ ശുശ്രൂഷയിലേക്ക് ദൈവം ഞങ്ങളുടെ മകനെ വിളിച്ചു വേർതിരിച്ചെങ്കിൽ, തീർച്ചയായും മോനു വഴികാട്ടിയായി നിന്ന അനേകം വൈദികരും സന്യസ്തരും ഉണ്ട് എന്ന് ഞങ്ങൾക്കറിയാം. അവനിലെ നന്മ തിന്മകളെ തിരിച്ചറിയാനും ആത്മീയ ഭൗതികവളർച്ചയിൽ പ്രോത്സാഹനം നല്കുവാനും ബഹുമാനപ്പെട്ട ആശ്രമവൈദികർ എന്നും കൂടെയുണ്ടായിരുന്നു എന്നത് ഞങ്ങൾ ഏറെ നന്ദിയോടെ ഓർക്കുന്നു. ദൈവവിളിയിൽ ഉറച്ചു നില്ക്കുവാൻ സൈജുവിന് അത്യധികം പ്രചോദനം നൽകിയ ഞങ്ങളുടെ എല്ലാ വികാരിയച്ചൻമാരെയും വളരെ പ്രത്യേകമായി ആശ്രമത്തിലേക്ക് വിടുകയും കൂടെനിന്ന് കൈപിടിച്ചുനടത്തുകയും ചെയ്ത ബഹുമാന പ്പെട്ട മാത്യു മോടിയിൽ ഒ.ഐ.സി. അച്ചനെയും വളറെ പ്രത്യേകമായി നന്ദിയോടെ ഓർക്കുന്നു. അതുപോലെ ഇപ്പോൾ എല്ലാ പ്രോൽസാഹനവും, സ്നേഹവും നൽകി നയിക്കുന്ന ഞങ്ങളുടെ പ്രിയപ്പെട്ട ജോയേൽ ഒ.ഐ.സി. അച്ചനെയും, സിസ്റ്റർ ജോസി എസ്.ഐ.സി. യെയും ഞങ്ങൾ നന്ദിയോടെ ഓർക്കുന്നു. കൂടാതെ ഞങ്ങളുടെ മകനെ പ്രാർത്ഥനയിലൂടെയും പ്രോൽസാഹനത്തിലൂടെയും അനുഗ്രഹിച്ച് നയിച്ച വന്ദ്യപിതാക്കന്മാർക്കും, ശ്രേഷ്ഠരായ വൈദികർക്കും, സിസ്റ്റേഴ്സിനും, ബ്രദേഴ്സിനും ഗുരുക്കൻമാർക്കും, ബന്ധുമിത്രാദികൾ, ഉപകാരികൾ എല്ലാവർക്കും ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും അറിയിക്കുന്നു.

ദൈവത്തിന്റെ വയലിലെ വിളവെടുപ്പിനായി പുരോഹിതനെന്ന കൃഷിക്കാരനാകുവാൻ, യേശുക്രിസ്തുവിന് പ്രതിപുരുഷനാരുവാൻ, ബലിവേദിയിൽ ദൈവത്തിനും മനുഷ്യർക്കും ഇടയിലുള്ള മദ്ധ്യസ്ഥനാകുവാൻ ദൈവം തെരഞ്ഞെടുത്തിരിക്കുന്ന ഞങ്ങളുടെ മകനുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കണമേ എന്ന് അപേക്ഷിക്കുകയാണ്. ദൈവത്തിന്റെ അനന്തമായ ഈ കാരുണ്യം സ്വീകരിക്കുമ്പോൾ ബലിവേദിയിൽ മുറിക്കപ്പെടുന്ന ദൈവികസ്നേഹം അനേകരിലേക്ക് പങ്കുവയ്ക്കുവാൻ ദൈവം ഞങ്ങളുടെ മകനെയും മറ്റ് നവവൈദികരെയും ഒരുക്കട്ടെ.

ബലിയാകുവാനും ബലിയേകുവാനും ഇറങ്ങിത്തിരിച്ച നവവൈദികരെ, നിങ്ങളുടെ ജീവിത വഴിത്താരകളിൽ നിങ്ങളെ വളർത്തിയ ഈ കരങ്ങളും നിങ്ങൾക്കായി പ്രാർത്ഥിച്ച ഈ നാവുകളും നിങ്ങളെ സ്നേഹിച്ച ഈ ഹൃദയവും എന്നും നിങ്ങളുടെ കൂടെയുണ്ടായിരിക്കും. നിർമ്മല ഹൃദയത്തോടെ ഉയർത്തുക, തിരുശരീരരക്തങ്ങൾ ഞങ്ങൾക്കായി....

# "നന്ദിയല്ലാതെന്തുചൊല്ലും ദൈവമേ ഞാൻ....."

ഫാ. ജോൺ വിനോദ് ഒ.ഐ.സി

സന്തോഷത്തിന്റെയും നന്ദിയുടേയും അനർഘനിമിഷങ്ങൾ! എന്നെ വിളിച്ച് വേർതിരിച്ച് അവിടുത്തെ മുന്തിരിത്തോപ്പിലെ വേല ക്കാരനായി നിയമിച്ചുകൊണ്ട് അവിടുന്ന് വലിയ കാരുണ്യം എന്നോട് കാണിച്ചിരിക്കുന്നു. "എന്നെ ശക്തനാക്കുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തു വിന് ഞാൻ നന്ദി പറയുന്നു. എന്തെന്നാൽ തന്റെ ശുശ്രൂഷയ്ക്കു എന്നെ നിയമിച്ചുകൊണ്ട് അവൻ എന്നെ വിശ്വസ്ഥനായി കണക്കാക്കി" (1 തിമോ. 1:12). മഹത്തായ സന്ന്യാസ ജീവിതത്തിലേക്കും ശ്രേഷ്ഠവും അനുഗ്രഹപ്രദവുമായ പൗരോഹിത്യത്തിലേക്കും എന്നെ വിളിച്ച് കൈപിടിച്ചു നടത്തിയ തമ്പുരാന്റെ മുമ്പിൽ നിൽക്കുമ്പോൾ ഉരുവിടാൻ ഒന്നുമാത്രം "ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവ കൃപയാലാണ്."

ദൈവത്തിന്റെ പുരോഹിതനാകാനുള്ള യാത്രയിൽ എന്നെ ശക്തി പ്പെടുത്തിയ കരങ്ങളും പ്രാർത്ഥനകൾ അർപ്പിച്ച അധരങ്ങളും അനവധി യാണ്. ഈ യാത്രയിൽ എനിക്ക് പ്രചോദനമായിരുന്ന എല്ലാവരെയും നിറഞ്ഞ ഹൃദയത്തോടെ....നന്ദിയോടെ....ഈ യാഗവേദിയിൽ ഞാൻ സ്മരിക്കുന്നു.

അയോഗ്യനായ എന്നെ ശക്തിപ്പെടുത്തി കൈപിടിച്ചുയർത്തി നടത്തിയ സർവ്വശക്തനായ ദൈവത്തിന്.....

ജന്മം നൽകി വളർത്തി സ്നേഹവും കരുതലും ഏറെ നൽകി നന്മയുടെ പാഠങ്ങൾ പറഞ്ഞുതന്ന്, ദൈവഭക്തിയിൽ എന്നെ വളർത്തിയ എന്റെ പ്രിയപ്പെട്ട പപ്പക്കും, അമ്മക്കും.....

സുഖത്തിലും ദുഃഖത്തിലും എന്നെ തോളോട് ചേർത്തു നിർത്തി നിരന്തരം പ്രോൽസാഹിപ്പിക്കുകയും, പ്രാർത്ഥിക്കുകയും ചെയ്ത എന്റെ പ്രിയപ്പെട്ട ചേട്ടനും, ചേച്ചിക്കും, അളിയനും, കുഞ്ഞുങ്ങൾക്കും....

എന്ന് ഒരു വൈദികനായി കാണാൻ ഏറെ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്ത കോവിൽവിള, പല്ലുകുഴി കുടുംബാംഗങ്ങൾക്കും....

സ്വന്തം ജീവിതംകൊണ്ട് എന്താണ് ബഥനിയെന്ന് എന്നെ പഠിപ്പിക്കുകയും അവിടേക്കെന്നെ നയിക്കുകയും ചെയ്ത ബഹു. മൈക്കിൾ അച്ചനെയും, സാലസച്ചനെയും നന്ദിയോടെ ഓർക്കുന്നു. എന്റെ ദൈവവിളിക്ക് മാതൃകയും, പ്രോൽസാഹനവും നൽകിയ ഇടവകയിലെ ജ്യേഷ്ഠവൈദിക സഹോദരങ്ങൾക്കും, സിസ്റ്റേഴ്സിനും, ആശ്രമത്തിൽ ചേർന്ന നാൾ മുതൽ ഇന്നേവരെ എനിക്കുവേണ്ടി പ്രാർത്ഥിക്കുകയും എന്റെ ദൈവവിളിയുടെ ആഴങ്ങളിലേക്കെന്നെ നയിക്കുകയും ചെയ്ത എന്റെ എല്ലാ വികാരി അച്ചൻമാർക്കും, സേവനം കൊണ്ടും, സ്നേഹംകൊണ്ടും എന്നോടൊപ്പം നിൽക്കുന്ന, ഇടവകയിൽ ശുശ്രൂഷ നിർവ്വഹിക്കുന്ന ബഹു. സിസ്റ്റേഴ്സിനും പ്രത്യേകമായി നെല്ലിമൂട് ഡി.എം. കോൺവെന്റിലെ എല്ലാ സിസ്റ്റേഴ്സിനും, എന്റെ വിശ്വാസപാതയിൽ പ്രകാശം ചൊരിഞ്ഞ് നൽകിയ എല്ലാ മതാദ്ധ്യാപകർക്കും, ഇപ്പോൾ എന്റെ ഇടവകയെ നയിച്ചുകൊണ്ടിരിക്കുന്ന ബഹു. മാത്യു മരോട്ടിമൂട്ടിലച്ചനും, എന്നെ ഒരുപാട് സ്നേഹിക്കുന്ന എന്റെ ഇടവക ജനത്തിനും എന്റെ ഹൃദയം നിറഞ്ഞ നന്ദി.

ആശ്വാസത്തിന്റെ ഭവനമായ ബഥനിയിലേക്ക് എന്നെ സ്വീകരിച്ച ബഥനി സന്ന്യാസ സമൂഹത്തിന്റെ മുൻ സുപ്പിരീയർ ജനറൽ ബഹു. ജോർജ് തോമസ് അച്ചനെയും, ഇപ്പോൾ നയിച്ചുകൊണ്ടിരിക്കുന്ന ബഹു. മരിയദാസ് അച്ചനെയും കൗൺസിലേഴ്സിനെയും ഞാൻ നന്ദിയോടെ സ്മരിക്കുന്നു. എന്റെ മുൻ പ്രൊവിൻഷ്യൽ സുപ്പീരിയർ ആയിരുന്ന ബഹു. തോമസ് റെജിയച്ചനെയും, ജറോം അച്ചനെയും, റീജൻസി കാലയളവിൽ എന്റെ സുപ്പീര്യറായും, ഇപ്പോൾ പ്രൊവിൻഷ്യൽ സുപ്പീര്യ

റായും എനിക്കുവേണ്ടതായ എല്ലാ പ്രോൽസാഹനവും, സ്നേഹവും നൽകി എന്നെ ഹൃദയത്തോട് ചേർത്തു നിർത്തുന്ന ബഹു. ജോസ് കുരുവിള അച്ചനും കൗൺസിലേഴ്സിനും, ബഥനി നവജ്യോതി പ്രൊവിൻഷ്യൽ സുപ്പീര്യറായ ബഹു. മത്തായി കടവിലച്ചനും കൗൺസിലേഴ്സിനും ഒത്തിരി ഒത്തിരി നന്ദി.

കഴിഞ്ഞ പതിനാലുവർഷം നീണ്ടുനിന്ന സന്ന്യാസ പൗരോഹിത്യ യാത്ര സുഗമമാക്കുവാൻ എന്നെ നിരന്തരം സഹായിച്ച ഗുരുശ്രേഷ്ഠന്മാർ വിശിഷ്യാ, എന്റെ ആദ്യവർഷ ഗുരുവായിരുന്ന എന്നെ നയിക്കുകയും സ്വർഗ്ഗസമ്മാനത്തിനായി നമ്മിൽ നിന്ന് വാങ്ങിപ്പോയ ബഹു. ലോറൻസച്ചന്റെ പാവനസ്മരണക്കുമുമ്പിൽ എന്റെ പ്രണാമം! അതോടൊപ്പം ബഹു. ഫിലിപ്പ് നേരി അച്ചനും, ഇഗ്നേഷ്യസ് കടിയാം കുന്നിൽ അച്ചനും, പ്ലാസിഡച്ചനും, വിനയാനന്ദച്ചനും, സെബാസ്റ്റ്യൻ അച്ചനും, റെജിയച്ചനും, സിറിലച്ചനും, ജയിംസ് ഇല്ലിത്തറ അച്ചനും, വർഗീസ് തൈക്കൂട്ടത്തിലച്ചനും, ഷാജൻ കുറ്റിയിൽ അച്ചനും നന്ദിയുടെ ഒരായിരം നറുമലരുകൾ!

അറിവിന്റെ വെളിച്ചം ഉള്ളിൽ ഓതിത്തന്ന അദ്ധ്യാപകർ, വളരെ പ്രത്യേകമായി ബഥനി കോളേജിലെയും, ജ്ഞാനദീപ വിദ്യാപീഠത്തിലേയും ബഥനി വേദവിജ്ഞാനപീഠത്തിലേയും ഗുരുഭൂതൻമാരെ ഞാൻ നന്ദിയോടെ ഓർക്കുന്നു.

എന്റെ ആദ്ധ്യാത്മിക വളർച്ചയിൽ മാർഗ്ഗനിർദ്ദേശകരായി, കുമ്പസാരക്കാരായി, എന്നെ ശക്തിപ്പെടുത്തിയ എല്ലാ ആദ്ധ്യാത്മിക ഗുരുക്കൻമാർക്കും, എന്റെ ആത്മീയകാര്യങ്ങളിൽ ഏറെ ശ്രദ്ധിച്ച, സഹായിച്ച ബഹു. ആത്മാനന്ദച്ചനും......

റീജൻസി കാലയളവിൽ സഹോദരതുല്യം കരുതിയ ബഹു. തോമസ് ജോർജ്ജച്ചനും.....എന്നെ ഒരുപാട് സ്നേഹിക്കുന്ന മൈലപ്ര ബഥനി ബോഡിംഗിലെ എല്ലാ കൂട്ടുകാർക്കും....

ജീവിതത്തിലൂടെയും വാക്കുകളിലൂടെയും എന്നും പ്രചോദനമായി നിലകൊള്ളുന്ന എല്ലാ ബഥാന്യർക്കും പ്രത്യേകിച്ച് പൂന ബഥനി

ആശ്രമത്തിലെ എല്ലാ അംഗങ്ങൾക്കും......എന്റെ ആത്മീയ പിതാവായും, ഗുരുവായും എന്നെ നയിച്ച പൂന പഠനഗൃഹത്തിന്റെ അദ്ധ്യക്ഷനായ ബഹു. ഐസക്കച്ചനും, നിറഞ്ഞ മനസ്സോടെ എന്നെ കരുതുന്ന ബഹു. ഫിലിപ്പച്ചനും, അറിവിന്റേയും ആത്മീയതയുടേയും മഞ്ചാടിമുത്തുകൾ എന്നിലേക്ക് വാരിവിതറിയ ബഹു. ബർക്കുമൻസച്ചനും, സാഹോദര്യ ത്തിന്റെ മാധുര്യം പകർന്നുതന്ന ജേഷ്ഠസഹോദരൻ ജോബിയച്ചനും, നിറഞ്ഞ മനസ്സോടെ സ്നേഹിച്ചും, അനുയോജ്യമായ രീതിയിൽ കരുതു കയും ചെയ്ത സഹായഹസ്തം നീട്ടിത്തന്ന എന്റെ അനുജൻമാർക്കും നന്ദിയുടെ കൊച്ചരിപൂക്കൾ.

പരിശീലനകാലഘട്ടത്തിൽ ആദ്ധ്യാത്മീകമായും, ഭൗതികമായും എന്നെ സഹായിച്ച ഉപകാരികൾക്കും.....ജീവിത ബലിവേദിയിലേക്കുള്ള എന്റെ യാത്രയിൽ എന്നോടൊപ്പം നടക്കുന്ന എന്റെ പ്രിയപ്പെട്ട ബാച്ചു കാർക്കും......

എന്റെ എളിയജീവിതത്തിലൂടെ ദൈവത്തിന്റെ നാമം മഹത്വപ്പെടു ത്തുവാൻ എനിക്കുവേണ്ടി നിങ്ങൾ നിരന്തരം പ്രാർത്ഥിക്കണമേ. അപ്രകാരം എന്റെ ഈ എളിയ ജീവിതം ധന്യമായി തീരുവാൻ ഇടയാകട്ടെ. എന്നെ വിളിച്ച് നിന്റെ ഹൃദയത്തിന്റെ ഭാഗമാക്കി തീർത്ത നാഥാ, നിന്റെ പാദതാരിൽ ഇതാ എന്നെ ഒരു ദഹനബലിയായി ഞാൻ അർപ്പിക്കുന്നു. ബലിവേദിയുടെ വേദനകളും, നിലവിളിയും എന്നെ വളയുമ്പോൾ നിങ്ങളുടെ പ്രാർത്ഥനകൾ എനിക്ക് തുണയായി മാറട്ടെ. ഒരിക്കൽകൂടി എല്ലാത്തിനും എല്ലാവർക്കും നിറമനസ്സോടെ നന്ദി.

●◆●

# ദൈവത്തിന്റെ സ്വന്തമാകുവാൻ.....

ബ്ര. റിജോ തോമസ് ഒ.ഐ.സി.

ബലിവേദിയിലേക്ക് നടന്നടുക്കുന്ന ഓരോ പുരോഹിതനും ദൈവത്തെ സ്വന്തമാക്കുകയാണ്, എല്ലാവർക്കും എല്ലാമായിത്തീരുക യാണ്. ജീവിതം കൊണ്ടും, സാക്ഷ്യംകൊണ്ടും, കർമ്മംകൊണ്ടും പുണ്യം പൂത്തുലയുന്ന ഈ ധന്യനിമിഷങ്ങളിൽ സന്യാസ പൗരോഹി ത്യത്തെ സ്വായത്തമാക്കുന്ന ബഹുമാനപ്പെട്ട ജോൺ വിനോദച്ചന് പ്രാർത്ഥനാ മംഗളങ്ങൾ! ഇത് ആനന്ദത്തിന്റെ, ആത്മനിർവൃതിയുടെ, പുണ്യനിമിഷങ്ങൾ. അനേക വർഷത്തെ തപശ്ചര്യയുടെയും പഠന ത്തിന്റെയും, നിഷ്ഠാജീവിതത്തിന്റെയും സ്വപ്ന സാക്ഷാത്കാര ത്തിന്റെ ധന്യ നിമിഷങ്ങൾ!

തിരുവനന്തപുരം ജില്ലയിൽ പിൻകുളത്ത് കോവിലവിള വീട്ടിൽ രസലയ്യന്റെയും രാജമ്മയുടെയും ഇളയമകനായി 1984 മെയ് അഞ്ചിന് ജനിച്ചു. 2000-ാം ആണ്ടിൽ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കിയ വിനോദ് ഒരു സന്യാസ വൈദികനാകണം എന്ന ആഗ്രഹത്തോടെ 2000 ജൂൺ മാസം 15-ാം തീയതി തിരുവല്ല ബഥനി ആശ്രമത്തിൽ അർത്ഥി യായി ചേർന്നു. അതിനുശേഷം ബഥനി കോളേജിൽ തന്റെ പ്ലസ്ടു പഠനം പൂർത്തിയാക്കി ആലുവ നൊവിഷ്യേറ്റിൽ നവശിഷ്യനായി ചേർന്നു. 2004 ജൂൺ 16-ാം തീയതി തന്റെ ദൈവവിളിക്കു പ്രത്യുത്തര മായി തന്നെത്തന്നെ മുഴുവനായി ആത്മസമർപ്പണം നടത്തി. തുടർന്നു ചരിത്രത്തിൽ ബിരുദം നേടുവാനായി തിരുവനന്തപുരം ബഥനി കോളേ ജിൽ പ്രവേശിച്ചു. തുടർന്നു പൂന ജ്ഞാനപീഠത്തിൽ ഫിലോസഫി പഠനത്തിനു പ്രവേശിച്ചു. അതിനുശേഷം അദ്ദേഹം മൗണ്ട് ബഥനിയിൽ തന്റെ റീജൻസി പൂർത്തീകരിച്ചു. 2010-ൽ നിത്യവ്രത വാഗ്ദാനം ചെയ്തു തിയോളജി പഠനത്തിനായി അദ്ദേഹം പൂനാ ബഥനി വേദവിജ്ഞാന പീഠത്തിൽ പ്രവേശിച്ചു. മൂന്നര വർഷം നീണ്ടു നിന്ന തിയോളജി പഠന ത്തിൽ പ്രശസ്തനീയമാംവിധം വിജയം കരസ്ഥമാക്കി.

ബഹുമാനപ്പെട്ട വിനോദച്ചനെക്കുറിച്ച് ഓർക്കുമ്പോൾ ഒരുപാട് നല്ല സ്മരണകളാണ് മനസ്സിലേക്കു വരുന്നത്. അദ്ദേഹത്തോടൊപ്പം വളരെ കാലം ഒരുമിച്ചു താമസിക്കുവാൻ എനിക്കു സാധിച്ചിട്ടുണ്ട്. മറ്റുള്ളവരെ സന്തോഷിപ്പിക്കുവാനും കമ്മ്യൂണിറ്റിയെ ജീവസ്സുറ്റതാക്കുവാനും വളരെ കഴിവുള്ള വ്യക്തിത്വത്തിന്റെ ഉടമയാണ് അച്ചൻ. ഏൽപ്പിക്കപ്പെടുന്ന ഉത്തരവാദിത്വങ്ങൾ ആത്മാർത്ഥതയോടെ ചെയ്യുവാൻ അദ്ദേഹത്തിനു സാധിച്ചിട്ടുണ്ട്. കലാകായിക രംഗത്ത് അദ്ദേഹം തന്റെ കഴിവുകൾ തെളിയിച്ചിട്ടുണ്ട്.

വിനോദച്ചന്റെ നേതൃത്വപാടവവും സംഘടനാ വൈഭവും പ്രസംഗപാടവവും എടുത്തു പറയേണ്ട ഗുണങ്ങൾ തന്നെയാണ്. കൂടെ ജീവിക്കുന്നവരെ അംഗീകരിക്കുവാനും, അഭിനന്ദിക്കുവാനും, തിരുത്തുവാനുമുള്ള അദ്ദേഹത്തിന്റെ നല്ല മനസ്സ് പലപ്പോഴും ഒരു പ്രേരകശക്തിയായി തോന്നിയിട്ടുണ്ട്. വലിയവനോ ചെറിയവനോ എന്നു വ്യത്യാസമില്ലാതെ എല്ലാവരേയും ഉള്ളു തുറന്നു സ്നേഹിക്കുവാനും വിഷമങ്ങളിൽ ആശ്വാസവും സാന്ത്വനവുമായി കടന്നുചെല്ലുവാനുമുള്ള കഴിവ് അച്ചന്റെ വ്യക്തിത്വത്തെ ഊട്ടിയുറപ്പിക്കുന്നു. കൂദാശാനുഷ്ഠാനങ്ങളോടും ആരാധനാക്രമത്തോടുമുള്ള അച്ചന്റെ സമീപനം പ്രശംസനീയ മാണ്. സന്യാസ ജീവിതനിയമങ്ങളെ സ്വജീവിതത്തിൽ കാത്തുസൂക്ഷിക്കുവാൻ അച്ചൻ കാണിക്കുന്ന നിഷ്ഠ അനുകരണീയമാണ്. പ്രാർത്ഥനാപരവും കർമ്മപരവുമായ ബഥനിയുടെ പ്രേഷിത യാത്രയിൽ ദൈവരാജ്യത്തിന്റെ രഹസ്യങ്ങളെ വിശ്വാസികളുടെ ഹൃദയങ്ങളിൽ വിതയ്ക്കുന്നതിന് അച്ചനെ ഇവ കൂടുതൽ ബലപ്പെടുത്തും എന്നതിൽ ബഥനി ഏറെ സന്തോഷിക്കുന്നു.

ശുശ്രൂഷയുടെ പുതിയ മേച്ചിൽപുറങ്ങളിലേയ്ക്കു ക്രിസ്തുവിന്റെ പുരോഹിതനായി അഭിഷിക്തനായി കാൽവയ്ക്കുമ്പോൾ പ്രാർത്ഥനയും സഹായഹസ്തവുമായി വിനോദച്ചന്റെ കൂടെ ബഥനി കുടുംബം എന്നുമുണ്ടാകും. സന്യാസജീവിതത്തിന്റെ ആത്മീയമൂല്യ ങ്ങൾ സംഭരിച്ച് ശുശ്രൂഷാപൗരോഹിത്യം കൂടുതൽ മഹനീയമാക്കു വാൻ ദൈവം ഇടയാക്കട്ടെ. പ്രാർത്ഥനാമലരുകൾ, ഭാവുകങ്ങൾ ഹൃദയപൂർവ്വം നേരുന്നു.

●◆●

# യേശുവിന്റെ ശുശ്രൂഷാപൗരോഹിത്യത്തിലേക്ക്....

എം. റസിലയ്യൻ, രാജമ്മ
(ബ്രദർ ജോൺ വിനോദിന്റെ മാതാപിതാക്കൾ)

"മാതാവിന്റെ ഉദരത്തിൽ നിനക്കു രൂപം നല്കുന്നതിനുമുമ്പേ ഞാൻ നിന്നെ അറിഞ്ഞു. ജനിക്കുന്നതിനുമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജനതകൾക്ക് പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു" (1 ജെറ. 1-5).

ഞങ്ങളുടെ മകനായ ജോൺ വിനോദിനെ ബഥനി സന്യാസ സമൂഹ ത്തിലൂടെ കർത്താവിന്റെ സുവിശേഷം ഈ ലോകത്തെ അറിയിക്കുവാൻ തിരഞ്ഞെടുക്കുന്നതിൽ ദൈവത്തിന് ഞങ്ങൾ നന്ദി പറയുന്നു.

1984 മെയ് മാസം 27-ാം തീയതി തിരുവനന്തപുരം ജില്ലയിൽ നെയ്യാറ്റിൻ കര താലൂക്കിൽ കാരോട്ട് എന്ന കൊച്ചുഗ്രാമത്തിൽ റസിലയ്യന്റെയും, രാജമ്മയുടെയും ഇളയമകനായി ജനിച്ചു. റവ. ഫാ. ജോൺ പ്ലാവിള അച്ചനിൽ നിന്ന് മാമോദീസ് സ്വീകരിക്കുകയും "ജോൺ" എന്ന നാമം സ്വീകരിക്കുകയും ചെയ്തു. വിദ്യാഭ്യാസം ഉച്ചക്കട ആർ.സി. എൽ.പി. സ്കൂളിലും വിരാലി വിമല ഹൃദയ ഹൈസ്കൂളിലുമായി പൂർത്തിയാക്കി.

ചെറുപ്പത്തിലെ ദേവാലയ ശുശ്രൂഷയിൽ അതീവ താത്പര്യം കാണിച്ചി രുന്ന മകൻ, എല്ലാ ഞായറാഴ്ചകളിലും ഞങ്ങളോടും മുതിർന്ന സഹോദര ങ്ങളോടുമൊപ്പം വി. കുർബ്ബാനയിൽ സംബന്ധിക്കുകയും സൺഡേസ്കൂൾ പഠനം മുടക്കം കൂടാതെ നടത്തുകയും ചെയ്തിരുന്നു. അൾത്താര ബാല നായി ശുശ്രൂഷ നടത്തിയതിനുപുറമേ മറ്റ് ഭക്തസംഘടന കളിൽ പ്രവർത്തി ക്കുകയും ചെയ്തിരുന്നു. അവധികാല പി.ഒ.സി. ക്യാമ്പു കളിൽ പങ്കെടു ക്കുക വഴി മകന്റെ വൈദികനാകുവാനുള്ള ആഗ്രഹം വളർന്നു. ബഥനി ആശ്രമത്തിലേക്കുള്ള മകന്റെ യാത്ര ഞങ്ങൾക്ക് വേദന ഉളവാക്കിയെങ്കിലും ദൈവഹിതത്തിന് അവനെ വിട്ടുകൊടുക്കുക യായിരുന്നു.

ഞങ്ങളുടെ ഇടവക വികാരിയായിരുന്ന ഫാ. മൈക്കിൾ വരിക്കോലതറ യിൽ ഒ.ഐ.സി.യുടെ മാർഗ്ഗനിർദ്ദേശം അനുസരിച്ച്, ബഥനി സന്യാസ സമൂഹത്തിലൂടെ കർത്താവിന്റെ മുന്തിരിത്തോട്ടത്തിൽ വേല ചെയ്യുവാൻ

തീരുമാനിച്ചു മകൻ 2000 ജൂൺ 15-ാം തീയതി തിരുവല്ല ബഥനി ആശ്രമ ത്തിൽ എത്തിച്ചേർന്നു.

ഞങ്ങൾക്ക് ദാനമായി മൂന്ന് മക്കളെ തന്ന് അനുഗ്രഹിക്കുകയും അതിൽ ഇളയ മകനെ ദൈവം തന്റെ സുവിശേഷവേലക്കായി തിരഞ്ഞെടുക്കുകയും ചെയ്തതിൽ ഞങ്ങൾ ഏറെ സന്തോഷിക്കുന്നു. ദൈവവേലക്കായി വീട്ടിൽ നിന്ന് ഇറങ്ങിയശേഷം ഞങ്ങളുടേയും ബന്ധുമിത്രാദികളുടെയും പ്രത്യേക പ്രാർത്ഥന അവന് ഉണ്ടായിരുന്നു. നീണ്ട 14 വർഷത്തെ സന്യാസ വൈദിക പരിശീലനം കഴിഞ്ഞ് ഇറങ്ങുമ്പോൾ നിരന്തരമുള്ള പ്രാർത്ഥനയുടെ കൃപാവരം ഞങ്ങളുടെ മകനിലുണ്ടെന്ന് ഞങ്ങൾ തിരിച്ചറിയുന്നു. അവനെ വഴി നടത്തിയ ദൈവത്തിന് ഒരായിരം നന്ദി പറയുന്നു.

ദൈവമേ, ഞങ്ങളുടെ മകനെ ഈ ലോകത്തിൽ യേശുവിന്റെ സാന്നിദ്ധ്യം ആകുവാൻ ഞങ്ങൾ അങ്ങേക്ക് സമർപ്പിക്കുന്നു. ബലിവേദിയിൽ മുറിക്ക പ്പെടുന്ന ദൈവിക സ്നേഹം അനേകരിലേക്ക് പങ്കുവയ്ക്കുവാൻ ദൈവം ഞങ്ങളുടെ മകന് ഇടയാക്കട്ടെ. ഈ കാലമത്രയും വീഴ്ചകളിൽ കൈ വിടാതെ, ബലഹീനതകളിൽ തളരാൻ അനുവദിക്കാതെ ശക്തിപ്പെടുത്തിയ ദൈവം തുടർന്നും ക്രിസ്തുവിന് സാക്ഷ്യം നല്കുവാൻ ഞങ്ങളുടെ മകനെ അനുഗ്രഹിക്കട്ടെ. മകന്റെ ജീവിതകാലം മുഴുവനും അങ്ങേക്ക് വേണ്ടി പ്രവർത്തിക്കുവാൻ ദൈവമേ, ഞങ്ങൾ അങ്ങേക്ക് വിട്ടു തരുന്നു.

2014 ജനുവരി മാസം 27-ാം തീയതി ഞങ്ങളുടെ മകൻ വൈദികനായി അഭിഷിക്തനാകുമ്പോൾ ഇക്കാലമത്രയും ഞങ്ങളുടെ മകനെ പ്രാർത്ഥന യിലൂടെയും, പ്രോത്സാഹനത്തിലൂടെയും അനുഗ്രഹിച്ച് നയിച്ച് വന്ദ്യപിതാ ക്കന്മാർ, വൈദികശ്രേഷ്ഠർ, സിസ്റ്റേഴ്സ്, ബ്രദേഴ്സ്, ഗുരുക്കൻമാർ, ബന്ധു മിത്രാദികൾ ഞങ്ങളുടെ കൊച്ചുത്രേസ്യാപ്രാർത്ഥനാ ഗ്രൂപ്പ് അംഗങ്ങൾ എല്ലാവരോടുമുള്ള ഞങ്ങളുടെ ഹൃദയം നിറഞ്ഞ നന്ദിയും സ്നേഹവും അറിയിക്കുന്നു.

“നിന്നോട് കരുണയുള്ള കർത്താവ് അരുളിചെയ്യുന്നു. മലകൾ അകന്ന് പോയേക്കാം. കുന്നുകൾ മാറ്റപ്പെട്ടേക്കാം. എന്നാൽ എന്റെ അചഞ്ചലമായ സ്നേഹം നിന്നെ പിരിയുകയില്ല. എന്റെ സമാധാന ഉടമ്പടിക്ക് മാറ്റം വരുകയുമില്ല” (ജെറ. 54:10).

●◆●

# Alone with the ALONE

**Abhayanand oic**

In the stillness of the night
Not a sound, not a whisper,
Nor a breeze to cause a stir;
Even tress with bated breath
Stand still, tranquil, calm
Like a Buddha carved in stone.
Darkness, more darkness
And stillness everywhere.......

In the stillness of the night,
A human soul, lonely, alone
Walks the lanes of a busy world,
Hunting for a comrade, a soul-mate....
And seldom finds.

In the stillness of the night,
The lonely soul seated
In deep tranquil
An inner stir within,
Causes the eye within to open,
A Presence, soon, seen and felt.....
Behold, the lonely is not alone,
He is alone with the Alone.

# നിർമ്മല സ്തോത്രയാഗമായിത്തീരാൻ.....

ഫാ. വർഗ്ഗീസ് മനോജ് ഒ.ഐ.സി

മനുഷ്യപുത്രൻ വന്നിരിക്കുന്നത് ശുശ്രൂഷിക്കപ്പെടാനല്ല, ശുശ്രൂഷിക്കാനും സ്വന്തം ജീവൻ അനേകർക്ക് വേണ്ടി മോചനദ്രവ്യമായി നൽകാനുമത്രേ (മർക്കോ. 10:45). ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാലാണെന്ന ഉറച്ചബോധ്യത്തോടുകൂടിയാണ് ഈ ധന്യനിമിഷത്തിൽ യാഗവേദിയിലേക്ക് നടന്നടുക്കുന്നത്. അതിശ്രേഷ്ഠമായ ശുശ്രൂഷാപൗരോഹിത്യപദവിയിലേക്ക് പദമൂന്നുമ്പോൾ മനസ്സിലേക്ക് കടന്നുവരുന്നത് വി. പൗലോസ് ശ്ലീഹായുടെ വാക്കുകൾ തന്നെയാണ്, "മനുഷ്യന്റെ ആഗ്രഹമോ പ്രയത്നമോ അല്ല, ദൈവത്തിന്റെ ദയയാണ് എല്ലാറ്റിന്റെയും അടിസ്ഥാനം (റോമ. 9:16). ഒരു വൈദികനാവുക എന്നത് കുഞ്ഞുന്നാളിലെ വിദൂരസ്വപ്നങ്ങളിൽ പോലുമില്ലായിരുന്നു. എന്നാൽ പിന്നിലേയ്ക്ക് തിരിഞ്ഞുനോക്കുമ്പോൾ ആകസ്മികമെന്ന് തോന്നുന്നു, അനുഭവങ്ങളിലൂടെ ദൈവം ബലഹീനനായ എന്നെ തന്റെ മാറോട് ചേർത്ത് അടുപ്പിച്ചിരിക്കുന്നു. ആകുലതയുടെ നിമിഷങ്ങളിൽ അവിടുന്ന് എന്റെ ചെവിയിൽ മന്ത്രിക്കുന്നു "എന്റെ കൃപ നിനക്കു മതി; നിന്റെ ബലഹീനതയിലാണ് എന്റെ ശക്തി പ്രകടമാകുന്നത്." തമ്പുരാന്റെ ഈ വാക്കുകളും അനേകരുടെ പ്രാർത്ഥനയും പ്രോത്സാഹനവും എന്റെ കാലുകൾക്ക് ശക്തി പകരുന്നു.

മാതാവിന്റെ ഉദരത്തിൽ ഉരുവാകുന്നതിനുമുമ്പേ എന്നെയറിഞ്ഞ്, വിശുദ്ധീകരിച്ച്, തിരഞ്ഞെടുത്ത ദൈവത്തിന്റെ മുമ്പിൽ ഞാനിതാ നന്ദി നിറഞ്ഞ ഹൃദയത്തോടെ എന്നെ പൂർണ്ണമായി സമർപ്പിക്കുന്നു.

ജന്മമേകി സ്നേഹവും കരുതലും ഏറെ നൽകി ദൈവഭയത്തിൽ എന്നെ വളർത്തിയ മാതാപിതാക്കൾക്കും....സഹോദരസ്നേഹത്തിന്റെ മാധുര്യം പകർന്നുതന്നെ എന്റെ പ്രിയ സഹോദരനും....

എന്നെ ഒരു വൈദികനായി കാണാൻ ഏറെ ആഗ്രഹിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന പ്രിയപ്പെട്ട ബന്ധുക്കൾ.....

ലോകത്തിന്റെ പ്രകാശമായി മാറേണ്ടതിന് എന്റെ പാദങ്ങൾക്കു മുമ്പിൽ മെഴുകുതിരിപോലെ ജ്വലിച്ചുനിന്ന് എന്നെ വഴി നടത്തിയ എല്ലാ ഗുരുഭൂതർക്കും നിറഞ്ഞ മനസ്സോടെ നന്ദി...

ബഹു. സഖറിയാസച്ചൻ, പ്ലാസിഡച്ചൻ, വർഗീസ് കൈപ്പനടുക്ക അച്ചൻ, വർഗീസ് തൈക്കൂട്ടത്തിലച്ചൻ, ഷാജനച്ചൻ, ഐസക്കച്ചൻ എന്നിവരെ സ്നേഹപൂർവ്വം സ്മരിക്കുന്നു.

എന്റെ ദൈവവിളിയെ പ്രാർത്ഥനകൊണ്ടും പ്രോത്സാഹനങ്ങൾക്കൊണ്ടും പരിപോഷിപ്പിച്ച ഇടവകയിൽ സേവനം അനുഷ്ഠിച്ച ബഹു. വികാരിയച്ചൻമാർക്കും സിസ്റ്റേഴ്സിനും എന്റെ നന്മ മാത്രമാഗ്രഹിക്കുന്ന എന്റെ ഇടവക കൂട്ടായ്മയ്ക്കും.....

എന്നെ ഞാനായി സ്വീകരിക്കുകയും എന്നിലെ നന്മകളെ വളർത്തുകയും ചെയ്ത് എന്നെ സ്വന്തമാക്കിയ ബഥനി മാതാവിനും.... ബഥനിയിലെ എല്ലാ അധികാരികൾക്കും.....

വേദനയുടെ നിമിഷങ്ങളിൽ സാന്ത്വനവും നിരാശയുടെ വേളകളിൽ നവോന്മേഷവും ദിശാബോധവും പകർന്ന് നല്കിയ ആത്മീയ ഗുരുക്കൻമാർക്ക്....

കരുതലും സ്നേഹവും ഏറെ നൽകി ഓർമ്മയിൽ എന്നെന്നും സൂക്ഷിക്കാൻ നല്ല അനുഭവങ്ങൾ നല്കിയ പൂന പഠനഗൃഹത്തിലെ ഒരോ സഹോദരൻമാർക്കും....

ജീവിതയാത്രയിൽ സ്നേഹത്തിന്റെയും കരുതലിന്റെയും പഥേയവും പ്രതിസന്ധിഘട്ടങ്ങളിൽ അതിജീവനത്തിന്റെ കരുത്തും പകർന്ന പ്രിയ സഹയാത്രികർക്ക്....

പ്രാർത്ഥനയുടെ....പ്രോത്സാഹനത്തിന്റെ കരം എനിക്കായി ഉയർത്തിയ അഭ്യുദയകാംക്ഷികൾ....

ഈ കടപ്പാടുകൾ ഇവിടെ അവസാനിക്കുന്നില്ല, ഉപേക്ഷിക്കുന്നുമില്ല. ദൈവത്തിന്റെ അനന്തമായ വഴി നടത്തലുകൾ എനിക്കനുഭവവേദ്യമായത് ഈ കരങ്ങളിലൂടെയാണെന്ന തിരിച്ചറിവ് അതിന് എന്നെ അനുവദിക്കുന്നുമില്ല. പിച്ചുവെച്ചു തുടങ്ങുന്ന ഒരു കുഞ്ഞിന്റെ അപരിചിതവും അമ്പരപ്പും എന്നിലുണ്ട്. ഇനിയും ഏറെ ദൂരം പോകേണ്ടതുണ്ട്... കൂടെ ഉണ്ടാകണമേ....താങ്ങായ്....തണലായ്....

# വർഗ്ഗീസ് മനോജ് ഒ.ഐ.സി. അച്ചൻ

## ബ്ര. ആന്റണി ഞെരിഞ്ഞാംപള്ളി ഒ.ഐ.സി.

യേശുനാഥനിലൂടെ ഈ ലോകത്തിന്റെ നന്മയെ മുന്നിൽകണ്ടു പ്രകാശമായി എരിഞ്ഞുതീരുവാൻ ഗിരിമുകളിൽ പ്രകാശിക്കുന്ന ബഥനിക്ക് ഇന്ന് ആനന്ദത്തിന്റെയും ആത്മനിർവൃതിയുടേയും പുണ്യ നിമിഷങ്ങൾ. ബഥനിയുടെ പ്രേഷിതവഴിത്താരയിൽ വഴിവിളക്കാകുവാൻ അഞ്ച് തിരി നാളങ്ങൾ അഞ്ച് വ്യത്യസ്ഥ വ്യക്തിത്വങ്ങളിലൂടെ ചേർക്കപ്പെടുന്നു. വർഷങ്ങൾ നീണ്ട പ്രാർത്ഥനയുടെയും പഠനത്തിന്റെയും പരിശീലനത്തിന്റെയും പരിശ്രമത്തിന്റെയും സ്വപ്ന സാക്ഷാത്ക്കാരം! കർതൃശുശ്രൂഷയ്ക്കായി അഭിഷിക്തരാകുന്ന നവ വൈദികർക്കേവർക്കും പ്രാർത്ഥനാനിർഭരമായ ആശംസകൾ!

ഒരു വ്യക്തിക്കു ചെയ്യാവുന്നതിൽ ഏറ്റവും ഉന്നതവും പരിശുദ്ധവുമായ പ്രവൃത്തിയാണു വിശുദ്ധ ബലിയർപ്പണം എന്നു ട്രെന്റ് സുന്നഹദോസ് പഠിപ്പിക്കുന്നു. മഹാ പുരോഹിതനായ യേശുക്രിസ്തുവിന്റെ കർമ്മ പദ്ധതിയിൽ പങ്കുചേർന്ന് ജീവിതത്തിലൂടെ അവന് സാക്ഷ്യമായിത്തീർന്ന് അനേകർക്കു ക്രിസ്താനുഭവം പകർന്നു നൽകുവാനായി ഒരു സന്ന്യാസപുരോഹിതനെക്കൂടി പ്രിയപ്പെട്ട മനോജ് അച്ചനിലൂടെ സഭയ്ക്കും സമൂഹത്തിനും ലഭിച്ചിരിക്കുകയാണ്. വിശുദ്ധീകരണത്തിന്റെ ബലിവേദിയിൽനിന്നു വിശുദ്ധീകരിക്കപ്പെട്ട്, കർമ്മമണ്ഡലത്തിലേക്കിറങ്ങുന്ന മനോജച്ചന് എല്ലാവിധ ദൈവാനുഗ്രഹങ്ങളും നേരുന്നു.

തിരുവല്ല അതിരൂപതയിൽ മേരിഗിരി ഇടവകയിൽ പുതുപ്പറമ്പിൽ വീട്ടിൽ ശ്രീ. ജോബ് വർഗ്ഗീസിന്റെയും, ശ്രീമതി മോളി ജോബിന്റെയും രണ്ടു മക്കളിൽ ഒന്നാമനായി 1979 ജനുവരി 18-ാം തീയതി വർഗ്ഗീസ് മനോജ് ജനിച്ചു. പ്രാർത്ഥനയിലാണ്ട തീരുമാനങ്ങൾക്കൊടുവിൽ +2 പഠനത്തിനുശേഷം തനിക്കു ലഭിച്ച ദൈവവിളിക്കു പ്രത്യുത്തരമായി 2002 ജനുവരി 3-ാം തീയതി നവജ്യോതി പ്രൊവിൻഷ്യൽ ആശ്രമം ദേശത്ത് ഒരു യോഗാർത്ഥിയായി പ്രവേശിച്ചു. നിഷ്ഠാപരമായ സന്ന്യാസ

പരിശീലന കാലഘട്ടമായ നവശിഷ്യപദം പൂർത്തീകരിച്ച് 2004 ജൂൺ മാസം പ്രഥമ വ്യതവാഗ്ദാനം നടത്തി. തുടർന്നു കോട്ടയം സി.എം.എസ്. കോളേജിൽനിന്നു ചരിത്രത്തിലും ജെ.ഡി.വി.യിൽനിന്നു തത്വശാസ്ത്ര ത്തിലും ബിരുദം കരസ്ഥമാക്കി. ബത്തേരി ബഥനി ആശ്രമത്തിലും, അടിമാലി ബഥനി ആശ്രമത്തിലും തന്റെ റീജൻസി കാലം പൂർത്തി യാക്കിയ അച്ചൻ 2010 മെയ് മാസം നിത്യവ്രത വാഗ്ദാനത്തിലൂടെ തന്നെത്തന്നെ പൂർണ്ണമായി ദൈവതിരുമുമ്പാകെ സമർപ്പിച്ചു. തുടർന്നു ജെ.ഡി.വി.യിലും ബി.വി.പി.യിലുമായി തന്റെ ദൈവശാസ്ത്ര പഠനം വിജയകരമായി പൂർത്തിയാക്കി. സന്ന്യാസ വൈദികനാകണമെന്ന തന്റെ ചിരകാല സ്വപ്നം സാക്ഷാത്ക്കരിക്കപ്പെടുന്ന ഈ ധന്യനിമിഷ ങ്ങളിൽ മനോജ് അച്ചനോടും കുടുംബത്തോടും ഒപ്പം ബഥനി കുടും ബവും ദൈവത്തിനു നന്ദി പറയുന്നു.

അച്ചന്റെ ശാന്തശീലതയും പ്രാർത്ഥനാ ചൈതന്യവും നേതൃത്വ വാസനയും വൈകാരിക പക്വതയും മറ്റുള്ളവരെ തന്നിലേക്കു കൂടുതൽ ആകർഷിക്കുന്ന തരത്തിലായിരുന്നു. സന്ന്യാസ വൈദികനായി ബഥനി യുടെ പ്രേഷിത മേഖലയിലേക്കു ദൈവകരത്താൽ അച്ചൻ ഉയർത്ത പ്പെടുമ്പോൾ അച്ചന്റെ സ്വതസിദ്ധമായ കഴിവുകളും ബഥനിയുടെ സിദ്ധിയും ഒത്തുചേർന്ന് സഭയ്ക്കും സമൂഹത്തിനും ദൈവകിരണങ്ങൾ ചൊരിയുന്ന വിളക്കാകും എന്നതിൽ രണ്ടു പക്ഷമില്ല. കൂടെ വസിക്കുന്ന വരെ സന്തോഷിപ്പിക്കുവാനും അവരിൽ ജീവൻ നിറയ്ക്കുവാനും അച്ചന്റെ നർമ്മസംഭാഷണങ്ങൾക്കു സാധിക്കുന്നു. ഏൽപ്പിക്കുന്ന ഉത്തരവാദിത്തങ്ങൾ ആത്മാർത്ഥതയോടും ലളിതമായും ചെയ്യുവാ നുള്ള അച്ചന്റെ നൈപുണ്യം എടുത്തു പറയേണ്ടതാണ്. നല്ലൊരു നാട കനടനായും വാഗ്മിയായും തന്റെ കഴിവുകൾ അച്ചൻ തെളിയിച്ചിട്ടുണ്ട്. കൂദാശാനുഷ്ഠാനങ്ങളോടും ആരാധനാക്രമത്തോടുമുള്ള അച്ചന്റെ സമീപനം പ്രശംസനീയമാണ്. സന്ന്യാസ ജീവിതനിയമങ്ങളെ സ്വജീവിതത്തിൽ കാത്തുസൂക്ഷിക്കു വാൻ അച്ചൻ കാണിക്കുന്ന നിഷ്ഠ അനുകരണീയമാണ്. അച്ചനിലൂടെ ബഥനി സമൂഹത്തിനു ഒത്തിരി ഒത്തിരി നന്മകൾ ഉണ്ടാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

●◆●

# എല്ലാം നന്മയ്ക്കായി...

## ജോബ് വർഗീസ് & അന്നമ്മ

**(മനോജ് അച്ചന്റെ മാതാപിതാക്കൾ)**

"ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു" (റോമ. 8:20).

ഞങ്ങൾക്കിത് വലിയ ദൈവാനുഗ്രഹത്തിന്റെയും കൃതജ്ഞതയുടെയും നിമിഷങ്ങളാണ്, കാരണം ഞങ്ങളുടെ മകൻ പൗരോഹിത്യശുശ്രൂഷയിലേക്ക് അഭിഷിക്തനാവുന്ന ധന്യനിമിഷങ്ങൾ. പ്രാർത്ഥനകളോടെയുള്ള വർഷങ്ങളുടെ പ്രതീക്ഷാനിർഭരമായ കാത്തിരിപ്പ് സഫലമാകുന്ന ഈ വേളയിൽ ഞങ്ങളുടെ മകനെയോർത്ത് ഏറെ അഭിമാനിക്കുകയും ദൈവത്തെ സ്തുതിക്കുകയും നന്ദി പറയുകയും ചെയ്യുന്നു.

പുതുപ്പറമ്പിൽ വീട്ടിൽ ജോബ് വർഗീസിന്റെയും അന്നമ്മയുടെയും രണ്ട് മക്കളിൽ മൂത്ത മകനായി മനോജ് (വർഗീസ്) 1979 ജനുവരി 18-ാം തീയതി ജനിച്ചു. ചെറുപ്രായത്തിൽത്തന്നെ പ്രാർത്ഥനയിലും മറ്റുള്ളവരെ സഹായിക്കുന്നതിലും മനോജ് പ്രത്യേക താല്പര്യം പ്രകടിപ്പിച്ചിരുന്നു. അൾത്താരബാലനായി ശുശ്രൂഷ ചെയ്തുകൊണ്ടും ഭക്തസംഘടനകളിൽ പ്രവർത്തിച്ചുകൊണ്ടും ദേവാലയശുശ്രൂഷകളിൽ ഭക്തിപുരസ്സരം പങ്കെടുത്തു. വൈദികരോടും സന്ന്യസ്തരോടും സൗഹൃദം സൂക്ഷിക്കുന്നതിൽ ഉത്സാഹം കാണിച്ചിരുന്നു. അവരുമായുള്ള സംസർഗ്ഗത്തിൽ ഫലമായിട്ടാവണം വൈദികനാകാനുള്ള ആഗ്രഹം മനോജിൽ മൊട്ടിട്ടത്.

പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം 1998-ൽ തിരുവല്ല മൈനർ സെമിനാരിയിൽ വച്ചു നടന്ന ദൈവവിളി ക്യാമ്പിൽ പങ്കെടുക്കുകയും തുടർന്ന് സെമിനാരിയിൽ ചേരുകയും ചെയ്തു. എന്നാൽ ഒരു വർഷത്തിനുശേഷം മനോജ് സെമിനാരിയിൽ നിന്നു മടങ്ങി വരികയും തുടർന്ന് പ്രീഡിഗ്രി പഠിക്കുകയും ചെയ്തു.

തുടർന്ന് എന്ത് പഠിക്കണമെന്ന് ആലോചിക്കുമ്പോഴാണ് ഒരു വൈദികനാകാനുള്ള ആഗ്രഹം തന്റെ ഉള്ളിൽ ശക്തമായി വളരുന്നു എന്ന് മനോജ്

ഞങ്ങളോട് പറഞ്ഞത്. ഒരു പ്രാവശ്യം പോയിട്ട് മടങ്ങി വന്നതിനാൽ ഒരു തീരുമാനം പെട്ടെന്ന് പറയുവാൻ ഞങ്ങൾക്കായില്ല. നീണ്ട പ്രാർത്ഥനയുടെയും ആലോചനയുടെയും പരിസമാപ്തിയിൽ മനോജിന്റെ ഇഷ്ടമനുസരിച്ച് ബഥനി സന്ന്യാസസമൂഹത്തിൽ ചേരുവാൻ ഞങ്ങൾ സമ്മതിച്ചു. 2002 ജൂൺ മാസത്തിൽ ബഥനി ആശ്രമത്തിൽ പ്രവേശിച്ചു. "ദൈവത്തെ സ്നേഹിക്കുന്നവർക്ക് അവിടുത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്ക് അവിടുന്ന് സകലവും നന്മയ്ക്കായി പരിണമിപ്പിക്കുന്നു" (റോമ. 8:24). മനോജിന്റെ ദൈവവിളിയെപ്പറ്റി ചിന്തിക്കുമ്പോൾ ഈ തിരുവചനം ഏറെ അർത്ഥവത്തായി ഇപ്പോൾ ഞങ്ങൾക്ക് തോന്നുന്നു. വളർന്നുവന്ന സാഹചര്യങ്ങൾ കല്ലുകളും മുള്ളുകളും നിറഞ്ഞതെങ്കിലും അവയെല്ലാം ദൈവികപദ്ധതിക്ക് അനു സരിച്ച് രൂപപ്പെടുത്തുന്നതിനുവേണ്ടിയുള്ള മാർഗ്ഗങ്ങൾ ആയിരുന്നുവെന്ന് ഇപ്പോൾ ചിന്തിക്കുമ്പോൾ മനസ്സിലാക്കാൻ സാധിക്കുന്നു.

ബഥനി സന്ന്യാസ സമൂഹത്തിലെ പരിശീലനത്തിലൂടെയും രൂപീകരണത്തിലൂടെയും പൗരോഹിത്യ ശുശ്രൂഷയിലേക്ക് ജനുവരി 27-ന് ഞങ്ങളുടെ മകൻ അഭിഷിക്തനാവുകയാണ്. ഈ ധന്യമുഹൂർത്തത്തിൽ മനോജിന്റെ ദൈവവിളി പ്രോൽസാഹിപ്പിക്കുന്നതിൽ പങ്കുവഹിച്ച എല്ലാവരെയും പ്രത്യേകിച്ച് ഇടവകയിൽ സേവനമനുഷ്ഠിച്ച വന്ദ്യവൈദികരെയും സിസ്റ്റേഴ്സിനെയും നന്ദിയോടെ ഓർക്കുന്നു. അവരോടൊപ്പം ദൈവസ്വരത്തിന് തന്നെത്തന്നെ രൂപപ്പെടുത്തുവാൻ മനോജിനെ സഹായിച്ച ഗുരുഭൂതൻമാർക്കും ബഥനി സമൂഹത്തിനും ഹൃദയം നിറഞ്ഞ നന്ദി.

വിളിച്ചവൻ വിശ്വസ്തനാണ്. വിളിച്ചവന്റെ വിളിക്ക് കാതോർത്ത് വിശുദ്ധിയിലും വിനയത്തിലും ജീവിച്ച് സഭയ്ക്കും സമൂഹത്തിനും നന്മ ചെയ്യുന്ന ഒരുത്തമ അജപാലകനായി തീരാൻ മനോജച്ചനെ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ഇനിയുള്ള അച്ചന്റെ പ്രയാണത്തിലും എല്ലാവരുടെയും പ്രാർത്ഥനയും അനുഗ്രഹവും ഉണ്ടായിരിക്കട്ടെ.

ആത്മനൽവരങ്ങൾ നിറഞ്ഞ കർത്താവിന്റെ ബലിപീഠത്തിലേക്ക് നടന്നടുക്കുന്ന അഞ്ച് നവവൈദികരെയും അവരെ ദൈവത്തിന് സമർപ്പിച്ച മാതാപിതാക്കളെയും സഹോദരങ്ങളെയും ദൈവസന്നിധിയിൽ നന്ദിയോടെ ഓർക്കുന്നു. പ്രാർത്ഥിക്കുന്നു. ഒപ്പം നവവൈദികർക്ക് എല്ലാവിധമായ പ്രാർത്ഥനകളും ആശംസകളും അനുമോദനങ്ങളും നേരുന്നു.

●◆●

# പൗരോഹിത്യം ദൈവദാനം

**സിസ്റ്റർ ലിറ്റിൽ തെരേസേ എസ്.ഐ.സി.**

ഈ ഭൗമിക ജീവിതത്തിൽ, പല ബഹുമതികളും സ്ഥാനമാനങ്ങളും മനുഷ്യൻ തന്റെ സ്ഥിരോത്സാഹത്താൽ, കഠിനപ്രയത്നത്താൽ സ്വായത്തമാക്കാറുണ്ട്. എന്നാൽ പൗരോഹിത്യപദവി ഇതിനൊരപവാദ മാണ്. ഈ പദവി ആരും സ്വമേധയാ ഏറ്റെടുക്കുന്നതല്ല. ഹെബ്രായർക്കുള്ള ലേഖനം 5:4-ൽ ഇപ്രകാരം പറയുന്നു: "അഹറോനെപ്പോലെ ദൈവത്താൽ വിളിക്കപ്പെടുകയല്ലാതെ ആരും ഈ ബഹുമതി ഏറ്റെടുക്കുകയല്ല". പൗരോഹിത്യം ഒരു ദൈവികപ്രവൃത്തിയുടെ ഫലമാണ്; ദൈവദാനമാണ്, മനുഷ്യന് അവകാശപ്പെട്ടതല്ല. മനുഷ്യൻ വെറും സഹകാരിമാത്രം. ദൈവം വിളിക്കുന്നില്ലെങ്കിൽ മനുഷ്യൻ ആഗ്രഹിച്ചാലും സന്നദ്ധനായാലും ഫലമില്ല.

പഴയനിയമത്തിൽ അഹറോനെ പുരോഹിതനായി നിയമിച്ചത് ദൈവമാണ്. (ലേവ്യ. 8:1). അതുപോലെ മറ്റ് പുരോഹിതന്മാരെയും നിയമിച്ചു. ദൈവത്താൽ തെരഞ്ഞെടുക്കപ്പെടാതെ ആരും പുരോഹിതനാകുന്നില്ല. (സംഖ്യ. 16:7) സ്വയം പുരോഹിതനാകുന്നില്ല. ശിക്ഷ ലഭിക്കും (സംഖ്യ.16:31). പുതിയനിയമത്തിൽ ശിഷ്യന്മാരുടെ തെരഞ്ഞെടുപ്പിലും ഇത് വ്യക്തമാണ്. യേശു അരുളിചെയ്തു: "നിങ്ങൾ എന്നെ തെരഞ്ഞെടുക്കുകയല്ല ഞാൻ നിങ്ങളെ തെരഞ്ഞെടുക്കുകയാണ് ചെയ്തത് (യോഹ. 15:16). ദൈവത്തിന്റെ തെരഞ്ഞെടുപ്പിൽ മാനുഷികമായ യോഗ്യതകൾ, കഴിവുകൾ ഇവയൊന്നും പരിഗണിക്കുന്നില്ല (1 കോറി. 1:26-27). തെരഞ്ഞെടുപ്പിന്റെ മാനദണ്ഡം ഒന്നുമാത്രം-തനിക്ക് ഇഷ്ടം ഉള്ളവരെ വിളിക്കുന്നു. "അവൻ മല മുകളിലേക്ക് കയറി തനിക്ക് ഇഷ്ടം ഉള്ളവരെ അടുത്തേക്ക് വിളിച്ചു" (മർക്കോസ് 3:13).

ദൈവം താൻ തെരഞ്ഞെടുക്കുന്നവന്റെ സംരക്ഷണം പൂർണ്ണമായും ഏറ്റെടുക്കും. "കർത്താവ് അഹറോനോട് അരുളിചെയ്തു: ഇസ്രായേലിൽ നിനക്ക് ഭൂമി അവകാശമായി ലഭിക്കുകയില്ല. അവരെപ്പോലെ

നിനക്ക് ഓഹരിയും ഉണ്ടായിരിക്കുകയില്ല. ഞാനാണ് നിന്റെ അവകാശവും ഓഹരിയും" (സംഖ്യ. 18:20). കർത്താവിന് പുരോഹിതരോടുള്ള പ്രത്യേക ബന്ധം ഈ വചനത്തിൽ പ്രകടമാണ്. കർത്താവ് അവകാശമായി ഉള്ളവന് ഒരു കുറവും ഉണ്ടാവുകയില്ല. ജീവിതത്തിൽ യാതൊരു വ്യഗ്രതയും ഇല്ലാതെ ജീവിക്കാം.

പൗരോഹിത്യ ജീവിതം ദൈവത്തിന്റെ ദാനമാകയാൽ, പുരോഹിതൻ തന്നെ വിളിച്ചവനോട് ജീവിതകാലം മുഴുവൻ വിശ്വസ്തനായിരിക്കുവാൻ കടപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ തിരുഹിതമനുസരിച്ച് തന്റെ ജീവിതത്തെ ക്രമപ്പെടുത്തണം. തന്നെ വിളിച്ച് അഭിഷേകം നല്കിയവന്റെ നിത്യപുരോഹിതനായ യേശുവിന്റെ വ്യക്തിത്വത്തിലും ദൗത്യത്തിലും ഔദ്യോഗികമായി പങ്കാളിയാവണം. പിതാവായ ദൈവത്തിന്റെ സ്നേഹമാണ് യേശുവിലൂടെ പ്രകടമായത്. അചഞ്ചലമായ, നിരുപാധികമായ, കരുണ നിറഞ്ഞ, ക്ഷമിക്കുന്ന.....സ്നേഹം പകർന്നു കൊടുക്കുവാനാണ് പുരോഹിതൻ വിളിക്കപ്പെട്ടത്. യേശുവിന്റെ കരങ്ങളും, കാതുകളും, അധരങ്ങളും ആയി മാറുവാൻ പുരോഹിതന് സാധിക്കണം. ജീവിതം ഇത്തരത്തിൽ ഫലദായകമാകുവാൻ തന്നെ വിളിച്ചവനോട് ഉറ്റബന്ധം പുലർത്തണം. "വിളിക്കപ്പെട്ടവർക്ക് ക്രൂശിതനായ ക്രിസ്തു ദൈവത്തിന്റെ ശക്തിയും ജ്ഞാനവുമാണ്" (1 കോരി. 1:24). ജീവിതയാത്രയിൽ, പ്രതിസന്ധികളിൽ... ഏകാന്തതയിൽ... സഹനാവസരങ്ങളിൽ... തിരസ്ക്കരണത്തിൽ... ഓർമ്മിക്കുക. "ലോകത്തിൽ നിങ്ങൾക്ക് ഞെരുക്കം ഉണ്ടാകും. എങ്കിലും ധൈര്യമായിരിക്കുക. ഞാൻ ലോകത്തെ കീഴടക്കിയിരിക്കുന്നു" (1 യോഹ. 16:33) യേശുവിനെപ്പോലെ പുരോഹിതനും ലോകത്തെ ജയിക്കുവാൻ സാധിക്കട്ടെ.

അഹറോനെപ്പോലെ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ട 5 ബഥാന്യർ, സന്യാസത്തിലൂടെ പൗരോഹിത്യവിളി സ്വീകരിച്ച് ദൈവിക പദവിയുടെ വിവിധ പടവുകൾ കയറി അഭിഷിക്തരാവുകയാണ്. നവാഭിഷിക്തരാകുന്ന വന്ദ്യവൈദികരെ, "ദൈവമാണ് നിങ്ങളുടെ അവകാശവും ഓഹരിയും" അഭിനന്ദനങ്ങൾ! പ്രാർത്ഥനാശംസകൾ!

●◆●

# ദൈവകൃപയാൽ.....

## ഫാ. എൽദോ ബേബി പള്ളിത്താഴത്ത് ഒ.ഐ.സി.

പിന്നിട്ട വഴികളിലേക്ക് കണ്ണോടിക്കുമ്പോൾ നന്ദിയുള്ള ഹൃദയത്തിൽനിന്ന് ആദ്യം പുറത്തുവരുന്നത്. എന്റെ ദൈവം തന്റെ മഹത്തത്തിന്റെ സമ്പന്നതയിൽ നിന്ന് യേശുക്രിസ്തു വഴി നിങ്ങൾക്ക് ആവശ്യമുള്ളതെല്ലാം നൽകും (ഫിലി. 4:19) എന്ന വചനമാണ്.

12 വർഷത്തെ എന്റെ പരിശീലന കാലഘട്ടം കുറവുകളെ നിറവുകളാക്കിയ തമ്പുരാന്റെ ഇടപെടലുകളുടെ നിമിഷങ്ങളായിരുന്നു. ഒന്നുമില്ലായ്മയിൽ നിന്ന് യേശുതമ്പുരാൻ എന്നെ തിരഞ്ഞെടുത്ത് അവന്റെ സ്വന്തമാക്കി മാറ്റി. ആ പൊന്നുതമ്പുരാന്റെ മുമ്പിൽ ഞാൻ ആദ്യമേ ശിരസ്സു നമിക്കട്ടെ.

ജന്മമേകി ബലിവേദിയിലേക്കുള്ള വഴിത്താരകളിൽ എന്നും സാന്ത്വനമായി പ്രചോദനമായി എന്റെ മാതാപിതാക്കൾ ഉണ്ടായിരുന്നു. സ്നേഹിച്ചുക്കൊതി തീരുംമുമ്പേ നിത്യതയിലേക്ക് പിൻവാങ്ങിയ പ്രിയപ്പെട്ട എന്റെ പിതാവ് എന്നും എനിക്കൊരു പ്രചോദനമായിരുന്നു. കണ്ണീരൊഴുക്കി പ്രാർത്ഥിച്ച് ഈ യാത്രയിൽ ശക്തിയും പ്രചോദനവുമായി എനിക്കെല്ലാമെല്ലാമായിരിക്കുന്ന എന്റെ പ്രിയപ്പെട്ട അമ്മയും, സ്നേഹിച്ചും, സമാശ്വസിപ്പിച്ചും എന്നെ ചേർത്തുപിടിക്കുന്ന എന്റെ സഹോദരൻ എപ്പോഴും എനിക്ക് കരുത്തും സാന്ത്വനവുമാണ്. സ്നേഹവും കരുതലും നല്കി എന്റെ ദൈവവിളിയിൽ കരുത്തായിരിക്കുന്ന എന്റെ എല്ലാ ബന്ധുമിത്രാദികളേയും അക്ഷരവെളിച്ചം പകർന്ന അദ്ധ്യാപക ശ്രേഷ്ഠരേയും, എന്റെ എല്ലാ പ്രിയപ്പെട്ട സുഹൃത്തുക്കളെയും ഇടവകാംഗങ്ങളേയും നന്ദിയോടെ ഓർക്കുന്നു.

എന്റെ സന്ന്യാസ വൈദിക ജീവിതയാത്രയിൽ സാന്ത്വനത്തിന്റെ സ്പർശവും സ്നേഹത്തിന്റെ തലോടലും വീഴ്ച്ചകളിൽ കൈത്താങ്ങു തന്നു സഹായിച്ച എന്റെ എല്ലാ പ്രിയപ്പെട്ട വികാരി അച്ചന്മാരോടും പ്രത്യേകിച്ച് ഇപ്പോൾ എന്റെ വികാരിയച്ചനായിരിക്കുന്ന ബഹു. വർഗ്ഗീസ് കുന്നുപുറത്ത് അച്ചനേയും എന്റെ ഇടവകയിൽ സേവനമനുഷ്ഠിക്കുന്ന

ബഹു. ഡി. എം. സിസ്റ്റേഴ്സിനേയും, നന്ദിയോടെ ഓർക്കുന്നു. അതോടൊപ്പം എന്റെ ജീവിതയാത്രയിൽ എന്നെ പ്രോത്സാഹിപ്പിച്ച എല്ലാ ബഹു. വൈദികരേയും സിസ്റ്റേഴ്സിനേയും സ്നേഹപൂർവ്വം ഓർക്കുന്നു.

സന്ന്യാസ പൗരോഹിത്യ വഴികളിലേക്ക് പാദമൂന്നാനുള്ള പ്രചോദനം എനിക്കു പകർന്നു നൽകുകയും ബഥനി സന്ന്യാസ സമൂഹത്തിലേക്ക് എന്നെ ക്ഷണിക്കുകയും ചെയ്ത ബഹു. സാവിയോ അച്ചനെ നന്ദിയോടെ ഓർക്കുന്നു. ആശ്രമജീവിതത്തിൽ എനിക്ക് മാർഗ്ഗദർശികളായിരുന്ന എല്ലാ ആശ്രമശ്രേഷ്ഠരേയും നന്ദിയോടെ ഓർക്കുന്നു. വിശിഷ്യാ എന്നെ ബഥനിയിലേക്ക് സ്വീകരിച്ച അന്നത്തെ ജനറളായിരുന്ന ബഹു. ജോർജ്ജ് തോമസച്ചനെയും ഇപ്പോൾ സമൂഹത്തെ നയിച്ചുകൊണ്ടിരിക്കുന്ന പെരി. ബഹു. ജോസ് മരിയദാസച്ചനേയും ജനറൽ കൗൺസിൽ അംഗങ്ങളേയും എന്റെ മുൻ പ്രൊവിൻഷ്യാൾമാരായിരുന്ന ബഹു. തോമസ് റെജി അച്ചനേയും, ബഹു. ജെറോം പീടികപ്പറമ്പിൽ അച്ചനേയും, ഇപ്പോൾ നവജീവൻ പ്രൊവിൻസിനെ നയിച്ചുകൊണ്ടിരിക്കുന്ന പെരി. ബഹു. ജോസ് കുരുവിള അച്ചനേയും ഭരണസമിതി അംഗങ്ങളേയും, അതോടൊപ്പം നവജ്യോതി പ്രോവിൻഷ്യൽ പെരി. ബഹു. മത്തായി കടവിൽ അച്ചനേയും കൗൺസിൽ അംഗങ്ങളേയും അവർ എനിക്ക് നൽകുന്ന എല്ലാ പ്രോത്സാഹനവും സ്നേഹവും നന്ദിയോടെ ഓർക്കുന്നു.

എന്റെ ഈ യാത്രയിൽ എനിക്കുവേണ്ട അറിവും, തിരുത്തലുകളും, സ്നേഹവും നല്കി എന്നെ വളർത്തിയ എന്റെ എല്ലാ ഗുരുക്കന്മാരേയും പ്രത്യേകിച്ച് നമ്മിൽ നിന്നും വാങ്ങിപ്പോയ എന്റെ ബഥനിയിലെ പ്രഥമഗുരുവായ ബഹു. ലോറൻസച്ചനെ നന്ദിയോടെ ഓർക്കുന്നു. അതോടൊപ്പം ബഹു. പ്ലാസിഡച്ചൻ, ബഹു. വിനയാനന്ദച്ചൻ, സെബാസ്റ്റ്യനച്ചൻ, സിറിലച്ചൻ, ജെയിംസ് ഇല്ലത്തിറ അച്ചൻ, തോമസ് റെജിയച്ചൻ, വർഗ്ഗീസ് തൈക്കൂട്ടത്തിലച്ചൻ, ഷാജനച്ചൻ, സെക്കച്ചൻ എന്നിവരേയും നന്ദിയോടെ ഓർക്കുന്നു.

എന്റെ ആദ്ധ്യാത്മിക ജീവിതം കരുപ്പിടിപ്പിക്കുന്നതിന് സഹായിച്ച എല്ലാ ബഹു. വൈദികരെയും നന്ദിയോടെ ഓർക്കുന്നു. പ്രത്യേകിച്ച് ബഹു. ഫിലിപ്പ് നേരി അച്ചൻ, ജെയിംസ് മാമ്മൂട്ടിലച്ചൻ, ജോൺ കൃപാനന്ദച്ചൻ, പ്രശാന്തച്ചൻ, ജോർജ്ജ് തോമസച്ചൻ, ബർക്കുമാൻസച്ചൻ, ഫിലിപ്പ് വൈശ്യനേത്തച്ചൻ എന്നിവരെയും നന്ദിയോടെ ഓർക്കുന്നു.

വളരെ പ്രത്യേകമായി സഹനത്തിന്റെ തീച്ചൂളയിലായിരുന്നുകൊണ്ട് പ്രാർത്ഥനയിലൂടെ എന്നെ ശക്തിപ്പെടുത്തുകയും സ്നേഹിക്കുകയും, പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന ബഹു. ആത്മാനന്ദ് അച്ചനേയും, പൊസന്തി അച്ചനേയും പ്രാർത്ഥനയോടും നന്ദിയോടും കൂടി ഓർക്കുന്നു. എന്റെ ഈ യാത്രയിൽ, സാന്നിദ്ധ്യംകൊണ്ടും സഹകരണം കൊണ്ടും സ്നേഹവാത്സല്യങ്ങൾകൊണ്ടും എനിക്കൊപ്പമായിരുന്ന ബഥനി സന്ന്യാസസമൂഹത്തിലെ എല്ലാ വൈദികരേയും സഹോദരന്മാരേയും നന്ദിയോടെ ഓർക്കുന്നു. വളരെ പ്രത്യേകമായി പൂനാ പഠനഗൃഹത്തിലെ ബഹു. വൈദികരേയും, സഹോദരന്മാരേയും ഏറ്റം സ്നേഹത്തോടെ ഓർക്കുന്നു.

എനിക്കുവേണ്ടി പ്രാർത്ഥനയുടെ കരങ്ങളുയർത്തിയ, താങ്ങായി തണലായി മാറിയ അഭ്യുദയകാംക്ഷികൾ, സ്നേഹിതർ, വിജ്ഞാനത്തിന്റെ വിശാലമായ ലോകത്തിലേക്ക് എന്നെ കൂട്ടിക്കൊണ്ടുപോയ ജ്ഞാനദീപവിദ്യാപീഠത്തിലേയും ബഥനി വേദവിജ്ഞാനപീഠത്തിലെയും പ്രൊഫസേഴ്സ്, കൂടെയായിരുന്ന പൂന മിഷനിലെ വ്യക്തികൾ എല്ലാവർക്കും എന്റെ ഹൃദയം നിറഞ്ഞ നന്ദി. വളരെ പ്രത്യേകമായി എന്റെ ബലിപീഠത്തിലേക്കുള്ള യാത്രയിൽ എനിക്ക് എപ്പോഴും താങ്ങും തണലും പ്രോത്സാഹനവും കരുത്തും നൽകുന്ന എന്റെ പ്രിയപ്പെട്ട ബാച്ചുകാരെയും ഹൃദയംനിറഞ്ഞ നന്ദിയോടെ ഓർക്കുന്നു.

പിന്നിട്ട വഴികളിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ എന്റെ മനസ്സിലേക്ക് ആദ്യമെത്തുന്നത് ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയിലാണ് എന്ന വചനമാണ്. ഈ കൃപ എനിക്ക് ലഭ്യമാകുന്നത് ഒരുപാട് നല്ല വ്യക്തികളുടെ പ്രാർത്ഥനയുടെയും പ്രയത്നങ്ങളുടേയും ഫലമായാണ്. ഏവരേയും നന്ദിയോടെ ഓർക്കുന്നു. കർമ്മവീഥികളിലേക്ക് ഞാൻ കടക്കുമ്പോൾ ഒരുപാട് പേരുടെ പ്രതീക്ഷകൾ എന്റെ മുമ്പിലുണ്ട്. വെല്ലുവിളികളുടെ നടുവിൽ, ആശങ്കകളുടെ നടുവിൽ പ്രതീക്ഷകൾ പൂവണിയിൽ ഏവരുടേയും പ്രാർത്ഥന എനിക്കാവശ്യമാണ്. ആഘോഷങ്ങളും ആരവങ്ങളും അവസാനിക്കു മ്പോൾ ഞാനും എന്റെ ബലിപീഠവും തനിച്ചാകുമ്പോൾ തളരാതെ മുന്നേറുവാൻ നിങ്ങളുടെ പ്രാർത്ഥന എന്നെ ശക്തിപ്പെടുത്തട്ടെ.

●◆●

# നിറമനസ്സോടെ ബലിവേദിയിൽ

## ഗീവർഗീസ് പണിക്കർ

നാലാഞ്ചിറ ബഥനിക്കുന്നിലെ ദൈവവിളി ക്യാമ്പിനും ധ്യാനത്തിനും സുഹൃത്തിനെ കൊണ്ടുവിട്ട് ആശ്രമം കാണുവാൻ പോയതാണ് എൽദോ. യുവത്വം തുളുമ്പുന്ന എൽദോ തിരികെ വരുമ്പോൾ വണ്ടിയോടിച്ച് കൈ തെളിയിക്കാം എന്ന ലക്ഷ്യവും ഇതിന്റെ പിന്നിലുണ്ടായിരുന്നു. എന്നാൽ കൈ തെളിയുന്നതിലുപരിയായി മനസ്സ് തെളിഞ്ഞു. തന്റെ സുഹൃത്ത് ആശ്രമത്തിൽ ചേർന്നതുമില്ല; എൽദോ കാറോടിച്ചതുമില്ല. സുസ്മേരവദനനായ എൽദോ ആ പോക്കിൽ ആശ്രമസ്ഥനായി. ദൈവവിളി തിരിച്ചറിയുന്നു എന്നു പറയുന്നതും ദൈവനിശ്ചയം എന്നു പറയുന്നതും എത്ര അന്വർത്ഥമാണ്! ബലിപീഠത്തോട് ചേർന്നു നിൽക്കുന്ന എൽദോ അച്ചന്റെ മുഖത്തെ ചിരി ഇന്നും നമ്മുടെ മുമ്പിൽ മായാതെ നിൽക്കുന്നു.

പള്ളിത്താഴത്തു വീട്ടിൽ പരേതനായ പി. ജെ. ബേബിയുടെയും സൂസന്നാമ്മയുടെയും രണ്ടാമത്തെ മകനാണ് എൽദോ. ജോബിനാണ് എൽദോ അച്ചന്റെ ജേഷ്ഠൻ. രാമമംഗലം എൽ. പി. സ്ക്കൂളിലും പൂത്തൃക്ക ഗവൺമെന്റ് സ്ക്കൂളിലുമായി സ്ക്കൂൾ വിദ്യാഭ്യാസവും കോലഞ്ചേരി കോ-ഓപ്പറേറ്റീവ് സ്ക്കൂളിൽ നിന്ന് പ്രീഡിഗ്രിയും എൽദോ അച്ചൻ കരസ്ഥമാക്കി. പിറവം എം. എസ്. എം. ഐ. റ്റി.സി. യിൽ രണ്ടു വർഷം പഠിച്ച് ഇലക്ട്രിക്കൽസിൽ ഉന്നത വിജയം പ്രാപിച്ച് പിന്നീട് ഒ. ഇ. എൻ. കണക്ടേഴ്സ് എന്ന സ്ഥാപനത്തിൽ ടെക്നീഷ്യനായി സേവനം അനുഷ്ഠിക്കുമ്പോഴാണ് എൽദോ ആശ്രമത്തിൽ ചേരുന്നത്. നിറഞ്ഞ അനുഭവ സമ്പത്തും ആത്മാർത്ഥതയും ദൈവസ്നേഹവുമായാണ് ജൂൺ 2002-ൽ എൽദോ നാലാഞ്ചിറ ബഥനിക്കുന്നു കയറുന്നത്. അദ്ദേഹത്തിന്റെ ദൈവവിളി പ്രോത്സാഹിപ്പിച്ച സാവിയോ അച്ചന്റെ ശിഷണത്തിൽ എൽദോ അച്ചന് ബഥനി ഒരു പുതുമയായി തോന്നിയിരുന്നില്ല. ഒരു അതിർവരമ്പുകളും എൽദോ അച്ചനെ ഒന്നിൽനിന്നും പിൻതിരിപ്പിച്ചിട്ടില്ല. ബഹു. പ്ലാസിഡ് അച്ചന്റെ ശിഷണത്തിൽ നോവിഷ്യേറ്റും മറ്റു വന്ദ്യവൈദികരുടെ ശിക്ഷണത്തിൽ പൂനായിൽ നിന്നു തത്വശാസ്ത്രവും ദൈവശാസ്ത്രവും പൂർത്തിയാക്കുകയും ചെയ്തു. ബഥനിയുടെ മുഖമുദ്രകളിലൊന്നായ നാലാഞ്ചിറ മേക്കോണം ദയറായിൽ

റീജൻസി. എൽദോയെ അച്ചനാക്കി മാറ്റുന്ന ഏറ്റവും പ്രധാനപ്പെട്ട കാര്യം അദ്ദേഹത്തിന്റെ പ്രാർത്ഥനാജീവിതം തന്നെയാണ്. രാത്രിയുടെ ഏറെ വൈകിയ നേരങ്ങളിലും വ്യക്തിപരമായ പ്രാർത്ഥനകൾക്കായി ചാപ്പലിൽ ചെലവഴിക്കുന്നതും ജപമാലമണികളുമായി വരാന്തകളിൽ ഉലാത്തുന്നതും അദ്ദേഹത്തിന്റെ വ്യക്തിജീവിതത്തിന്റെ ഭാഗമാണ്. പരിശുദ്ധ അമ്മയോടുള്ള അദ്ദേഹത്തിന്റെ സൗഹൃദം പങ്കിടാനും എന്തും എപ്പോഴും തുറന്നുപറയുവാനുമുള്ള സ്വാതന്ത്ര്യം ഞങ്ങളുടെയിടയിൽ ഉണ്ടായിരുന്നു. നിറഞ്ഞ ചിരിയാണ് എൽദോ അച്ചന്റെ തനതു സ്വഭാവം. സന്തോഷത്തിലും ദുഃഖത്തിലും ആ പുഞ്ചിരി മായാതെ നിൽക്കുന്നു. ആവശ്യം കണ്ടറിഞ്ഞ് അന്വേഷി ക്കാനും മറ്റുള്ളവരുടെ വേദനയിൽ പങ്കുപറ്റാനുമുള്ള താൽപര്യം അദ്ദേഹത്തിന് ഉണ്ട്.

പരിചയപ്പെടുന്ന ഏതൊരാൾക്കും അദ്ദേഹം ഒരു നല്ല സുഹൃത്താണ്. ഒത്തിരിയേറെ കഴിവുകളും വിവിധ മേഖലകളിലുള്ള പ്രാവീണ്യവും അതിനു പുറമെ കാര്യങ്ങളിൽ വ്യക്തമായ ധാരണകളും ദർശനബോധ്യ വുമുള്ള ഒരു വ്യക്തിയാണ് അദ്ദേഹം. അതുപോലെതന്നെ വിനയവും എളിമയും അദ്ദേഹത്തിന്റെ പ്രത്യേകതകളിലൊന്നാണ്.

കലാകായിക മേഖലകളിൽ എൽദോ അച്ചൻ കൈവയ്ക്കാത്ത മേഖലകളില്ല. ഇന്നും 'മാമ്പഴം' എന്ന അദ്ദേഹത്തിന്റെ കവിതാ പാരാ യണം പൂനാ ആശ്രമത്തിന്റെ യുവതലമുറകൾ ഓർക്കുന്നു. ക്രിക്കറ്റിലും ബാഡ്മിന്റെനിലും ഉള്ള അദ്ദേഹത്തിന്റെ താല്പര്യവും അഭിനയത്തി ലുള്ള ചാരുതയും അതിനു പുറമെ കലയും സാഹിത്യവും സമ്മേളിപ്പി ച്ചു കൊണ്ടുള്ള പല രംഗ വിസ്മയങ്ങളും ഇന്നും ഏവരും ഓർക്കുന്നു. സർവ്വോ പരി മുൻനിരയിലേക്കു മറ്റുള്ളവരെ കൈപിടിച്ചുയർത്തുകയും നേതൃ നിരയിൽ നിന്ന് മാതൃക കാണിക്കുകയും ചെയ്തിരുന്നു.

ശുശ്രൂഷയുടെ വൈവിധ്യമാർന്ന മേച്ചിൽപ്പുറങ്ങളിലേക്ക് ക്രിസ്തുവിന്റെ അഭിഷിക്തനായി കാൽവയ്ക്കുമ്പോൾ സ്നേഹം നിറഞ്ഞ കൊച്ചച്ചനെ സർവ്വശക്തൻ തുണയ്ക്കട്ടെയെന്ന് പൂന ബഥനികുടുംബം ആത്മാർത്ഥമായി പ്രാർത്ഥിക്കുകയും ആശംസി ക്കുകയും ചെയ്യുന്നു.

●◆●

# എല്ലാ നന്മയ്ക്കായി പരിണമിപ്പിക്കുന്നു....

**ജോബിൻ പി. ബേബി**

**(എൽദോ അച്ചന്റെ സഹോദരൻ)**

“മാതാവിന്റെ ഉദരത്തിൽ നിനക്ക് രൂപം നൽകുന്നതിനുമുമ്പേ ഞാൻ നിന്നെ വിശുദ്ധീകരിച്ചു. ജനതക്ക് പ്രവാചകനായി ഞാൻ നിന്നെ നിയോഗിച്ചു” (ജറ. 1:4-5).

തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്നപ്രകാരം എന്റെ സഹോദരൻ എൽദോയെ ദൈവം വിളിച്ചു വേർതിരിച്ചു. ബഥനി സന്ന്യാസ സമൂഹത്തിലൂടെ കർത്താവിന്റെ മുന്തിരിത്തോപ്പിൽ വേല ചെയ്യാൻ തിരഞ്ഞെടുത്തു. ഉപവാസത്തോടും പ്രാർത്ഥനയോടുമുള്ള വർഷങ്ങളുടെ പ്രതീക്ഷാനിർഭരമായ കാത്തിരിപ്പ് സഫലമാകുന്ന ഈ വേളയിൽ പൗരോഹിത്യപദവിയിലേക്ക് അഭിഷിക്തനാകുന്ന എന്റെ സഹോദരന്റെ നിയോഗത്തെയോർത്ത് ദൈവത്തെ സ്തുതിക്കുന്നു, നന്ദി അർപ്പിക്കുന്നു.

പൂതൃക്ക, പള്ളിത്താഴത്ത് പി. ജെ. ബേബിയുടെയും (പരേതൻ) സൂസൻ ബേബിയുടെയും മകനായി 1981 മെയ് മാസം 12-ന് ജനിച്ചു. സ്കൂൾ വിദ്യാഭ്യാസം രാമമംഗലം എൽ.പി.സ്കൂളിലും, പൂതൃക്ക ഗവ: എച്ച്. എസ്. സ്ക്കൂളിലും കോലഞ്ചേരി കോ-ഓപ്പറേറ്റീവ് കോളേജിൽ നിന്നും പ്രീഡിഗ്രിയും, പിറവം എം.എസ്.എം. ഐ.റ്റി.സിയിൽ നിന്നും ഇലക്ട്രീഷ്യൻ പഠനവും പൂർത്തിയാക്കിയശേഷം ബഥനി ആശ്രമത്തിൽ ചേർന്നു. അധ്യാപകരുടെ ശിക്ഷണവും നിർദ്ദേശങ്ങളും അവരുടെ മാതൃകാപരമായ പെരുമാറ്റവും എൽദോയുടെ ജീവിതത്തെ രൂപപ്പെടുത്തുന്നതിന് ഏറെ സഹായിച്ചു. ഏറെ നന്ദിയോടെ അവരെ ഓർക്കുന്നു.

ചെറുപ്പകാലം മുതലേ എല്ലാ മനുഷ്യരേയും ജാതിമതഭേദമെന്യേ സ്നേഹിക്കുകയും സമഭാവത്തോടെ കാണുകയും ആവശ്യങ്ങളിൽ മറ്റുള്ളവരെ സഹായിക്കുകയും ചെയ്തിരുന്നു. വിനയാന്വിതമായ ഇടപെടൽ പാവപ്പെട്ടവരോടുള്ള സഹാനുഭൂതി നിസ്വാർത്ഥമായ സേവന മനോഭാവം, പ്രാർത്ഥനാജീവിതം, പ്രത്യേകിച്ച് മുടങ്ങാതെയുള്ള ബൈബിൾ വായനയും ജപമാല ചൊല്ലുന്ന ശീലവും എൽദോയുടെ ഈ സ്വഭാവഗുണങ്ങളിൽ നിന്നെല്ലാം ഇന്ന് എനിക്ക് മനസ്സിലാക്കുവാൻ സാധിക്കുന്നത് ദൈവം പ്രത്യേകമായി എന്റെ സഹോദരനെ വിളിച്ചു വേർതിരിച്ചു എന്നാണ്.

ക്നാനായ യാക്കോബായ സഭയിൽ പെട്ട ഞങ്ങളുടെ ഭവനത്തിൽ നിന്ന് കത്തോലിക്കാസഭയിൽ ബഥനി ആശ്രമത്തിലേക്ക് വൈദികാനാകുവാൻ

എന്റെ സഹോദരനെ പ്രോത്സാഹിപ്പിച്ചത് ബഹു. സാവിയോ അച്ചൻ ആണ്. അച്ചനെ നന്ദിയോടെ ഈ അവസരത്തിൽ ഓർക്കുന്നു. വാസ്തവത്തിൽ എൽദോ ആശ്രമത്തിൽ ചേരണമെന്ന ആഗ്രഹം വീട്ടിൽ അറിയിച്ചപ്പോൾ എനിക്ക് അത്ഭുതം തോന്നി. ഞങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട എൽദോ എന്തിന്? എന്തുകൊണ്ട്? ആശ്രമത്തിൽ പോകുന്നു, പ്രത്യേകിച്ച് കത്തോലിക്കാസഭയിൽ പോകുന്നു എന്ന ചോദ്യം എന്റെ മുമ്പിൽ വളരെ ശക്തമായിരുന്നു. അതുകൊണ്ടുതന്നെ ഞങ്ങളുടെ വീട്ടിൽനിന്നും ബന്ധുക്കളിൽ നിന്നുമെല്ലാം വലിയ എതിർപ്പ് എൽദോയ്ക്ക് നേരിടേണ്ടിവന്നിട്ടുണ്ട്. എതിർപ്പുകളെയെല്ലാം പ്രാർത്ഥനാപൂർവ്വം നേരിട്ട് തന്റെ തീരുമാനത്തിൽ ഉറച്ചു നിന്ന എൽദോ 2002 ജൂൺ 12-ാം തീയതി ബഥനി ആശ്രമത്തിലേക്ക് യാത്രയായി. എന്നാൽ ഇന്ന് ഞാൻ മനസ്സിലാക്കുന്നത് ദൈവത്തെ സ്നേഹിക്കുന്നവർക്ക് ദൈവിക പദ്ധതിയനുസരിച്ച് വിളിക്കപ്പെടുന്നവർക്ക് എല്ലാം നന്മയ്ക്കായി പരിണമിപ്പിക്കുന്നതിനുവേണ്ടിയായിരുന്നു ഇവയെല്ലാം. എന്തുതന്നെയായാലും ശക്തനായവൻ എന്റെ സഹോദരനിൽ ഒരു മഹത്തായ അത്ഭുതം പ്രവർത്തിച്ചു എന്നതിന് സംശയ മില്ല.

ബഥനി സന്ന്യാസ സമൂഹത്തിലെ പരിശീലനത്തിലൂടെയും രൂപീകരണത്തിലൂടെയും പൗരോഹിത്യ ശുശ്രൂഷയിലേക്ക് 2014 ജനുവരി 27-ന് എന്റെ സഹോദരൻ അഭിഷിക്തനാവുകയാണ്. ഈ ധന്യ മുഹൂർത്തത്തിൽ എന്റെ ഹൃദയം പ്രാർത്ഥനയുടെയും സന്തോഷത്തിന്റെയും നന്ദിയുടെയും വികാരത്താൽ നിറയുകയാണ്.

വിളിച്ചവൻ വിശ്വസ്തനാണ്. വിളിച്ചവന്റെ വിളിക്ക് കാതോർത്ത് വിശുദ്ധിയിലും വിനയത്തിലും ജീവിച്ച് സഭയ്ക്കും സമൂഹത്തിനും നന്മ ചെയ്യുന്ന ഒരു ഉത്തമ അജപാലകനായിത്തീരാൻ എന്റെ സഹോദരനെ ദൈവം അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു. ദൈവിക സ്വരത്തിന് അനുയോജ്യമായി ജീവിക്കുന്നതിന് നിദാനമായ പരിശീലനം നൽകിയ ഗുരുഭൂതൻമാരെ നന്ദിയോടെ സ്മരിക്കുന്നു. പ്രാർത്ഥനയുടെ കരം ഉയർത്തിയ എല്ലാ വൈദികർക്കും സിസ്റ്റേഴ്സിനും നല്ല മാതൃക പകർന്ന സമൂഹാംഗങ്ങൾക്കും ഹൃദയം നിറഞ്ഞ നന്ദി. ഇനിയും അച്ചന്റെ മുന്നോട്ടുള്ള പ്രയാണത്തിൽ നിങ്ങളുടെ പ്രാർത്ഥനയും സഹകരണവും ഉണ്ടായിരിക്കട്ടെ.

ആത്മനൽവരങ്ങളാൽ നിറഞ്ഞ് കർത്താവിന്റെ ബലിപീഠത്തിലേക്ക് നടന്നടുക്കുന്ന എന്റെ അഞ്ച് സഹോദരൻമാരേയും ദൈവസന്നിധിയിൽ നന്ദിയോടെ സമർപ്പിക്കുന്നു. ഒപ്പം നവവൈദികർക്ക് എല്ലാവിധമായ ആശംസകളും പ്രാർത്ഥനകളും അനുമോദനങ്ങളും നേരുകയും ചെയ്യുന്നു.

●◆●

# 'Metanioa'; A Bethanian Need of the Time

**Francis Varghese Thekkepookalam OIC**

Living in this universe undoubtedly takes us to a world of challenge. Changing lifestyle, owing to the influx of social networks, which alter the minds of the people resulting in individualism in one side, corruption from bottom to top, gender inequality, unhealthy competition, war & violence, poverty, etc on the other side are some of the challenges. If not taken seriously or controlled cautiously, the consequence they precipitate would be so dangerous that the healthy balance of the society may gradually fade away. In order to avoid this, what we urgently need now is an uncompromising transformation of the society. But, a mere transformation of the society in itself will not reach anywhere, unless a transforming agent emerges. Religious Congregations can, in this regard, play a vital role as an agent of transformation. For, the very call to religious life demands "present-day needs of souls" (Perfectae Caritatis, 9). This should be actualized through Apostolic and Charitable activity, the very nature of religious life. For this reaosn, the entire religious life of the members should be imbibed with an apostolic spirit and all their apostolic activity with a religious spirit (Perfectae caritatis, 8). With this preface, let us now delve into the very participation and role of Bethany Ashram (Order of the Imitation of Christ), a Pontifical Religious Congregation in social transformation with religious spirit as the energy to her apostolic activity. In order to

substantiate the points, let us, first of all discuss the Apostolic and Charitable activities of Bethany Ashram with the motto of Mar Ivanios, the founder at its core, followed by a genuine evaluation on the application of the motto in our lives so as to make our activities effective.

Vatican Council II, in *Perfectae Caritatis* clearly mentions about the very aim of religious life by way of Apostolic activities; "In order that the members may first answer their call to follow Christ and to serve Christ himself in his members, their Apostolic activity must have its source in intimate union with him" (Perfectae Caritatis, 8). Here, *Perfectae caritatis* stresses the importance of possession of God necessary for service of God. However, the motto that Mar Ivanios embraced years before the commencement of II Vatican Council for the renewal of Bethany Ashram reflected the above; "possession of God is better than service of God". For him, possession of God means being in union with God and this possession of God leads us to the service of God; that is, the service of entire humanity.

Rooted in the Oriental Religious Tradition and Indian Spirituality, Bethany Ashram has kept and has been keeping intact the motto of Mar Ivanios in all her Apostolic and Charitable activities that are aimed at transforming the society. For the very way of her life by way of external appearance sucha as habits, hospitality, community life, caring, etc and inner appearance such as kindness, sincerity, devotion, humility, etc is unique to Bethany Ashram. Moreover, the very name Bethany, "a house of afflicted" from the biblical background, as an Ashram today stands indeed as a house of afflicted for those who are marginalized inthe society. No doubt Bethany zealously partakes in the process of social

transformation. Some of her apostolic and charitable activities include education, rehabitation centers, orphanages, parishes, Bethanian retreats, etc.

However, despite all her efforts to transform the society by way of apostolic activities, there remains certain questions unanswered: are all our apostolic activities done in union with God? How effective are our apostolic activities? Do they resemble the works done by NGOs? Are we totally dedicated in what we are assigned to do? Here, a deeper evaluation on our apostolic activities needs to be taken place. In other words, do our apostolic activities produce the desired effect in society? If this is to happen, according to me, there should be a transformation in each Bethanian's life: a transformation in his mindset, perception, way of life, character, actions, etc. This means that a change of heart (Metanoia) is what is required from each Bethanian as to make his apostolic activities effective. This does not mean that all are leading a chaotic life. But, in order that the kingdom of Heaven has come near, there should happen an urgent conversion of Heart (Mt. 4:17). And this conversion of heart is the first step of social transformation. To acquire a conversion of heart calls for a change of life style, which means clothing ourselves with the new self; created according to the likeness of God in true righteousness and holiness (Ep. 4:24). Anyone can follow this path, but only with certain human qualities. Love for all, compassion to the needy, an honest approach to the responsibilities, humility before our companions, forgiveness to enemies, faithfulness to duties, etc are to be imbibed. On the whole, our renewed life should be message for social transformation (Mahatma Gandhi).

●◆●

# പ്രണയമാധുര്യം

ഫാ. സാമുവൽ ജോർജ് ഒ.ഐ.സി.

നിനവിൽ ഒരു ബലിയും, ബലിപീഠവും ബാല്യത്തിന്റെ ഒരു പ്രണയമാധുര്യമായിരുന്നു. അക്ഷരലോകത്തേക്കു കുഞ്ഞിളം പാദങ്ങൾ ഊന്നിയപ്പോഴും, ഇളം ചുണ്ടിൽ അവന്റെ നാമം ഉരുവിട്ടപ്പോഴും, നെറ്റിയിൽ കുരിശടയാളം ഏറ്റുവാങ്ങിയപ്പോഴും അറിയാതെ മനസ്സിൽ മുളപ്പൊട്ടിയ ഒരു പ്രണയം. കാലം കരതാരിൽ തരുന്ന യാഥാർത്ഥ്യത്തിൽ മുറിവുകളിൽ നൊമ്പരവും, ഇല്ലായ്മയുടെ ദുഃഖവും തളം കെട്ടി നില്ക്കുമ്പോഴും നിണവഴികളിലെ ദിവ്യപൈതൽ എന്നെ വല്ലാതെ ആകർഷിച്ചിരുന്നു. ലാളനകളുടെ ലാഞ്ഛനകൾ അന്യമായ ദിനങ്ങളിൽ, ഒരു കീറ്റ പായയിൽ മുഖമമർത്തി നെടുവീർപ്പിടുമ്പോഴും കാൽവരിയുടെ കദനകഥകൾ തെളിമയുടെ വിരിമാറിൽ സ്വാന്തനത്തിന്റെ കുളിർതെന്നലായിരുന്നു. ബാല്യത്തിന്റെ ചെയ്തികളിൽ ഇണക്കവും പിണക്കവും കൈ മുതലായവരുടെ ആഘോഷതിമിർപ്പിൽ എന്റെ ഇടനെഞ്ച് വിതുമ്പിയപ്പോൾ പ്രണയമാധുര്യം എന്നെ നയിച്ചത് വിസ്മയത്തിന്റെ ലോകത്തേക്കാണ്. ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ, നിരാശയുടെ വീഥികളിൽ, അകലങ്ങളുടെ വിസ്മൃതിയിൽ, ഇല്ലായ്മയുടെ തീരത്ത് ഞാനും അവനും തനിച്ചായിരുന്നു. ഏകാന്തതയുടെ തീരത്തു നിന്ന് അല്പം നിരുന്മേഷനായി ചെന്നത്തിയിരുന്ന മലമുകളിലെ സമാഗമ കൂടാരം ഇന്നും ഒരു ഗ്രഹാതുരത്വമുണർത്തുന്ന ഓർമ്മയാണ്. ഉത്തുംഗശൃംഗത്തിൽ നിശ്ചലനായി വിരിമാറുമായി കിടന്ന അവനെ നോക്കി വിതുമ്പി, മുഖം നഗ്നഭൂവിൽ അമർത്തുമ്പോഴും ആരും കാണരുതേ എന്റെ ഇടനെഞ്ചിന്റെ ദുഃഖം എന്നു ഞാൻ നിനച്ചിരുന്നു. അറിവിന്റെ വഴികളിലെ പിഴകൾ പരാജയ ഭീതിയെന്നോണം പിൻതുടർന്നപ്പോൾ ആശ്രയ വഴിയായി മാറിയ മലമുകളിലെ ഒരു ഗുരു മന്ദിരം-ആശ്വാസ വഴിലെ ഒരു നിറസാന്നിദ്ധ്യമായി മാറി. ഗുരുമൊഴികൾ സ്വാന്തനമായി

മാറിയപ്പോൾ പിന്നിട്ട വഴികളിലെ കയ്പ്പേറും അനുഭവങ്ങൾ അകലങ്ങളിലെവിടെയോ പോയ് മറഞ്ഞിരുന്നു. ഒടുവിലവന്റെ സ്വന്തമാകുക എന്റെ പ്രണയമാധുര്യത്തിന്റെ ഔന്നത്യമായിരുന്നു. പിറവി തന്ന മാതാപിതാക്കളും, പിറന്നു വീണമണ്ണും, നാടും, സൗഹൃദ ലോകവും അന്യമാകുമെന്നറിയാമായിരുന്നിട്ടും നിണവഴികളിലെ ക്രിസ്തുവിനെ പ്രണയിക്കാതിരിക്കാൻ കഴിഞ്ഞില്ല. മോഹഭംഗങ്ങളുടെ തേരിലേറി യാത്രയാകുന്നവരും ആഘോഷതിമിർപ്പുകളുടെ വേലിയേറ്റവും തുടർകഥകളാകുമ്പോൾ അല്പം നീരസം മാത്രം സ്വന്തമാക്കി ഞാൻ നടന്നു നീങ്ങിയിരുന്നു. ഒഴുക്കിനെതിരെ നീന്താൻ പദമൂന്നുമ്പോൾ പിൻവിളികളെന്നും ഒരു വിളിപാടകലെ എന്നെ പിൻതുടർന്നിരുന്നു. വിളിയുടെ ആഴങ്ങളിലേക്ക് ഉളിയിടുമ്പോൾ ഒരു പ്രതിബന്ധമായി ഒരു പാടു ചോദ്യങ്ങൾ നിഴലിച്ചിരുന്നു. വിളിയുടെ ആഴങ്ങളിലേക്ക് ഊളിയിടുമ്പോൾ ഒരു പ്രതിബന്ധമായി ഒരുപാടു ചോദ്യങ്ങൾ നിഴലിച്ചിരുന്നു. ഒരു ജന്മം മുഴുവൻ നീ പാഴാക്കി കളയുന്നുവോ? സ്നേഹ തീവ്രതയുടെ നീളവും ആഴവും ഒരു വാക്കിൽ കുറിക്കാൻ കഴിയാതെ മൗനിയായി നിലകൊള്ളാനെ അപ്പോൾ കഴിഞ്ഞിരുന്നുള്ളൂ. നിഷ്ഠാനുഷ്ഠാനങ്ങൾ ജീവിതചര്യയായി മാറ്റപ്പെടുന്ന ദിനങ്ങളിൽ അകപ്പൊരുളുകളുടെ നൈവേദ്യമായി എന്റെ ജീവിതം മാറ്റപ്പെട്ടു. ഈ ഭൂവിൽ ഇനി ഒരു കണിക പോലും അവശേഷിപ്പിക്കാതെ വിളിയുടെ വഴിയിൽ വെറുമയുടെ പര്യായമായി ഒരു ജീവിതം പിറവി കൊണ്ടു. അകലങ്ങളിലെവിടെയോ കണ്ണീരിൽ കുതിർന്ന പ്രാർത്ഥനകൾ ഉരുവിടുന്ന പ്രാണന്റെ സ്വന്തമായവരുടെ ജീവിതം എനിക്കു ധൈര്യം പകർന്നു. മറുതലിക്കുന്ന ലോകത്തിന്റെ നടുവിൽ നേർവഴിയുടെ ജീവിതം മെഴുകുതിരിയുടെ ഒരു ദൗത്യം മാത്രമായിരുന്നു. ജന്മാന്തരങ്ങളിലൂടെ ഒരു നിനവ് ഹൃദയകോണിൽ സ്വന്തമാക്കി അവൻ കാത്തിരിക്കുകയാണ്-അവന്റെ സ്വപ്നമായിരുന്ന ഒരു ബലിപീഠത്തിനും ബലിക്കുമായി. ഒരു പ്രാർത്ഥന മാത്രം- അണയരുതേ അകതാരിലേ ദിവ്യമായ പ്രണയം....

●◆●

# ഇതാ ഞാൻ; എന്നെ അയച്ചാലും

## ഫാ. അരുൺദാസ് ഒ.ഐ.സി

ജീവിതത്തിൽ ദൈവം നൽകിയ അമൂല്യനിധി തേടിയുള്ള യാത്രയിൽ ദൈവം തന്നെ വഴി നടത്തിയ കഥകളാണ് എന്നെ ഇന്ന് ഞാനാക്കുന്നത്. തന്നെത്തന്നെ എനിക്കു നൽകുവാനും സവിശേഷമായ ഈ ശുശ്രൂഷയ്ക്ക് എന്നെ നിയോഗിക്കുവാനും അവിടുന്ന് തിരു മനസ്സായിരിക്കുന്നത് അവിടുത്തേക്ക് എന്നോടുള്ള ഇഷ്ടം കൊണ്ടു മാത്രമാണെന്ന് ഞാൻ തിരിച്ചറിയുന്നു. പരിശീലനകാലഘട്ടത്തിനൊ ടുവിൽ ആ മഹാപരിശീലകന്റെ മുമ്പിൽ ശിരസ്സു നമിച്ചുകൊണ്ട് കൃതജ്ഞതാർപ്പണത്തിന്റെ ബലിപീഠത്തിലേയ്ക്ക് പ്രവേശിക്കുമ്പോൾ കഴിഞ്ഞ കാലങ്ങളിൽ ദൈവം എനിക്കായി കരുതിയ കരുണയുടെ കരങ്ങളെ നന്ദിപൂർവ്വം അനുസ്മരിക്കുകയും സഹയാത്രികരെ ഹൃദയത്തോട് ചേർക്കുകയും ചെയ്യട്ടെ.

ജീവനും സ്വപ്നങ്ങളും ദൈവത്തിൽ നിന്ന് വാങ്ങിത്തന്ന മാതാപിതാക്കൾ....

സ്നേഹത്തിന്റെ ബാലപാഠങ്ങൾ പഠിപ്പിച്ച കൂടപ്പിറപ്പുകൾ....

പ്രാർത്ഥനയും പ്രചോദനവുമായി നിന്ന വിരാലിവിള ജ്ഞാറ്റുവിളകത്തു കുടുംബാംഗങ്ങൾ...

അറിവിന്റെ വിസ്മയ ലോകം കാട്ടിത്തന്ന ഗുരുഭൂതർ...

സൗഹൃത്തിന്റേയും സാഹോദര്യത്തിന്റേയും പാരസ്പര്യത്തിന്റേയും മുത്തുകൾ ജീവിതത്തിൽ തുന്നിച്ചേർത്ത സഹപാഠികൾ, സുഹൃത്തുക്കൾ...

ദൈവരാജ്യത്തിന്റെ പരിലാളനയ്ക്ക് എന്നെ കൈപിടിച്ചുയർത്തിയ മുൻവികാരി അച്ചന്മാർ....

ഇടവകയിൽ ശുശ്രൂഷ ചെയ്ത സ്നേഹമാർഗ്ഗം ചൊല്ലിത്തന്ന ബഹു. സഹോദരിമാർ....

ജാഗ്രതയോടെ പ്രാർത്ഥിച്ച ഇടവക വിശ്വാസികൾ....

ദൈവം ഏൽപിച്ച ജീവിതം ഭംഗിയായി പൂർത്തീകരിച്ച നമ്മിൽ നിന്നു നിത്യസമ്മാനത്തിനായി കടന്നുപോയ ബന്ധുമിത്രാദികൾ....

വളരെ പ്രത്യേകമായി ആദ്യാക്ഷരം ചൊല്ലിത്തന്ന അപ്പച്ചനും വിശ്വാസത്തിന്റെ തിരിവിളക്കായിരുന്ന ഫ്രാൻസിസ് ബ്രദറും...

തുടങ്ങിയവർക്കെല്ലാം ഹൃദയത്തിന്റെ ഭാഷയിൽ നന്ദി...

ആശ്രമത്തിലെ എന്റെ ഗുരുക്കന്മാർ, ആദ്ധ്യാത്മിക പിതാക്കൾ സമൂഹത്തെ നയിക്കുന്ന സന്ന്യാസ വൈദികശ്രേഷ്ഠർ...

വിവിധ മേഖലകളിൽ ശുശ്രൂഷ ചെയ്യുന്ന മറ്റു വൈദീകസന്ന്യാസ സഹോദരങ്ങൾ...

ആശ്രമത്തിൽ ആദ്യവർഷം ഗുരുവായിരുന്ന് നിത്യതയിലേക്ക് യാത്രയായ വന്ദ്യലോറൻസച്ചൻ.

പരിശീലനത്തിന്റെ സിംഹഭാഗവും ചെലവഴിച്ച പൂനെ ബഥനി ആശ്രമവും അവിടുത്തെ അന്തേവാസികളും തത്വശാസ്ത്രദൈവ ശാസ്ത്രവിഷയങ്ങൾ പഠിച്ച ജ്ഞാനദീപവിദ്യാപീഠവും ബഥനി വേദ വിജ്ഞാനപീഠവും അതിലെ ഗുരുക്കന്മാരും സഹപാഠികളും വളരെ പ്രത്യേകമായി എന്നും കൂടെ നടന്ന എന്റെ ബാച്ചിലെ സഹോദരങ്ങൾ തുടങ്ങിയവരെ ഞാൻ ഹൃദയത്തോട് ചേർത്തു വയ്ക്കുന്നു.

മലങ്കര സുറിയാനി കത്തോലിക്കാസഭയിൽ വൈദിക പട്ടം സ്വീക രിക്കുന്ന ഈ വേളയിൽ സഭയുടെ തലവനും പിതാവുമായ ശ്രേഷ്ഠ കാതോലിക്കാബാവയേയും എല്ലാ ശ്രേഷ്ഠാചാര്യന്മാരേയും വൈദിക രേയും എല്ലാ സന്ന്യാസമന്ദിരങ്ങളേയും വിശ്വാസികളേവരേയും നന്ദി പൂർവ്വം സ്മരിക്കുന്നു.

ഈ കടപ്പാടുകൾ ഇവിടെ അവസാനിക്കുന്നില്ല; ഉപേക്ഷിക്കുന്നു മില്ല. ദൈവത്തിന്റെ അനന്തമായ വഴി നടത്തലുകൾ എനിക്ക് അനുഭവവേദ്യമാക്കിയത് ഈ കരങ്ങളിലൂടെയാണെന്ന തിരിച്ചറിവ് ഓർമ്മകളായി എന്നെ ഏവരോടും ചേർത്തുനിർത്തുന്നു. തുടർന്നുള്ള പ്രയാണത്തിൽ പരസ്പരമുള്ള പ്രാർത്ഥന നമ്മെ ദൈവത്തിന്റെ സ്നേഹഹൃദയത്തിൽ ഒന്നിപ്പിക്കട്ടെ.

●◆●

# സ്നേഹസമ്പന്നായ അരുൺ അച്ചൻ

ബ്ര. പോൾ നവീൻ ഒ.ഐ.സി.

ബഥനിക്ക് ആഹ്ലാദത്തിന്റെ നിമിഷങ്ങൾ! ബഥനിയുടെ ഉദ്യാനത്തിൽ ഇന്ന് അഞ്ച് പൂമൊട്ടുകൾ വിരിയുന്നു. വിവിധ വർണ്ണങ്ങളിൽ വിരിയുന്ന ഈ പൂക്കൾ ബഥനിയെന്ന ഉദ്യാനത്തെ കൂടുതൽ മനോഹരമാക്കട്ടെ. ക്രിസ്തുവിന്റെ ബലിപീഠത്തിലേക്ക്, ബലിയർപ്പകരാകാൻ, ബലിപീഠ മാകാൻ, ബലിവസ്തുവാകാൻ, അവർ ഉയർത്തപ്പെടുന്നു. പതിനാലാണ്ടുകൾ നീണ്ട പരിശീലനത്തിന്റെയും പഠനത്തിന്റെയും പരിത്യാഗത്തിന്റെയും പൂർണ്ണതയിൽ എത്തുന്ന ഈ ആനന്ദവേളയിൽ കൊച്ചച്ചന്മാരിൽ ഒരുവനായ അരുൺദാസിനെ പരിചയപ്പെടുത്തുന്നതിൽ അതിയായ സന്തോഷമുണ്ട്.

പക്വതയാർന്ന ജീവിതശൈലിയുടെയും സവിശേഷമായ വ്യക്തിത്വത്തിന്റെയും ഉടമയായ അരുൺദാസ് അച്ചൻ തിരുവനന്തപുരം ജില്ലയിൽ വിഴിഞ്ഞം എന്ന സ്ഥലത്ത് ദേസരിവീട്ടിൽ രവീന്ദ്രദാസിന്റെയും റോസ്മേരിയുടെയും മൂന്നു മക്കളിൽ മൂത്തമകനായി ജനിച്ചു. പ്ലസ്ടു പഠനത്തിനുശേഷം ഒരു സന്ന്യാസവൈദികൻ ആകാൻ ആഗ്രഹിച്ച് 2002 ജൂൺ 13-ന് നാലാഞ്ചിറ ബഥനി ആശ്രമത്തിൽ യോഗാർത്ഥിയായി ചേർന്നു. യോഗാർത്ഥിപദം പൂർത്തിയാക്കിയ അച്ചൻ 2003 ജൂൺ മാസത്തിൽ ആലുവ തപോവനം നോവിഷ്യേറ്റിൽ നവശിഷ്യനാവുകയും ആ വർഷത്തെ നവശിഷ്യപരിശിലീനത്തിനു ശേഷം 2004 ജൂൺ 1-ന് ആദ്യവ്രതവാഗ്ദാനം നടത്തുകയും ചെയ്തു. തുടർന്ന് മാർ ഈവാനിയോസ് കോളേജിൽ നിന്ന് ആംഗലേയ സാഹിത്യത്തിൽ ബിരുദം കരസ്ഥമാക്കി. അതിനുശേഷം പൂന ജ്ഞാനദീപ വിദ്യാപീഠത്തിൽനിന്നും തത്വശാസ്ത്രത്തിൽ ബിരുദം നേടി. തുടർന്ന് കറ്റാനം ബഥനി ആശ്രമത്തിൽ റീജൻസി നടത്തി. പിന്നീട് ദൈവശാസ്ത്രപഠനം ജെ.ഡി.വി.യിലും ബി.വി.പി.യിലും ആയി നടത്തി.

അരുൺ അച്ചനെ അറിയുന്ന ഏതൊരാൾക്കും അദ്ദേഹത്തെക്കുറിച്ച് വളരെ കാര്യങ്ങൾ പറയാനുണ്ടാകും. വളരെ കഴിവുകളുള്ള, എല്ലാ കാര്യങ്ങളിലും സ്വന്തമായ അഭിപ്രായവും നിലപാടുമുള്ള, ചിന്തകളിൽ വ്യക്തതയും, ഗഹനതയുമുള്ള, ദൈവഭക്തിയും എളിമയുമുള്ള ഒരു വ്യക്തിത്വത്തിനുടമയാണ് ബഹുമാനപ്പെട്ട അരുൺ അച്ചൻ. ശാന്തതയും പ്രസന്നതയും അച്ചന്റെ മുഖമുദ്രയാണ്.

അറിവ് സമ്പാദിക്കുന്നതിന് വളരെ പ്രാധാന്യം നല്കുന്ന ആളാണ് അച്ചൻ. സ്വന്തമായി അറിവു സമ്പാദിക്കുന്നതിന്-പ്രത്യേകിച്ച് വി. ബൈബിളിലും സഭാപരമായ കാര്യങ്ങളിലും-അച്ചൻ കാണിക്കുന്ന താല്പര്യം അനുകരണീയമാണ്. പഠനകാര്യങ്ങളിൽ മറ്റുള്ളവരെ സഹായിക്കാൻ അച്ചൻ എപ്പോഴും പരിശ്രമിച്ചിരുന്നു. അതിന് ഉത്തമ ഉദാഹരണമാണ് പൂനയിൽ കുട്ടികൾക്കുവേണ്ടിയുള്ള ട്യൂഷൻ ക്ലാസ്സുകൾ.

ഒരു നല്ല ഗായകനും പ്രസംഗകനും കൂടിയാണ് കൊച്ചച്ചൻ. പൂനയിലെ ബഥനിഗായകസംഘത്തിന്റെ അവിഭാജ്യഘടകമായിരുന്നു അച്ചൻ. പ്രസംഗങ്ങൾ തയ്യാറാക്കുന്നതിന് ഞങ്ങൾ ഓടിയെത്തിയിരുന്നത് അച്ചന്റെ സമീപത്തായിരുന്നു. നൂതന ആശയങ്ങളാലും ഭാഷാശൈലിയാലും സമൃദ്ധമായിരുന്നു അച്ചന്റെ ചിന്തകൾ. ആഴമായ ഭക്തിയും ദൈവാശ്രയബോധവും അച്ചന്റെ ജീവിതത്തിൽ നിഴലിച്ചു കാണാൻ സാധിക്കും. ദൈവാലയത്തിൽ വളരെ സമയം പ്രാർത്ഥനയിൽ ചെലവിടുന്ന ഒരു സന്ന്യാസവൈദികനെ ആണ് സഭയ്ക്കു ലഭിക്കുന്നത് എന്നതിൽ നമ്മുക്കു സന്തോഷിക്കാം. വളരെ കഴിവുകളുള്ള അരുണച്ചൻ ബഥനിസമൂഹത്തിനും മലങ്കരസഭയ്ക്കും ദൈവം നല്കിയ സമ്മാനമാണ്. അച്ചന്റെ ജീവിതയാത്രയിൽ ദൈവത്തിന്റെ അനുഗ്രഹവും കൃപയും സമൃദ്ധമായി ഉണ്ടാകട്ടെയെന്ന് പൂനാപഠനഗൃഹത്തിലെ സഹോദരങ്ങൾ ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. അച്ചന്റെ സന്ന്യാസപൗരോഹിത്യജീവിതം ദൈവത്തിനുള്ള സ്നേഹസമ്മാനമാകട്ടെ എന്ന് ആശംസിക്കുന്നു.

●◆●

# പുതുജീവിതപാതയിലേക്ക്

**രവീന്ദ്രനാഥ് & റോസ് മേരി**

**(അരുൺദാസ് അച്ചന്റെ മാതാപിതാക്കൾ)**

ഞങ്ങളുടെ പിതാമഹൻ മോശസ് പ്രധാനിയും തന്റെ ആറുമക്കളും ദൈവിക ശുശ്രൂഷയിലും യാമപ്രാർത്ഥനയിലും ത്യാഗപ്രവൃത്തികളിലും പുണ്യ ജീവിതം നയിച്ചവരായിരുന്നു. തങ്ങളുടെ കുടുംബത്തിൽ നിന്ന് ഒരു ദൈവവിളിയുണ്ടാകണമെന്ന് പ്രാർത്ഥിച്ചുകാത്തിരുന്നു. അതിനുത്തരമായി ഏശയ്യ 11:1-ൽ പറയുന്നതുപോലെ സംഭവിച്ചു. "ജെസ്സെയുടെ കുറ്റിയിൽ നിന്ന് ഒരു മുള കിളിർത്തുവരും. അവന്റെ വേരിൽ നിന്ന് ഒരു ശാഖ പൊട്ടിക്കിളിർക്കും. കർത്താവിന്റെ ആത്മാവ് അവന്റെ മേൽ ആവസിക്കും". അങ്ങനെ ഞങ്ങ ളുടെ മൂന്ന് മക്കളിൽ മൂത്തവനായ അരുൺദാസിലൂടെ തലമുറകളുടെ ആഗ്രഹം സഫലമാക്കി, ബഥനി കുടുംബത്തിലെ ഒരംഗമാക്കി വൈദികനായി ഉയർ ത്തിയ ദൈവത്തിന് ഒരായിരം നന്ദിയർപ്പിക്കുന്നു.

ബാലനായിരിക്കുമ്പോൾതന്നെ അവനിലെ പ്രാർത്ഥനയും വൈദികരോടും സിസ്റ്റേഴ്സിനോടുമുളള മമതയും ഞങ്ങൾ ശ്രദ്ധിക്കുന്നുണ്ടായിരുന്നു; ഒപ്പം വേദപഠനത്തിലും അൾത്താര ശുശ്രൂഷയിലുള്ള താല്പര്യവും. പ്രൈമറി ഹൈസ്കൂൾ, +2 പഠനത്തിനുശേഷം ബഥനി ആശ്രമത്തിൽ വൈദികപരിശീലനം ആരംഭിച്ചു. ഇടവക വൈദികൻ ഫാ. ജേക്കബ് ചിറയത്ത്, സിസ്റ്റർ ദീപ, സിസ്റ്റർ ജൂലിയ എന്നിവരുടെ പ്രാർത്ഥനാശംസകളും ആശ്രമപഠനത്തിലെ നാളിതുവരെയുള്ള പരിശീലനകാലഘട്ട ത്തിൽ കുടുംബത്തിലേയും ഇടവകകളിലേയും കൂട്ടായ പ്രാർത്ഥനയും ഒപ്പമുണ്ടായി രുന്നു. സ്നേഹോഷ്മളമായ പ്രോത്സാഹനവും കരുതലും നൽകി അരുൺദാസിനെ രൂപീകരണകാലഘട്ടത്തിൽ വളർത്തി വലുതാക്കിയ എല്ലാ ഗുരുഭൂതർക്കും, സിസ്റ്റേഴ്സിനും ആദ്ധ്യാത്മികപിതാക്കന്മാർക്കും നന്ദിയർപ്പിക്കുന്നു.

മർക്കോസ് 16:15-ലെ നിങ്ങൾ ലോകം മുഴുവനും പോയി സകല സൃഷ്ടികളോടും സുവിശേഷം പ്രഘോഷിക്കുവിൻ എന്ന യേശുനാഥന്റെ തിരുവചനം ഉൾക്കൊണ്ട് സഭയ്ക്കു വിധേയപ്പെട്ട് സുവിശേഷം അറിയിക്കുവാൻ അനുഗ്രഹിക്കണമെന്ന് സർവ്വശക്തനായ ദൈവത്തോട് പ്രാർത്ഥിക്കുന്നു.

ബന്ധിതർക്കു മോചനവും അന്ധർക്കു കാഴ്ചയും അടിച്ചമർത്തപ്പെട്ടവർക്കു സ്വീകാര്യമായ വത്സരവും പ്രഖ്യാപിക്കുവാൻ അവിടുന്ന് എന്നെ അയച്ചിരിക്കുന്നു എന്നു പ്രഖ്യാപിച്ച യേശുനാഥനെ പിന്തുടരാൻ സർവ്വേശ്വരൻ കൃപയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. എന്നെ ശക്തനാക്കുന്നവനിലൂടെ എല്ലാം ചെയ്യാൻ എനിക്കു സാധിക്കും എന്ന തിരുവചനം മകനു തുണയാകട്ടെയെന്നു ആശംസിക്കുന്നു. ബഥനി ആശ്രമത്തിൽ വൈദികനായി ദൈവത്തിനും ദൈവജനത്തിനും ശുശ്രൂഷ ചെയ്യുവാൻ എല്ലാവിധ ആശംസകളും നേരുന്നു.

●◆●

# ക്രിസ്തുവിന്റെ പുരോഹിതൻ

ബ്ര. ലിബിൻ ഒ.ഐ.സി.

പരിഗണനയാണ് അവന്റെ പഥ്യം. അനാഥനും ദരിദ്രനുംവേണ്ടി മുന്തിയ പങ്ക് കരുതുന്നവനാണ് പുരോഹിതൻ. ഇരുട്ടിനെ പഴിക്കാതെ വെളിച്ചം തെളിക്കുന്നവനാണ് ക്രിസ്തുവിന്റെ യഥാർത്ഥ പുരോഹിതൻ. ദൈവത്തിന്റെ തിരഞ്ഞെടുപ്പിന്റെയും പരിപാലനയുടേയും ചരിത്രം അവനെന്നും മുതൽക്കൂട്ടാണ്. അതിനാൽതന്നെ അവന്റെ ശുശ്രൂഷാ പ്രയാണം ഔന്നത്യങ്ങളിലേക്കാണ് പറന്നുയരുന്നത്. എല്ലാവരുടേയും നന്മ കാംക്ഷിച്ച് ക്ഷേമത്തിനായി പ്രവർത്തിക്കുന്ന നല്ലിടയനായ ക്രിസ്തുവിനെ പ്രതിനിധാനം ചെയ്യുന്നവനാണ് ക്രിസ്തുവിന്റെ പുരോഹിതൻ. ഏവരേയും വിഭാഗീയതയുടെ കണ്ണുകൾകൊണ്ടു കാണാതെ സമാനതയുടെ ദർശനത്തിൽ കൊണ്ടുവരുവാൻ അവൻ ശ്രദ്ധിക്കുന്നു. ആരുടേയും പരിഗണന അർഹിക്കാതെ ആരെയും പഴിക്കാതെ, പഴി ചാരാതെ ക്രിസ്തുവിനുവേണ്ടി സ്വയം ബലിയായി തീരുന്നൊരു ജീവിതം. ക്രിസ്തു തന്റേതെന്നു പേരുചൊല്ലി വിളിച്ചവൻ, വിശുദ്ധീകരിച്ചവൻ, വേർതിരിച്ചവൻ അങ്ങനെ അവന്റെ ജീവിതത്തിനു സവിശേഷതകൾ ഏറുകയാണ്. ഒരു ദിവസത്തിന്റെ പ്രഭാതത്തിന്റെ പ്രഥമ മണിക്കൂറുകളിൽ ക്രിസ്തുവിനെ സ്വന്തം കരങ്ങളിൽ എടുക്കുവാൻ കഴിയുക, അതു വാഴ്ത്തി വിഭജിച്ച് നൽകാൻ കഴിയുക. ഇതു നിനക്കു മാത്രം അവകാശപ്പെട്ടതും അർഹതപ്പെട്ടതും ആണ് ക്രിസ്തുവിന്റെ പുരോഹിതാ. നിനക്കു പകരം വയ്ക്കാൻ നീ മാത്രം. എല്ലാവരും സ്വസ്ഥമായി വിശ്രമിക്കുമ്പോഴും ലോകത്തിനു മുഴുവനുംവേണ്ടി ഇരുകരങ്ങളും വിരിച്ച് അരണ്ട വെളിച്ചത്തിൽ സക്രാരിയുടെ മുന്നിൽ മുട്ടുകുത്തുന്ന പുരോഹിതാ, നിനക്കു സഹസ്രപ്രണാമം! ഏറെ അംഗീകാരവും ആദരവും ഒന്നും പ്രതീക്ഷിച്ചല്ല നിന്റെ ശുശ്രൂഷകൾ. മറിച്ച് ദൈവമഹത്വത്തിനും അവന്റെ ദൈവരാജ്യപ്രഘോഷണത്തിനും വേണ്ടിയാണ്

അവന്റെ ജീവിതം. ക്രിസ്തുവിനുവേണ്ടി അനുദിനം ജീവിക്കുന്ന പുരോഹിതാ! നിന്റെ ജീവിതം അനേകർക്കു അനുഗ്രഹമായി ഭവിക്കട്ടെ. ഹൃദയത്തിന്റെ തുറവിയിൽ ശുശ്രൂഷ ചെയ്യുവാൻ നിനക്കാവട്ടെ എന്നെന്നും. അവന്റെ പൗരോഹിത്യശുശ്രൂഷ ദൈവജനത്തെ അടുത്ത റിയാതെ പൂർത്തീകരിക്കപ്പെടുകയില്ല. അതുകൊണ്ടാണ് അവന്റെ കബറ ടക്കശുശ്രൂഷയിൽ അവൻ സേവിച്ച ബലിപീഠത്തോടും ദൈവജന ത്തോടും ദൈവാലയത്തോടും വിടചോദിക്കുന്നത്. എന്റെ ജനം, എന്റെ ബലിപീഠം, എന്റെ ദേവാലയം, എന്റെ ഗ്രാമം ഇവയെല്ലാം അടുപ്പത്തിന്റെ പ്രതീകങ്ങളാണ്. നീ എന്നെന്നും എല്ലാവർക്കും പ്രിയങ്കരനാണ്.

●◆●

# അപരിചിതം

ബ്ര. തോമസ് ഫ്രാൻസിസ് ഒ.ഐ.സി.

നിലാവിന്റെ തെളിമയിലിളകിയാടുന്ന നിഴൽബിംബങ്ങളിൽ നോക്കിയിരുന്ന് യാമങ്ങൾ മറഞ്ഞു. ഒടുവിലൊരു ധ്യാനത്തിന്റെ ആഴത്തിലേക്ക് അയാൾ താണുപോയി. കനലു നിറയുന്ന മനസ്സിനെ കുളിരണിയിച്ച് ഇളംകാറ്റ് അയാളുടെ താടിരോമങ്ങൾ നിറഞ്ഞ മുഖം തഴുകി നീങ്ങി. അയാളുടെ മുടിയിഴകൾ ശാന്തമായി ഒഴുകുന്ന പുഴ പോലെയായിരുന്നു. കാടിന്റെ നിഗൂഢതയിൽ ചീവീടുകളുടെ നാദം മുഴങ്ങി. കൂട്ടമായി കൂകിയലച്ചു വന്ന പക്ഷികൾ അവനരികെ മൗനികളായി. അങ്ങകലെയായി ഓരിയിട്ടിരുന്ന കുറുക്കൻമാർ തല താഴ്ത്തി മാളങ്ങളിലേക്കു വലിഞ്ഞു. ദിനങ്ങളും മാസങ്ങളും വർഷങ്ങളും അവനെ താലോലിച്ചു. അങ്ങനെ നീണ്ട പതിനാലു വർഷങ്ങൾ....

ഇനി ബോധോദയത്തിന്റെ നിമിഷങ്ങളാണ്.....

അയാൾ നടന്നു തുടങ്ങി.....

ഒരു മായാജാലക്കാരനെപ്പോലെ അയാൾ തന്റെ തൊപ്പിയിൽ നിന്ന് സമ്മാനങ്ങൾ വാരി വിതറി.

തെരുവിലെ പട്ടികളും കുട്ടികളും ഒരുപോലെ അവനെ വളഞ്ഞു. അവന്റെ വാക്കുകൾ കൊള്ളിയാൻ പോലെ മിന്നി. ചിലർ കൈയ്യടിച്ചു; ചിലർ കൂവി വിളിച്ചു. വേറെ ചിലർ കരഞ്ഞു; കണ്ണീർ വറ്റും വരെ. ചിലർ തല കുലുക്കി; ആകാശം നോക്കി ചിന്തകരെപ്പോലെ തല ചൊറിഞ്ഞു. ഇതിലൊന്നും പെടാത്ത ഒരുകൂട്ടം അവനെതിരെ പിറുപിറുത്തു.

അവൻ നിന്നു.......പുഞ്ചിരി തൂകി നിറഞ്ഞു.

മുന്നിലുയരുന്ന വൻ തിരമാലകൾ കണ്ട് അവൻ ഞെട്ടിയില്ല. ആധികളും വ്യാധികളും അവനൊരു വെല്ലുവിളിയായില്ല. കാരണം, ലോകം മുഴുവൻ ഗാഢനിദ്രയിലാഴുന്ന യാമത്തിൽ.....നിലാവിന്റെ നീലിമയിൽ......കുഞ്ഞിളം കാറ്റിനൊത്തിളകുന്ന കാടും..... വള്ളിപ്പടർപ്പുകൾ നിറഞ്ഞു നിൽക്കുന്ന മതിലും കടന്ന്....മല മുകളിലെ ഉണ്ണീശോപ്പള്ളിയുടെ ആനവാതിലൂടെ അയാൾ അകത്തു കടന്നു. വെള്ളിമേഘങ്ങൾ ഒഴുകി നീങ്ങിത്തെളിയുന്ന വാനം പോലെ അവന്റെ മനസ്സും തെളിഞ്ഞു. ശാന്തമായി. ആളുകളനവധി നടന്നിട്ടില്ലാത്ത പ്രദേശങ്ങളിലൂടെ കാലിലെ പൊടി തട്ടിയും തട്ടാതെയും അവൻ നടന്നു തുടങ്ങി.

●◆●

# പുതിയ നിയമനം

കെ.സി.ബി.സി. യൂത്ത് കമ്മീഷൻ സെക്രട്ടറിയായി ബഹുമാനപ്പെട്ട മാത്യു ജേക്കബ്ബ് തിരുവാലിൽ ഒ.ഐ.സി. അച്ചൻ നിയമിതനായി. പാലാരിവട്ടത്തുള്ള പി.ഒ.സി.യിലാണ് അച്ചന്റെ ഓഫീസ്. കേരള കത്തോലിക്കാസഭയുടെ കീഴിലുള്ള എല്ലാ യുവജന ശുശ്രൂഷകളെയും ഏകോപിപ്പിക്കുകയും ഉത്തേജിപ്പിക്കുകയുമാണ് അച്ചന്റെ ദൗത്യം. K.C.Y.M. State Director, I.C.Y.M. Kerala Regional Director എന്നീ നിലകളിലുള്ള ഉത്തരവാദിത്തം അച്ചനിൽ നിക്ഷിപ്തമാണ്.

റോമിലെ സലേഷ്യൻ പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്ന് Youth Ministry & Catechesis എന്ന വിഷയത്തിലാണ് അച്ചൻ ഡോക്ടേററ്റ് കരസ്ഥമാക്കിയിരിക്കുന്നത്. Science of Education വിഭാഗത്തിൽ തന്നാണ്ടിലെ ഏറ്റവും നല്ല ഗവേഷണ പ്രബന്ധത്തിനുള്ള സ്വർണമെഡൽ അച്ചൻ കരസ്ഥമാക്കുകയുണ്ടായി. ഗവേഷണ വിഷയം, Accompanying Youth on their journey towards marriage and family life: A special study in the light of *familiaris consortio* and later ecclesial documents with particular reference to the Catholic Youth in Kerala എന്നതാണ്.

അച്ചന്റെ ഫോൺ നമ്പർ 8281685445. തന്റെ പുതിയ നിയോഗത്തിൽ അച്ചന് എല്ലാ ദൈവാനുഗ്രഹങ്ങളും ആശംസകളും നേരുന്നു.

# ഒരില

ബ്രദർ ആഞ്ചലോ ഒ.ഐ.സി.

ഒരിലയ്ക്ക് ഒരു പെൺകിടാവിന്റെ ജീവൻ നിലനിർത്തുവാനുള്ള കഴിവുണ്ടായി. പ്രതീക്ഷകൾ അസ്തമിച്ച കണക്കുകൂട്ടലുകളുടെ ശിഷ്ടമായിരുന്നു ആ ഇല. ഒരിയ്ക്കലും കൊഴിഞ്ഞു വീഴാത്ത ഇല. കവിതയിൽ ഒതുങ്ങുന്ന ഒന്നല്ല, അത് ജീവിതങ്ങളിൽ തെളിയേണ്ടതാണ്. തെളി ഞ്ഞുകൊണ്ടിരിക്കുന്നതാണ് എന്നു പറയുന്നതാവും കൂടുതൽ ശരി.

ഒരില അളവില്ലാത്ത പ്രതീക്ഷയെങ്കിൽ ഒരു പുരോഹിതൻ, അതോ അതിനപ്പുറത്തോ ആണ്. എന്തെന്നാൽ, അനേകരുടെ കൊഴിഞ്ഞ പ്രതീക്ഷകൾക്കു മുമ്പിൽ പുരോഹിതൻ ഒരിലയായി നിൽക്കുകയാണ്. അതിനാലാണു പുരോഹിതൻ എന്ന വാക്കിനു പകരം പ്രത്യാശ എന്നും ഉച്ചരിക്കാവുന്നത്. അതിനാൽതന്നെയാണ് അനേകരുടെ ഹൃദയങ്ങളിൽ ളോഹ ധരിച്ച മാലാഖമാർ ഇന്നും കുടികൊള്ളുന്നത്.

പ്രത്യാശ ജീവിതത്തിന്റെ ഊർജ്ജമാണ്. വിശുദ്ധ കുരിശിന്റെ അഗ്രങ്ങളിലെ പൂമൊട്ടുകൾ നമ്മുടെ പ്രത്യാശയുടെ അടയാളമാണ്. ഉയിർത്തെണീറ്റ യേശു തന്നെയാണ് പുതിയ നിയമത്തിന്റെ മുഴുവൻ നൂക്ലിയസ്. അതുകൊണ്ടല്ലേ നാം പേരുകൊണ്ടുപോലും, വ്യത്യസ്ത ക്രിസ്തുദർശനങ്ങൾ ഉൾക്കൊള്ളുന്ന നാലു പുസ്തകങ്ങളെ സുവി ശേഷം (സദ് വാർത്ത) എന്നു വിളിക്കുന്നത്. ഇതിനെ ഹൃദയത്തിലും ജീവിതത്തിലും പേറുന്നവരാണ് ആ നിത്യ പുരോഹിതന്റെ നല്ല അനുയായികൾ. എല്ലാവരും അവരവരുടെ പ്രത്യാശയുടെ കാവൽക്കാ രാണ്. അതിന് ഊർജ്ജവും മാർഗ്ഗവും പകരുന്നവനാണ് പുരോഹിതൻ. കാരണം, പുരോഹിതനാണ് അവരുടേയും ആ വലിയ തമ്പുരാന്റെയും ഇടയിലെ മദ്ധ്യസ്ഥൻ.

പക്ഷേ, വരച്ചുവെച്ച ഇലയ്ക്ക് തിരിച്ചുചോദിക്കാൻ അവകാശങ്ങളൊന്നും ഇല്ല, അതിലുമുപരി ധർമ്മങ്ങൾ ഏറെയുണ്ടുതാനും. എന്തെന്നാൽ, ഇല അതിന്റെ അസ്ഥിത്വം തന്റെ സ്രഷ്ടാവിനോടു ചേർത്തുവച്ചിരിക്കുന്നു. ഇലയ്ക്ക് ഇലയുടെ ധർമ്മം ഉണ്ട് നിറവേറ്റാൻ. അത് നൽകപ്പെട്ട ധർമ്മമാണ്. അതിനാൽ ആ ധർമ്മം ഇലയുടെയല്ല, പിന്നെയോ അത് വരച്ചവന്റെയാണ്.

കർത്താവും കൃതിയും ഒന്നായിത്തീരുന്നതു പോലെ, ചിത്രവും ചിത്രകാരനും ഒന്നായിത്തീരുന്നതു പോലെ, പുരോഹിതനും ക്രിസ്തുവും ഒന്നായിത്തീരുകയാണ്. അവരുടെ ധർമ്മവും ഒന്നായി മാറുകയാണ്. പുരോഹിതന്റെ ധർമ്മം ക്രിസ്തുവിന്റേതാണ്. അവന്റെ അസ്ഥിത്വം തന്നെ ക്രിസ്തുവാണ്. പ്രതീക്ഷകൾ കൊഴിഞ്ഞ മനസ്സുകൾക്കു മുമ്പിൽ, പുരോഹിതൻ മറ്റൊരു ക്രിസ്തുവായി തായ്ത്തണ്ടിനോടു ചേർത്തു വയ്ക്കപ്പെടുന്നു.

വരച്ചു ചേർത്തു വയ്ക്കപ്പെട്ട ഇലയുടെ നിഷ്ക്രിയത്വത്തിൽ ഒതുങ്ങുന്നതല്ല, എന്നാൽ പുരോഹിതന്റെ ജീവിതം. അതിലും അപ്പുറത്ത്, ചേർത്തുവയ്ക്കപ്പെട്ട തണ്ടിലേക്ക് ആഴത്തിൽ വേരിറക്കി, ജീവൻ തുടിക്കുന്നതിനും അനേകർക്കു ജീവൻ നല്കുന്നതിനുമാണ് അവന്റെ ജീവിതം. എന്തെന്നാൽ വാടാതെ, കൊഴിയാതെ, കാറ്റിൽ പറന്നു പോകാതെ പ്രത്യാശയുടെ സ്ഥിരതയുള്ള ഒരു അടയാളമായി അവൻ അവിടെ ശേഷിക്കണം -കാലാകാലങ്ങളോളം...

ഈ ധർമ്മങ്ങൾ പേറിയാണ് അവൻ ക്രിസ്തുവിന്റെ അൾത്താരയിലേക്ക് നടന്നു കയറുന്നത്.

ഒരിലയുടെ ജീവിതവും ധർമ്മവും തുടരുന്നത്...

●◆●

# വൈദികർക്കുവേണ്ടിയുള്ള പ്രാർത്ഥന

നിത്യപുരോഹിതനായ ഈശോയെ, അങ്ങേ ദാസന്മാരും, പ്രതിപുരുഷന്മാരുമായ പുരോഹിതന്മാർക്ക്. യാതൊരു ഉപദ്രവവും നേരിടാതെ, അവരെ അങ്ങേ തിരുഹൃദയ സംരക്ഷണത്തിൽ സദാ പാലിച്ചു കൊള്ളണമേ. അങ്ങേ പരിശുദ്ധാത്മാവിനാൽ അഭിഷിക്തരായ അവരെ, അങ്ങേ ദിവ്യദാനങ്ങളാലും നൽവരങ്ങളാലും സദാ നയിക്കുകയും അനുഗ്രഹിക്കുകും ചെയ്യണമേ. അങ്ങേ തിരുശരീരത്തെ ദിവസംതോറും സ്പർശിക്കുന്ന അവരുടെ അഭിഷിക്ത കരങ്ങൾ, മലിനമാകാതെ കാത്തുകൊള്ളണമേ. അങ്ങേ തിരുരക്തം അനുദിനം പാനം ചെയ്യുന്ന അവരുടെ അധരങ്ങളെ, അശുദ്ധമാക്കാൻ അവരെ അനുവദിക്കരുതേ. അങ്ങേ മഹനീയമായ പൗരോഹിത്യത്താൽ മുദ്രിതമായ അവരുടെ ഹൃദയങ്ങളെ, ലോകമായകളിലും, ജഡികാഗ്രഹങ്ങളിലും നിന്നകറ്റി അങ്ങേ ദിവ്യസ്നേഹമാധുരിയിൽ നിലനിർത്തണമേ. അവരുടെ പ്രയത്നങ്ങളെ ഫലസമൃദ്ധങ്ങളാക്കിയരുളണമേ. ലോകത്തിൽ അവരുടെ സേവനം ലഭിക്കുന്നവരെല്ലാവരും, സ്വർഗ്ഗത്തിൽ അവരുടെ നിത്യ മഹിമാനന്ദമകുടമായി തീരുവാൻ അനുഗ്രഹം ചെയ്യണമേ.

ആമ്മീൻ.



# BETHANY SABDHAM

No. 100 2014 JANUARY



*Editorial Board*

Fr. Martin Premanand OIC

Fr. James Illithara OIC

Fr. Mathew C. Augustin OIC

*Circulation Manager*

Kurian Kavilayil OIC



*Printed at*

Bethany Offset Printers, Kottayam - 686010

Ph: 0481 - 2571355

e-mail: bethanyktm@gmail.com

*Published by*

Bethany Ashram Generalate

Kottayam 686010



BETHANY SABDHAM



*For Private Circulation Only*